**ധനകാര്യം**

## 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിരിക്കുന്ന തുക 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |

| | | | | | | |
|---|---|---|---|---|---|---|
| XXV | പട്ടികജാതി /പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 1023,98,48,000 | 87,19,14,000 | 2047,96,94,000 | 174,38,29,000 | 2222,35,23,000 |

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXV- പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ഭൂരഹിതരായ മുഴുവൻ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് വച്ച് നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു

പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന

XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകുന്ന വിദ്യാഭ്യാസ ധനസഹായങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങൾ അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ്. (ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം  ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (എല്ലാ പട്ടികജാതി കോളനികളിലും അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, പട്ടികജാതി  /പട്ടികവർഗ്ഗ  /മറ്റു  പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലം താഴെത്തട്ടിൽ

ഫലപ്രദമായി ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ പഠനസാമഗ്രികളുടെ അഭാവം ഉൾപ്പെടെയുള്ള കാരണങ്ങളാൽ പഠനം മുടങ്ങിയ പ്രാക്തന ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെ മുഴുവൻ പട്ടിക-ഗോത്രവർഗ്ഗ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുന്നതിന് കർമപദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ്. (കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പ്രൊഫഷണൽ കോഴ്സുകൾപ്പെടെ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് പോസ്റ്റ്മെട്രിക്

ഹോസ്റ്റലുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനുള്ള അവസരം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഭവനനിർമ്മാണ പദ്ധതികൾ ലൈഫ് മിഷൻ മുഖേനയാക്കി മാറ്റിയപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം ലഭിക്കാൻ കാലതാമസം നേരിടുന്നതായും ലൈഫ് മിഷൻ മുഖേന പ്രസ്തുത വിഭാഗങ്ങൾക്ക് നിർമ്മിച്ചു നൽകേണ്ട വീടുകളിൽ 50 ശതമാനം വീടുകൾ പോലും പൂർത്തീകരിക്കാൻ സാധിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക

/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം വീടുകൾ വച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (അട്ടപ്പാടി ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (അട്ടപ്പാടിയിൽ വർദ്ധിച്ച് വരുന്ന ശിശുമരണങ്ങൾ തടയുന്നതിനും ഗർഭിണികളിലടക്കമുള്ള പോഷകാഹാരക്കുറവ് നികത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പട്ടികജാതി /പട്ടികവർഗ്ഗ /മറ്റു പിന്നാക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2222,35,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പട്ടികജാതി/ പട്ടികവർഗ്ഗ / മറ്റുപിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ചർച്ച**

ശ്രീ. പി. ടി. എ. റഹീം: സർ, 2022-2023-ലെ ധനാഭ്യർത്ഥന നമ്പർ XXV- പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് ന്യൂനപക്ഷക്ഷേമ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ആദ്യമായി സൂചിപ്പിക്കാനുള്ളത്, ന്യൂനപക്ഷങ്ങളുടെ പ്രത്യേകിച്ച് മുസ്ലീം സമുദായങ്ങളുടെ

വളരെ പ്രധാനപ്പെട്ട ഒരു ആരാധനാക്രമമാണ് ഹജ്ജ് യാത്ര. ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ആദ്യമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വർഷം വളരെ കുറച്ച് അപേക്ഷകർക്കുമാത്രമാണ് ഹജ്ജ് കമ്മിറ്റി മുഖേന യാത്രയ്ക്കുള്ള അവസരം ലഭിച്ചത്. ഇതുമൂലം പലരും സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളെയാണ് ആശ്രയിക്കേണ്ടിവന്നത്. ഹജ്ജ് കമ്മിറ്റി മുഖേന പോകുന്നവർക്ക് മികച്ച സേവനം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരെയും ഹാജിമാരുടെ എണ്ണത്തിന് ആനുപാതികമായി വോളണ്ടിയർമാരെയും അയയ്ക്കുന്നുണ്ട്. താമസ സ്ഥലത്ത് ഓരോ കെട്ടിടത്തിനും പ്രത്യേകം വോളണ്ടിയർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളെ ആശ്രയിച്ച് പോകുന്ന ഹാജിമാരുടെ കാര്യം ശ്രദ്ധിക്കാൻ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അധികാരമില്ല. ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കണം. ഇവരുടെ താമസസൗകര്യം, ഭക്ഷണം എന്നിവയെ സംബന്ധിച്ചോ അവരുടെ വൈദ്യ സഹായവുമായി ബന്ധപ്പെട്ടും വലിയ പരാതികൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ഇതുമായി ബന്ധപ്പെട്ട് എന്ത് ചെയ്യാൻ സാധിക്കുമെന്ന്

പരിശോധിക്കേണ്ടത് അടിയന്തര ആവശ്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്രാവശ്യം തമിഴ്നാട്, പോണ്ടിച്ചേരി, ലക്ഷദ്വീപ്, തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള ഹാജിമാരും കൊച്ചിവഴിയാണ് ഹജ്ജിന് പോയിട്ടുള്ളത്. കേരളത്തിൽ, കോഴിക്കോട് ആസ്ഥാനമായി ഹജ്ജ് ഹൗസുണ്ടെങ്കിലും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് ജില്ലയിൽ ഇല്ലാത്തതുകൊണ്ട് എല്ലാവരും ഈ പ്രാവശ്യം കൊച്ചിവഴി ഹജ്ജിനുപോകേണ്ടിവന്നു. സിയാൽ എയർപോർട്ടിൽ കാര്യമായ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നമുക്ക് വേണ്ടത്ര അറ്റൻഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് കോഴിക്കോട് എംബാർക്കേഷൻ പോയിന്റ് പുന:സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സത്വരമായ പരിശ്രമമുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ, വഖഫ് ബോർഡിനെ സംബന്ധിച്ച് അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്ഥിരമായ ജീവനക്കാരില്ലാത്തതുകൊണ്ടും പലയിടങ്ങളിലായി, സ്ഥല സൗകര്യമില്ലാത്ത ഓഫീസുകൾ പ്രവർത്തിക്കേണ്ടിവരുന്നതും വലിയ വിഷയമാണ്. ഒരുപാട് സബ്

ഓഫീസുകൾ പല സ്ഥലങ്ങളിലായി തുറന്നിട്ടുണ്ടെന്നല്ലാതെ എറണാകുളത്ത് മാത്രമാണ് സ്വന്തം നിലയിൽ ഓഫീസുള്ളത്. മറ്റെല്ലായിടങ്ങളിലും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കോഴിക്കോട് പ്രവർത്തിക്കുന്ന ഓഫീസിൽ അഭിഭാഷകർക്കും കക്ഷികൾക്കും നിന്നുതിരിയാൻപോലും സ്ഥലമില്ലാത്ത അവസ്ഥയിലാണ്. ഇപ്പോൾ അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാർ സത്വരമായ ശ്രമങ്ങൾ ആരംഭിക്കുകയും അതിൽ കുറയേറെ വിജയിക്കുകയും ചെയ്ത സാഹചര്യത്തിൽ, വഖഫ് ബോർഡുകളിലെ കേസ്സുകളുടെ എണ്ണം കൂടിവരികയാണ്. അതുകൊണ്ടുതന്നെ കക്ഷികളുടെ എണ്ണവും അഭിഭാഷകരുടെ എണ്ണവും കൂടിവരികയാണ്. ഇവർക്കെല്ലാം നിന്നുതിരിയാൻ സ്ഥലമില്ലാത്ത സാഹചര്യമാണിപ്പോഴുള്ളത്. കോഴിക്കോട് വഖഫ് ബോർഡിന്റെ അധീനതയിൽതന്നെ, 9.90 ആർ. ഭൂമി 2010 മുതൽ കൈവശമുണ്ട്, കെട്ടിട നിർമ്മാണത്തിന് അനുമതിയുമുണ്ട്. പക്ഷെ പത്തുപന്ത്രണ്ടുവർഷമായിട്ടും അതുസംബന്ധിച്ച തുടർനടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് ദു:ഖകരമായ വസ്തുത. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ച് പറയുമ്പോൾ, വളരെ

നല്ല പെർഫോമൻസാണ് ഈ വർഷം നടത്തിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് മുഖാന്തരം 2021-2022 സാമ്പത്തികവർഷത്തിൽ 4020 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം വകുപ്പ് നേരിട്ടല്ലാതെ, ലൈഫ് മിഷൻ വഴിയാണ് നടത്തുന്നതെങ്കിലും 2021-2022-ലെ 278 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിനായി 300 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 518 വീടുകളും മൂന്നാം ഘട്ടത്തിൽ 271 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 626 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഒരുപാട് പദ്ധതികൾ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി സർക്കാർ നടപ്പാക്കിവരുന്നുണ്ട്. പക്ഷെ, എന്നിട്ടും വേണ്ടത്ര പുരോഗതി എസ്.എസി./എസ്.ടി. വിഭാഗങ്ങളുടെ സാമ്പത്തിക മേഖലയിൽ കാണാൻ കഴിയുന്നില്ല. ഈ അടുത്ത കാലത്ത് ഒരു പഠനം വായിച്ചപ്പോൾ, നമ്മുടെ

സംസ്ഥാനത്തുനിന്നും, രാജ്യത്തുനിന്നും വിദേശങ്ങളിലേയ്ക്ക് മൈഗ്രേറ്റ് ചെയ്ത് ജോലിയെടുക്കുന്നവരിൽ ഏറ്റവും കുറവ് ആളുകളുള്ളത് എസ്.സി./എസ്.ടി. വിഭാഗങ്ങളിൽനിന്നുമാണ്. എന്നിട്ട് ആ പഠനം പറയുന്നത്, മൈഗ്രേറ്റ് ചെയ്യാത്ത ഒരു ജനവിഭാഗത്തിനും ഇന്ത്യയിൽ സമൃദ്ധമായിട്ടുള്ള സാമ്പത്തികപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. എസ്.സി./എസ്.ടി. വിഭാഗത്തെ അഭിവൃദ്ധിപ്പെടുത്തി കൊണ്ടുവരുന്നതിനുള്ള ഒരേയൊരു മാർഗ്ഗം, സർക്കാർ അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകമാത്രമല്ല, അവരിലെ പുതുതലമുറയെ മൈഗ്രേറ്റ് ചെയ്യാൻ പ്രേരിപ്പിക്കണം. അവർ ഗൾഫ്, യൂറോപ്പ്, അമേരിക്കൻ രാജ്യങ്ങളിൽ പോയി അദ്ധ്വാനിച്ച്, പണമയച്ച്, ധനസ്ഥിതി മെച്ചപ്പെടുത്തുകയെന്നതല്ലാതെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പുരോഗതിക്ക് മറ്റ് വഴികളില്ലായെന്നാണ് ആ പഠനത്തിൽ വളരെ വ്യക്തമായി പറയുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ അവർക്കുവേണ്ടി പ്രത്യേക സംവിധാനമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, തീർച്ചയായും. ചരിത്രം പരിശോധിച്ചാൽ

അങ്ങ് പറയുന്നത് വളരെ ശരിയാണ്. കാരണം, ഗൾഫിലും മറ്റും പോയി അവിടെനിന്ന് സമ്പാദിക്കുന്ന സമ്പത്താണ് ഇവിടെ നമുക്ക് യഥാർത്ഥത്തിൽ സഹായകമായി നിൽക്കുന്നത്. ഇക്കാര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ വളരെ പിന്നിലാണ്. അവരെ ഈ കാര്യത്തിൽ മുന്നോട്ട് കൊണ്ടുവരുന്നതിനുള്ള സത്വരമായ ശ്രദ്ധ ഉണ്ടാകേണ്ടത് തന്നെയാണ് എന്നാണ് പൊതുവികാരം.

ഞാൻ നേരത്തെ പറഞ്ഞതുപോലെ, പട്ടികജാതി, പട്ടികവർഗ്ഗത്തിന്റെ കാര്യത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എങ്കിൽപ്പോലും അംബേദ്കർ ഗ്രാമപദ്ധതി വേണ്ടത്ര ശുഷ്കാന്തിയോടുകൂടി നടപ്പാക്കാൻ സാധിക്കുന്നില്ല. അത് സർക്കാരിന്റെയോ ബഹുമാനപ്പെട്ട മന്ത്രിയുടെയോ കുഴപ്പമല്ല. അവ നിർമ്മിതിപോലെയുള്ള കുറേ ഏജൻസികളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇവർക്കൊന്നും ആവശ്യമായ ജീവനക്കാരോ എഞ്ചിനീയർമാരോ ഇല്ല. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ 5 വർഷംകൊണ്ട് 10 കോളനികൾക്ക് ഓരോ കോടി രൂപ കിട്ടിയിട്ടുണ്ട്. പക്ഷേ അതൊന്നും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്നതാണ് പ്രയാസകരമായ വസ്തുത. ഈ

ഏജൻസികളെ ഏൽപ്പിക്കേണ്ട എന്നല്ല ഞാൻ പറയുന്നത്. അവർക്ക് ആദ്യം 25% പണം നൽകുന്നുണ്ട്. അവരത് മറ്റ് ഏജൻസികൾക്ക് നൽകുകയാണ്. അവർ വീണ്ടും അത് സബ്കോൺട്രാക്റ്റ് നൽകുകയാണ്. ആ സ്ഥിതിയിൽ ഇതൊന്നും വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽ നമുക്ക് പൂർത്തിയാക്കാൻ സാധിക്കുന്നില്ല. അതിനാൽ ഗവൺമെന്റ് അതിന്റെ നയപരമായ തീരുമാനങ്ങൾ മാറ്റണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, മറ്റ് പിന്നോക്ക ജാതിയിൽപ്പെട്ടവരുടെ പ്രശ്നങ്ങളിൽ ഇപ്പോൾ ഏറ്റവുംകൂടുതൽ പ്രശ്നം ഉയർന്നുവരുന്നത് അവരുടെ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. പാലക്കാട് ജില്ലയിലുൾപ്പെടെ പലയിടങ്ങളിലും വടുക, വടുകർ, വടുകാസ് എന്ന വിഭാഗമുണ്ട്. ഒരേ ജാതിയിൽപ്പെട്ടവരാണ്. പക്ഷേ വള്ളിയുടെ പേരിലും പുള്ളിയുടെ പേരിലും ദീർഘത്തിന്റെ പേരിലുമാണ് പ്രശ്നം വരുന്നത്. അതുപോലെ എഴുത്തച്ഛൻ, എഴുത്തശ്ശൻ, കടുപൊട്ടൻ, ഇത് മൂന്നും ഒരേ വിഭാഗമാണ്. ഈഴവ, ഈഴവൻ, ഈഴവർ. എന്നിങ്ങനെ ഒരു ദീർഘത്തിന്റെയും വള്ളിയുടെയും പുള്ളിയുടെയും ഒറ്റവള്ളിയുടെയുമൊക്കെ പേരിൽ പാവപ്പെട്ട കുട്ടികൾ വിദ്യാഭ്യാസ കാര്യത്തിനുവേണ്ടിയും സ്കൂൾ

സർട്ടിഫിക്കറ്റിന് പോകുമ്പോഴുമൊക്കെ വലിയ പ്രയാസമാണ് നേരിടുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ ആവശ്യമായ ഗവൺമെന്റിന്റെ നല്ല ഇടപെടൽ ഉണ്ടാകണമെന്നുകൂടിയാണ് അഭിപ്രായം.

ശ്രീ. പി. ടി. എ. റഹീം: സർ, തീർച്ചയായും. ഒരേ വിഭാഗത്തിൽപ്പെട്ട ആളുകൾതന്നെ പലയിടങ്ങളിലും പല പേരുകളിൽ അറിയപ്പെടുന്നതുകൊണ്ട് അവർക്ക് ജാതി സർട്ടിഫിക്കറ്റ് കിട്ടാൻ വളരെയധികം പ്രയാസങ്ങളുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ ശ്രദ്ധിക്കും എന്നുതന്നെയാണ് കരുതുന്നത്. ഇതുസംബന്ധിച്ച് ഞാൻതന്നെ പലപ്പോഴും നിവേദനം നൽകിയിട്ടുണ്ട്.

ന്യൂനപക്ഷങ്ങളെ കുറിച്ച് പറയുമ്പോൾ, വർഗ്ഗീയ സംഘർഷങ്ങൾ ക്ഷണിച്ചുവരുത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഈ കാലത്ത് നടന്നുവരികയാണ്. അടുത്ത കാലത്ത് ലഖ്നൗവിലെ ലുലുമാളിൽ ഒരു സംഭവമുണ്ടായി. ചിലർ അവിടെ പെട്ടെന്ന് കയറി 8 സെക്കന്റുകൊണ്ട് നിസ്കരിച്ചിട്ട് തിരിച്ചുപോയി. അത് വീഡിയോ എടുത്ത് പ്രചരിപ്പിച്ചു. അപ്പോൾത്തന്നെ അവിടെ അതിനെതിരെയുള്ള പ്രതിഷേധ പ്രകടനം നടത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അതുസംബന്ധിച്ച്

പിടിയിലായ പ്രതികളൊക്കെ ആർ.എസ്.എസ്., ബി.ജെ.പി.-ക്കാരാണ്. പ്രവാചക നിന്ദയുമായി ബന്ധപ്പെട്ട് അതിന്റെ പ്രതികരണം നടത്തി ഒരാളെ കൊന്ന കേസിലും അവസാനം പിടിയിലായത് ബി.ജെ.പി.-ക്കാരൻ തന്നെയാണ്. നമുക്ക് മാറാട്, തലശ്ശേരി കലാപങ്ങളുടെ അനുഭവമുണ്ട്. ഇതൊക്കെ പറയുമ്പോൾ ഒരുകാര്യം വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞൊരു കാര്യമാണത്. സി.പി.ഐ.(എം.) ഇല്ലാത്ത കേരളം വിനാശകരമാകുമെന്നാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് ശ്രീ. പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞത്. ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ച് സി.പി.ഐ.(എം.)-ന്റെ ശക്തമായ സാന്നിദ്ധ്യം ഉള്ളതിനാലും ശക്തമായ ന്യൂനപക്ഷ സമുദായങ്ങൾ ഉള്ളതിനാലുമാണ് കാവിയെ ചെറുക്കുന്നതിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നതെന്ന് ഇംഗ്ലീഷ് ദിനപത്രമായ ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സിന് അനുവദിച്ച അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ഫാസിസത്തെ ചെറുക്കാനും ബി.ജെ.പി. ഒഴികെയുള്ള കക്ഷികൾ ഇവിടെ ഉണ്ടാകണമെന്നാണ് നിലപാടെന്നും അദ്ദേഹം പറഞ്ഞു.

സി.പി.ഐ.(എം.)-നെ ഇല്ലാതാക്കാൻ ബി.ജെ.പി.-ക്ക് ഒപ്പംചേർന്ന് കോൺഗ്രസ്സ് പ്രവർത്തിക്കുന്ന വേളയിലാണ് ശ്രീ. പാണക്കാട് സാദിഖലി ശിഹാബ് തങ്ങളുടെ, യു.ഡി.എഫ്.-ലെ പ്രധാന ഘടകകക്ഷികൂടിയായ മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റിന്റെ ഈ വാക്കുകൾ എന്നുകൂടി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ റിപ്പോർട്ട് ഞാനിവിടെ വായിക്കാനുണ്ടായ കാരണം, തലശ്ശേരി കലാപം നമ്മുടെ മുന്നിലുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞു. അതുസംഭവിച്ചത് ആര് ഭരിക്കുമ്പോഴാണെന്നും നമുക്കറിയാം. അന്നവിടെ പള്ളി കാവലിന് വന്ന കുഞ്ഞിരാമൻ കൊല്ലപ്പെട്ടു. അദ്ദേഹം കൊല്ലപ്പെട്ടു എന്നുപറയുമ്പോൾ അപ്പുറത്തുനിന്ന് ചില ആളുകൾ പറയുന്നു, അദ്ദേഹം വേറെ സംഭവത്തിലാണ് കൊല്ലപ്പെട്ടതെന്ന്. അങ്ങനെയല്ല നമ്മൾ പറയേണ്ടത്. നമ്മൾ ഒന്നായി നിൽക്കുന്നു എന്നുപറയാൻ സാധിക്കണം. മാറാടിന്റെ അനുഭവം നമുക്കറിയാം. അന്ന് ആരായിരുന്നു ഭരണത്തിൽ ഉണ്ടായിരുന്നത്; ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ കൂടെ സ്ഥലം സന്ദർശിക്കാൻപോയ ശ്രീ. നാലകത്ത് സൂപ്പി കൊല്ലത്ത് ഭാര്യവീട്ടിൽ ഇറങ്ങി. ബഹുമാനപ്പെട്ട എം. കെ. മുനീർ സ്വന്തം വീട്ടിൽനിന്ന് ഗസ്റ്റ് ഹൗസിലേയ്ക്ക് മാറി. അതേസമയം ബഹുമാനപ്പെട്ട നമ്മുടെ ഇപ്പോഴത്തെ

മുഖ്യമന്ത്രി അന്ന് ചെയ്തത്, ശ്രീ. ഇളമരം കരീം ഒരുഭാഗത്തും ശ്രീ. വി. കെ. സി. മമ്മദ്കോയ മറുഭാഗത്തും നിർത്തിക്കൊണ്ട് ധൈര്യത്തോടെ അവിടെ ചെന്നു എന്നുള്ളതാണ്. ഇപ്പോഴും ഞാൻ ഓർക്കുന്നുണ്ട്, ഇ. കെ. നായനാർ കോഴിക്കോട് ടൗൺ ഹാളിൽ ഒരു യോഗം ചേർന്നുകൊണ്ട് പറഞ്ഞു, അവിടെനിന്ന് നിഷ്കാസിതരായ, ആരാന്റെ തിണ്ണകളിൽ ഒരു വർഷങ്ങളോളം താമസിക്കാൻ വിധിക്കപ്പെട്ടവരെ തിരിച്ച് പോകാൻ സമ്മതിച്ചില്ലെങ്കിൽ അവരുടെ മുമ്പിൽനിന്ന് ഞാൻ മാറാട്ടേയ്ക്ക് യാത്ര ചെയ്യുമെന്ന് പറഞ്ഞ ഇ. കെ. നായനാർ. അതൊക്കെത്തന്നെയാണ് ബഹുമാനപ്പെട്ട തങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് എന്നുമാത്രം ഒരിക്കൽകൂടി അടിവരയിട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിന്റെ സാമൂഹിക നവോത്ഥാന നായകൻമാരിൽ പ്രമുഖനും ജാതി, വർണ്ണ വിവേചനങ്ങൾക്കെതിരായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ കാവാരികുളം കണ്ടൻ കുമാരൻ. അദ്ദേഹം ബ്രഹ്മ പ്രത്യക്ഷ സാധുജന സഭ (1911) എന്ന സാംബവ സമുദായ സംഘടനയുടെ

സ്ഥാപകനായിരുന്നു. 1915 മുതൽ ഏതാണ്ട് 14 വർഷക്കാലം ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം അംഗമായി. മഹാത്മാ അയ്യങ്കാളി കഴിഞ്ഞാൽ ഏറ്റവുംകൂടുതൽ കാലം ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന വിഭാഗത്തിൽപ്പെട്ട ആളാണ് കാവാരികുളം കണ്ടൻ കുമാരൻ. സാംബവ സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം ഒരുപാട് ഇടപെടലുകൾ ശ്രീമൂലം പ്രജാസഭയിൽ നടത്തിയതിന്റെ രേഖകൾ പരിശോധിക്കാനിടയായി. 07.03.1928-ൽ ശ്രീമൂലം പ്രജാസഭയിൽ ഒരു സബ്മിഷനായി മിഡ് ഡേ മീൽസ് സ്കീം അന്ന് നിലവിലുള്ള സ്കൂളുകളിൽ അനുവദിക്കണമെന്ന് അദ്ദേഹം ഉന്നയിച്ച സബ്മിഷന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. (പ്രസ്തുത രേഖ ഉയർത്തിക്കാണിച്ചു.) അതുകൂടാതെ, അന്ന് ഈ വിഭാഗത്തിൽ സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി നിരന്തരമായ പരിശ്രമങ്ങൾ നടത്തി. ചത്താൽ കുഴിച്ചുമൂടാൻ അനുമതി നേടാതെ സ്വന്തമായി ഭൂമിയും കൃഷി ചെയ്യാനും അന്തിയുറങ്ങാനും സ്വന്തമായ മണ്ണിനുംവേണ്ടി ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം നിരന്തരമായി നടത്തിയ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വക പുറമ്പോക്ക് ഭൂമിയും പുതുവൽ ഭൂമിയും ദാനപ്പതിവ് എന്ന

നിലയിൽ സംബവ സമുദായത്തിന് അനുവദിച്ചുകൊടുത്തതിന്റെ, ദിവാന്റെ മറുപടി അടക്കമുള്ള രേഖകൾ പരിശോധിക്കുമ്പോൾ അഭിമാനകരമായ ചരിത്രമായി നമുക്കതിനെ കാണാൻ കഴിയും. അദ്ദേഹം ഏതാണ്ട് 52....

"There were 52 schools managed by the Sambava Community in the Taluks of Kunnathur, Chengannur, Thiruvalla, Changanassery, Peerumedu, Mavelikkara, Karunagapally, and Ambalapuzha. Of the teachers in those schools 46 were Parayas, 3 Ezhavas, 2 Nairs and 1 Christian. The Member prayed that suitable grants might be sanctioned in aid of those institutions and the teachers also confirmed." എയ്ഡഡ് എന്നൊരു ആശയം ശ്രീമൂലം പ്രജാസഭയിൽ കൊണ്ടുവരികയാണ്. എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ദിവാൻ ഈ 52 സ്കൂളുകൾക്കും സർക്കാർ എയ്ഡ് കൊടുക്കുകയും ചെയ്തു. ഏകാദ്ധ്യാപക വിദ്യാലയങ്ങളായിരുന്നു അവ. അദ്ദേഹം സ്ഥാപിച്ച ഈ ഏകാദ്ധ്യാപക വിദ്യാലയങ്ങൾക്ക് അങ്ങനെ ഗ്രാന്റ് വാങ്ങിക്കൊടുത്തു. ആ അഭിമാനകരമായ ചരിത്രത്തെ ഞാൻ ഓർക്കുന്നു.

ഇപ്പോഴുള്ള കാര്യമെന്താണ്; ഈ ഗവൺമെന്റ് 243 ബദൽ സ്കൂളുകൾ

പൂട്ടി. ഞാൻ ഒരു വാർത്ത വായിക്കാം. " കാടിന്റെ അക്ഷരവിളക്ക് അണഞ്ഞു. കരുളായി ഉൾവനത്തിലെ പുലിമുണ്ട ചേമ്പുംകൊല്ലിയിൽ സ്ഥിതി ചെയ്തിരുന്ന മുണ്ടക്കടവ് ബദൽ സ്കൂളിന് താഴ് വീണപ്പോൾ അണഞ്ഞത് കാടിന്റെ അക്ഷര ദീപം." പ്രാക്തന ഗോത്രവർഗ്ഗക്കാരായ കാട്ടുനായ്ക്കർ കുട്ടികൾ അധിവസിക്കുന്നത് അവിടെയാണ്. ശ്രീ. ടി. ടി. ഷൺമുഖനെന്ന ഏകാദ്ധ്യാപകൻ അവർക്കിടയിലേയ്ക്കെത്തി. വനവാസികളെ താൽക്കാലിക ഷെഡ്ഡിൽ തുടങ്ങിയ സ്കൂളിലേയ്ക്ക് ആകർഷിച്ചു. അദ്ദേഹം അവിടെ താമസിച്ച് കഥകൾ പറഞ്ഞ്, കവിതചൊല്ലി, ഭക്ഷണം നൽകി പതുക്കെപതുക്കെ വീടുകളിലെത്തി അവരെ സ്കൂളിലെത്തിച്ചു. ഉൾവനങ്ങളിലെ ഇത്തരം ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഇല്ലാതെയാകുമ്പോൾ.... അങ്ങേയ്ക്കും എനിക്കും അറിയാം, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പുതിയ ചില തീരുമാനങ്ങൾ ഇത്തരം സ്കൂളുകൾക്ക് തടസ്സമായി വരുന്നുണ്ട്. പക്ഷേ, അവിടെയാണ് നമ്മുടെ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ടത്. ഈ പ്രത്യേക സാമൂഹിക സാഹചര്യത്തിൽ പ്രസ്തുത വിദ്യാലയങ്ങളുടെ പ്രാധാന്യത്തെ ഉൾക്കൊണ്ടുകൊണ്ട് 27 എണ്ണമാണ് നിലനിർത്തിയത്, ഇപ്പോൾ അടച്ചുപൂട്ടിയതടക്കമുള്ള സ്കൂളുകളെ സംരക്ഷിക്കാനുള്ള

നടപടിയുണ്ടാകണം. ഈ കുഞ്ഞുങ്ങൾക്കിനി എന്താണൊരു ബദൽ. കരുളായിയിൽ പുത്തനുടുപ്പും പുസ്തക സഞ്ചിയുമൊക്കെയായി അനിയത്തി മോനിഷയുടെ കുഞ്ഞിക്കൈ പിടിച്ച് പ്രവേശനോത്സവത്തിന് പോകേണ്ടവളായിരുന്നു ഭിന്നശേഷിക്കാരിയായിരുന്ന മോഹിനി. ഭിന്നശേഷിക്കാരിയായ, ഉൾവനത്തിൽ താമസിക്കുന്ന ഈ കുട്ടിക്ക് ഈ ഏകാദ്ധ്യാപക വിദ്യാലയമില്ലെങ്കിൽ പഠനം അസാധ്യമാകും. അതുമാത്രമല്ല, ഇങ്ങനെ പൂട്ടിയ സ്കൂളുകളിലെ ടീച്ചർമാരെ സ്വീപ്പർമാരായി നിയമിച്ചിരിക്കുകയാണ്. ഇത് കഷ്ടമാണ്. ഇരുപത്തിനാലോളം വർഷം അദ്ധ്യാപികയായി ജോലിചെയ്യുകയും മികച്ച അദ്ധ്യാപികയ്ക്കുള്ള അവാർഡ് നേടുകയും ചെയ്ത ശ്രീമതി ഉഷാകുമാരി ടീച്ചർ അമ്പൂരിയിൽ ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ നാട്ടിലാണ്. എന്നാൽ അവരെയിപ്പോൾ സ്വീപ്പർകാരിയായിട്ടാണ് നാട്ടിൽ നിയമിച്ചിരിക്കുന്നത്. അവർ പഠിപ്പിച്ച കുട്ടികൾ പഠിപ്പിക്കുന്ന സ്കൂളിൽ ഇപ്പോൾ ഈ അദ്ധ്യാപിക സ്വീപ്പർകാരിയായി പ്രവർത്തിക്കുന്ന അവസ്ഥ സങ്കടകരവും കഷ്ടവുമാണ്. വിദ്യാ വോളന്റിയർമാരായിരുന്ന അവരെ ആ പേരിൽ തന്നെ സർക്കാരിന് അക്കൊമഡേറ്റ് ചെയ്യാൻ കഴിയുമായിരുന്നു. അതുകൊണ്ട് അദ്ധ്യാപകരായി

ജോലി ചെയ്തവരെ ഉപ്പുകാരായി നിയമിച്ച നടപടിയിൽ മാറ്റമുണ്ടാകണം.

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതും അങ്ങേയ്ക്ക് താല്പര്യവുമുള്ള വിഷയമാണ്; കാവാരിക്കുളം കണ്ടൻ കുമാരന്റെ കാലം മുതൽ നമ്മൾ ഈ ഭൂമിക്കുവേണ്ടിയുള്ള പോരാട്ടം തുടങ്ങിയതാണ്. പണ്ടൊക്കെ 15 സെന്റായിരുന്ന കോളനി പിന്നീട് 10 സെന്റും അതിനുശേഷം 5 സെന്റും 3 സെന്റുമായി. എന്നാലിപ്പോൾ ഭൂമിയില്ലാതെ ലൈഫ് മിഷന്റെ 420 സ്ക്വയർ ഫീറ്റിന്റെ വീടുമാത്രം കൊടുക്കുന്നതോടുകൂടി ഭൂമിയുടെ പ്രശ്നമേ ഇല്ലാതാകുകയാണ്.

നമ്മുടെ യു.എൻ. ഹാബിറ്റാറ്റിന്റെ കണക്കുപ്രകാരം 4 പേരുടെ കുടുംബത്തിന് 700 സ്ക്വയർ ഫീറ്റ് വേണം. ഈ ലൈഫ് മിഷന്റെ 400 സ്ക്വയർ ഫീറ്റിലേയ്ക്ക്....... ഒരു മിനിട്ടുകൂടി, ഞാൻ ഈ വിഷയം മാത്രമേ പറയുന്നുള്ളൂ.

മി. ചെയർമാൻ: രണ്ട് മിനിട്ട് കൂടിയെടുത്തോ...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതുകൊണ്ട് ഇവർക്ക് അന്തസ്സായി കൃഷിചെയ്ത് ജീവിക്കാനുള്ള ഭൂമിയും വീടും നൽകുന്ന ഒരു

പദ്ധതിയുണ്ടാകണം. ഈ ലൈഫ് മിഷന്റെ ഒരു പ്രശ്നം... അങ്ങയുടെ വകുപ്പ് ഭൂമി കൊടുക്കും; അങ്ങത് ശ്രദ്ധിക്കണം.

റവന്യൂ വകുപ്പ് ഭൂമി കൊടുക്കുന്നവരുടെ പേര് പഞ്ചായത്തിലെ ലൈഫ് മിഷന്റെ ലിസ്റ്റിലോ പട്ടികജാതി വകുപ്പ് ഭൂമി കൊടുക്കുന്നവരുടെ പേര് പഞ്ചായത്തിലെ ലൈഫ് മിഷന്റെ ലിസ്റ്റിലോ ഇല്ലാത്തതുകൊണ്ട് ദയവുചെയ്ത് ലൈഫ് മിഷനകത്തുനിന്നും പട്ടികജാതി ഭവനനിർമ്മാണത്തെ പുറത്തുകൊണ്ടുവരണം. ഒരുപാട് നിയന്ത്രണങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട വീട് ലഭിക്കുന്നതിന് തടസ്സമായി മാറുകയാണ്. കേരളത്തിനുപുറത്ത് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്കോളർഷിപ്പ് 2020 വരെയുണ്ടായിരുന്നത് നിർത്തലാക്കിയതുകാരണം സ്വാശ്രയകോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് ആ സ്കോളർഷിപ്പില്ല. പല കാര്യങ്ങളിലും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ജനവിരുദ്ധവും വിദ്യാർത്ഥിവിരുദ്ധവുമായ സമീപനങ്ങളിലൊന്നാണിത്. പക്ഷേ സംസ്ഥാന സർക്കാർ ഈ കാര്യത്തിലിടപെട്ട് ആ കുട്ടികൾക്ക് സ്കോളർഷിപ്പ്

കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പാവപ്പെട്ടവർക്ക് കൊടുക്കാൻ ഇവിടെ ഭൂമിയില്ല; ഇവിടെ എന്റെ കയ്യിൽ രാജമാണിക്യം കമ്മീഷൻ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുന്നുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ശ്രീമതി സുശീല ഭട്ടിനെ നിയോഗിച്ചത് അദ്ദേഹമായിരുന്നു. എന്നാൽ നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ റിപ്പോർട്ട് കിട്ടി. " A good proportion of the land which are lying idle with Companies should be reserved for the assignment to the landless, homeless" എന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അഞ്ചേകാൽലക്ഷം ഏക്കർ ഭൂമി പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷവും ഈ കമ്പനികളുടെ കയ്യിലിരിക്കുകയാണ്. അത് വാങ്ങി ഈ നാട്ടിലെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭൂരഹിതർക്കും വീടില്ലാത്തവർക്കും കൊടുക്കാനുള്ള ധീരമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, നവോത്ഥാന പ്രസ്ഥാനമെന്നത് മണ്ണിന്റെ മക്കളുടെ സാമൂഹിക ജീവിതത്തിലേയ്ക്കുള്ള പടപ്പുറപ്പാടായിരുന്നു. ജന്മിത്വത്തിന്റെ അടിവേരറുത്തും സവർണ്ണ ജാതിമേൽക്കോയ്മയുടെ നട്ടെല്ലൊടിച്ചും മലയപ്പുലയന്റെ മാടത്തിനുമുന്നിലെ വാഴക്കൊല വെട്ടിക്കൊണ്ടുപോയ ഗർവ്വിന്റെ വാഴ്ചക്കോയ്മ തകർത്തുകൊണ്ട് സാമൂഹ്യനീതി എന്ന സാമൂഹ്യപ്രശ്നമുന്നയിച്ചുകൊണ്ട് പുരോഗമന ആശയഗതിക്കാർ നടത്തിയ ധാർമ്മിക സമരമുന്നേറ്റമാണ് കേരളത്തിന്റെ നവോത്ഥാനം. എന്നാൽ ഈ പ്രശ്നം അടിത്തട്ടിലെ പിന്നാക്ക ജാതിക്കാരുടെ മുന്നേറ്റം മാത്രമല്ല; സാംസ്കാരിക സാമ്പത്തിക അധഃപതനത്തിൽ നിപതിച്ചുപോയ സർവ്വ ജനവിഭാഗത്തിന്റെയും സാംസ്കാരിക ഉണർവ്വുമായിരുന്നു. മാറുമറയ്ക്കൽ പ്രക്ഷോഭം, കല്ലുമാല പൊട്ടിക്കൽ, അയിത്തം, തീണ്ടൽ, വിദ്യാഭ്യാസ പ്രശ്നം തുടങ്ങിയ അടിത്തട്ടിലെ കാര്യങ്ങൾക്കും സ്ത്രീ വിദ്യാഭ്യാസം, വിധവാ വിവാഹം എന്നുതുടങ്ങിയ ഒട്ടേറെപ്രശ്നങ്ങളും നമുക്കതിൽ കാണിക്കാൻ കഴിയും. പണ്ഡിറ്റ് കറുപ്പൻ, അയ്യങ്കാളി, ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, ചട്ടമ്പിസ്വാമി, കെ. കേളപ്പൻ, എം. ആർ. ഭട്ടതിരിപ്പാട്, വി. ടി.

ഭട്ടതിരിപ്പാട്, പൊയ്കയിൽ അപ്പച്ചൻ, സഹോദരൻ അയ്യപ്പൻ എന്നിവരെയും കെ.പി.എ.സി.-യുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തെയുമെല്ലാം ഇതിന്റെ തുടർച്ചയെന്ന നിലയ്ക്ക് നമുക്ക് കാണാൻ കഴിയും. ഇവരെ എടുത്തുമാറ്റിക്കൊണ്ട് കേരളത്തിന്റെ നവോത്ഥാനം പറയാൻ നമുക്ക് കഴിയുകയില്ല.

മഹാകവി ചങ്ങമ്പുഴയുടെ വിഷയം ഞാനതിൽ സൂചിപ്പിക്കുകയുണ്ടായി. മലയപ്പുലയൻ തന്റെ മാടത്തിന്റെ മുറ്റത്ത് മഴ വന്ന നാളിൽ ഒരു വാഴ നട്ട കഥ. അത് ജന്മിയെടുത്തുകൊണ്ടുപോയി. വാഴക്കുല അറുത്ത് ജന്മിയുടെ വീട്ടിലെത്തിയപ്പോൾ മരിച്ച വീട്ടിലെ അനുഭവമായിരുന്നു അന്ന് ആ പുലയന്റെ വീട്ടിലുണ്ടായിരുന്നത്. അത്തരമൊരു സാഹചര്യത്തിൽ നിന്നാണ് ഇന്ന് കേരളത്തിലെ ഗവൺമെന്റ് ഈ വിഭാഗത്തിനുവേണ്ടിയുള്ള ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നാണ് ഞാൻ സൂചിപ്പിച്ചത്. പക്ഷേ അങ്ങനെ വളർന്നുവന്ന വാഴക്കുല നശിപ്പിച്ചപ്പോൾ കവി ഈ സമൂഹത്തിനോടായി ചോദിക്കുന്നുണ്ട്; "പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും പറയുവാനില്ലേ?" അതോടൊപ്പംതന്നെ അദ്ദേഹം അവസാനിപ്പിച്ചത്

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ നിങ്ങൾ തൻ പിന്മുറക്കാർ?"

ഇതടിസ്ഥാന ജനവിഭാഗങ്ങളെക്കുറിച്ചാണ് പറഞ്ഞത്. അതിൽ നമുക്ക് ബഹുമാനിക്കേണ്ടവരും ആദരിക്കേണ്ടവരുമുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി പഴശ്ശിരാജയോടൊപ്പം സിക്ക് റെജിമെന്റ് എന്നൊക്കെ പറയുന്നതുപോലെ ഇവിടെ എടച്ചേന കുങ്കന്റെയും തലയ്ക്കൽ ചന്തുവിന്റെയും നീലിയുടെയും പട്ടാളമുണ്ടായിരുന്നു. എല്ലാവരും ആദിവാസികളാണെന്ന് ഞാൻ പറയുന്നില്ല. കുങ്കൻ ആദിവാസിയായിരുന്നില്ല. പക്ഷേ അങ്ങനെയൊരു ആദിവാസി റെജിമെന്റ് ബ്രിട്ടീഷുകാർക്കെതിരെയുണ്ടായിരുന്നു. കവി ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതികാരം ചെയ്യാനെത്തിയത് കേരളത്തിൽ നടന്ന കർഷക സമരത്തിന്റെ തുടർച്ചയെന്ന നിലയിൽ അതിന്റെയെല്ലാം ബാക്കിപത്രമെന്ന നിലയ്ക്ക് 1957-ലെ ഗവൺമെന്റാണ്. അന്ന് ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നു. 1970 ജനുവരി ഒന്നോടുകൂടി ഭൂമി കിട്ടാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ജന്മിത്വത്തിന്റെ നാടുവാഴിത്തത്തിന്റെ എല്ലാ ശക്തികളെയും അറുത്തുമാറ്റാൻ കഴിഞ്ഞുവെന്നുള്ളതാണ് അതിൽ നമുക്ക് കാണാൻ കഴിയുന്നത്.

ഭൂപരിഷ്കരണ നിയമത്തെത്തുടർന്നാണ് ഇത്തരമൊരു വലിയമാറ്റം നമ്മുടെ നാട്ടിലുണ്ടായതെന്ന് നാം ഓർക്കേണ്ടതുണ്ട്.

അതിന്റെ തുടർച്ചയെന്നുള്ള നിലയ്ക്ക് 1957 മുതലായാലും അല്ലെങ്കിൽ ഇന്നത്തെ ഗവൺമെന്റായാലും കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റായാലും എടുത്ത നിലപാടുകൾ പരിശോധിച്ചാൽ ഉന്നതിക്കുവേണ്ടി അവർ എത്രമാത്രം ചെയ്തുവെന്ന് നമുക്ക് കാണാൻ കഴിയും. എല്ലാം പറഞ്ഞുപോകാൻ എനിക്ക് അവസരമില്ല.

വിദ്യാഭ്യാസത്തിലൂടെ മികച്ച സാമൂഹ്യനിലയിലേയ്ക്ക് പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ഉയരുന്നതിനുള്ള കൈത്താങ്ങാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രീ-പ്രൈമറി മുതൽ പൈലറ്റ് പരിശീലനം വരെ വിദേശപഠന സഹായങ്ങളെല്ലാം പട്ടികവിഭാഗക്കാർക്ക് ഒരുക്കുകയാണ്. എം.ആർ.എസ്. പ്രവേശനത്തിന് രക്ഷിതാക്കളുടെ വാർഷിക വരുമാനപരിധി ഒന്നിൽ നിന്നും രണ്ട് ലക്ഷം രൂപയായി ഉയർത്തിയതിലൂടെ കൂടുതൽ പേർക്ക് അവസരം ലഭിച്ചു. അതാണ് ഈ വിഭാഗത്തിന്റെ മുന്നേറ്റത്തിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്തതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അട്ടപ്പാടിയിലും കാസർഗോഡും പുതിയ ഏകലവ്യ

എം.ആർ.എസ്.-കൾ ഈ വർഷം മുതൽ ആരംഭിച്ചു. ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള മുപ്പത് ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പഠിക്കാം. ഭക്ഷണം, വസ്ത്രം, താമസം എല്ലാം സൗജന്യം. ഐ.എ.എസ്. പരിശീലനത്തിന് ഇന്ത്യയിലെവിടെയും 20 കുട്ടികൾക്ക് സ്കോളർഷിപ്പ്. 40 പേരുടെ ഒരു മാസത്തെ സൗജന്യ തീവ്രപരിപാലന പരിശീലനത്തിൽ നിന്നാണ് 20 പേരെ തെരഞ്ഞെടുക്കുന്നത്. സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ/ഐ.ടി.ഐ. യോഗ്യതയുള്ള 200 പട്ടികവർഗ്ഗ വിഭാഗക്കാരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കാൻ അപേക്ഷ ക്ഷണിച്ചു. വനവുമായി ബന്ധപ്പെട്ട് കഴിയുന്ന പട്ടികവർഗ്ഗക്കാരിൽനിന്നും 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പി.എസ്.സി. വഴി നിയമിക്കുന്ന നടപടികളാരംഭിക്കുകയും എസ്.ടി. പ്രൊമോർട്ടർമാരായി 1152 പേരെ നിയമിക്കുകയും ചെയ്തു. ഭൂരഹിതരും ഭവനരഹിതരുമായ 126 പേർക്ക് ഭൂമി വാങ്ങി വീട് വച്ചുനൽകി. ഈ വർഷം വീട് വയ്ക്കാൻ 150 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. M.Phil, Ph.D. കോഴ്സുകൾ ചെയ്യുന്നവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള പ്രായപരിധി 40 ൽ നിന്നും 45

ആയി ഉയർത്തി. ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതിരുന്ന 1254 കോളനികളിൽ 1055-നും കണക്ടിവിറ്റി എത്തിക്കുകയും ചാലക്കുടിയിൽ കണക്ഷനായി മാത്രം നാലരക്കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

വനാവകാശ നിയമപ്രകാരം 109 പേർക്ക് 108.42 ഏക്കർ ഭൂമി വിതരണംചെയ്തു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 64 കോളനികൾക്ക് ഒരു കോടി രൂപ വീതം അടിസ്ഥാന സൗകര്യവികസനത്തിന് അനുവദിച്ചു. ട്രൈബൽ പ്ലസ് പദ്ധതി വഴി 101 മുതൽ 200 ദിവസംവരെ തൊഴിൽ പൂർത്തീകരിച്ചു. 29647 കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകി. ഇവിടെ മുമ്പ് സൂചിപ്പിച്ചതുപോലെ, ഇതൊക്കെ നമ്മൾ ചെയ്യുന്നുണ്ടെങ്കിലും ആദിവാസിസമൂഹത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി നമുക്ക് ഇനിയുമേറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നുണ്ട്. .....(മൈക്ക് ഓഫ്).... ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. കെ. ടി. ജലീലാണ് സംസാരിച്ചത്.

<u>മി. ചെയർമാൻ</u>: യെസ് പറയൂ...

<u>ശ്രീ. ഇ. കെ. വിജയൻ</u>: നമ്മൾ അവർക്ക് പണം, വീട്, ഭക്ഷണം, വസ്ത്രം തുടങ്ങിയവയെല്ലാം നൽകുന്നുണ്ട്. പക്ഷെ അവരെ പൊതുധാരയിലേയ്ക്ക്

കൊണ്ടുവരേണ്ട ഒരു കർമ്മപദ്ധതിയും ആവിഷ്കരിക്കേണ്ടതുണ്ട്. ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗം കുട്ടികളെ പ്രത്യേകമായി മോണിറ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. കൊഴിഞ്ഞുപോക്കെന്ന സാഹചര്യമില്ലാതാകണമെങ്കിൽ അത് മാത്രമേ പരിഹാരമായി കാണുന്നുള്ളൂ. അങ്ങനെയൊരു സാഹചര്യം നിലനിർത്തിപ്പോയാൽ അവരുടെ ഉന്നതപഠനത്തിനുകൂടി അത് സഹായകരമായിരിക്കും. ഈ വിഭാഗത്തിൽ സാക്ഷരകേരളം പടുത്തുയർത്താൻ ശ്രമം നടത്തിയതുപോലെ യുവജന സംഘടനാ പ്രവർത്തകർ, മഹിളാ സംഘത്തിന്റെ പ്രവർത്തകർ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് ഒരു വലിയ ജനകീയ കൂട്ടായ്മ ഇതിലേയ്ക്ക് കൊണ്ടുവന്ന്, പ്രത്യേക സംവിധാനമൊരുക്കി, മയക്കുമരുന്നിൽ നിന്നും മദ്യത്തിൽ നിന്നും അവരെ മോചിപ്പിച്ചുകൊണ്ട് കുഞ്ഞുങ്ങളെയുൾപ്പെടെ സംരക്ഷിക്കാൻ കഴിയണം. യഥാർത്ഥത്തിൽ ലോക ഒളിമ്പിക്സിൽ വരെ കടന്നുവരാൻ കഴിവുള്ള ഒരു ജനവിഭാഗമാണ് ഇവരെന്ന കാര്യം നാം തിരിച്ചറിയണം. അതിനുള്ള പ്രത്യേക കളിക്കളങ്ങളൊരുക്കി അവരെ സമൂഹമധ്യത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം നടത്തി മുന്നോട്ടുപോകണം. നേരത്തെയുള്ള

സമീപനങ്ങളിൽനിന്ന് ഈ ഗവൺമെന്റ് മാറിയിട്ടുണ്ട്. മുമ്പൊക്കെ ആദിവാസി വീട്, അല്ലെങ്കിൽ എസ്.സി. വീട് എന്നുപറഞ്ഞാൽ ഒരു പ്രത്യേക ധാരണയാണ്. അവർക്കുവേണ്ടി നിർമ്മിക്കുന്ന വീട് ഒരു പ്രത്യേക തരമാണ്. അങ്ങനെയല്ലല്ലോ വേണ്ടത്? അവർക്ക് നൽകുന്ന വീട് ഏറ്റവും മാന്യമായ രീതിയിൽ നിർമ്മിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയ സമീപനം അനിവാര്യമാണ്. വൃത്തിയിലും വെടിപ്പിലും താമസിക്കാനുള്ള സൗകര്യം അവർക്ക് ഒരുക്കികൊടുക്കണം. അതിനാവശ്യമായ സംവിധാനത്തെക്കുറിച്ച് അവരോടൊപ്പം ഒരുമിച്ചുനിന്ന് ഗൗരവപൂർവ്വം ആലോചിച്ചാൽ മാത്രമേ പരിഹാരമുണ്ടാകുകയുള്ളുവെന്നാണ് എന്റെ അനുഭവത്തിലൂടെ ബോധ്യമാകുന്നത്. അതിന്റെയടിസ്ഥാനത്തിൽ അവർക്ക് പ്രത്യേക സൗകര്യങ്ങൾ എല്ലാ അർത്ഥത്തിലും കൊണ്ടുവരണം. അവരുടെ ആരോഗ്യപരിപാലനത്തിന് പ്രത്യേക സംവിധാനങ്ങളൊരുക്കണം. കേവലം ആശുപത്രി മാത്രമല്ല, അവരുടെ അടുത്തേയ്ക്ക് പോയി അവർ മരുന്ന് കഴിക്കുന്നുണ്ടോ, അവരുടെ ആരോഗ്യസ്ഥിതിയെന്താണെന്നൊക്കെ മനസ്സിലാക്കുന്ന സാഹചര്യം അതിലൂടെ ഉയർത്തിക്കൊണ്ടുവരാനുള്ള തീരുമാനമുണ്ടാകേണ്ടതുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതികൊണ്ടുമാത്രം

അവരുടെ വീടിന്റെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. ലൈഫ് ഉൾപ്പെടെയുള്ള മറ്റ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ പ്രത്യേക മുൻഗണന നൽകികൊണ്ട് അവരുടെ വീട് പൂർത്തീകരിക്കാൻ എന്തെങ്കിലുമൊരു സംവിധാനം നടപ്പിലാക്കണം.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, അംബേദ്കർ സെറ്റിൽമെന്റ് കോളനിയിൽ ഇപ്പോൾ വീടുകളുടെ മെയിന്റനൻസിനാണ് പണം അനുവദിക്കുന്നത്. പല കോളനികളിലും വാസയോഗ്യമല്ലാത്ത വീടുകളാണുള്ളത്. അവ മെയിന്റനൻസ് നടത്താൻ കഴിയാത്ത നിലയിലാണ്. അതുകൊണ്ട് ആ പദ്ധതിയുടെ ഭാഗമായി പുതിയ വീടുകൾ കൊടുക്കുന്ന നിലയിലേയ്ക്ക് മാറ്റാൻ കഴിയുമോയെന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ അതാണ് പറയാൻ ഉദ്ദേശിച്ചത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് നന്നായി, എന്റെ സമയം കുറയുന്നതുകൊണ്ട് മറ്റ് കാര്യങ്ങളൊന്നും പറയണമെന്ന് ആഗ്രഹിക്കുന്നില്ല. ഏതായാലും അതിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി മുൻഗണന നൽകാൻ തീരുമാനിച്ചുകൊണ്ട് ഈ അടിസ്ഥാന

ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഭാവനാപൂർവ്വം പ്രവർത്തിക്കുന്ന മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ ചർച്ചയുടെ തുടക്കത്തിൽ പല അംഗങ്ങളും സൂചിപ്പിച്ച കാര്യമാണ്, സ്വാതന്ത്ര്യത്തിനുശേഷം കേന്ദ്ര-കേരള സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമൊക്കെ വലിയ ഫണ്ടുകൾ നീക്കിവച്ചിട്ടും ഈ വിഭാഗത്തിന്റെ പുരോഗതിയെന്ന് പറയുന്നത് തൃപ്തികരമായ രീതിയിൽ നമുക്ക് കാണാൻ കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. 2015-2020 കാലയളവിൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത്, ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി നൂതന പദ്ധതിയെന്ന നിലയ്ക്ക് തുടർച്ചയായി അഞ്ചുവർഷക്കാലം പ്രവാസലോകത്തേയ്ക്ക് ആകർഷിപ്പിക്കുന്നതിനുവേണ്ടി ഒരു ഫണ്ട് നീക്കിവച്ച് ഒരാളെപ്പോലും അവരുടെ കൂട്ടത്തിൽ നിന്ന് തെരഞ്ഞെടുക്കാൻ കഴിയാത്തൊരു ഓർമ്മ എന്റെ

മനസ്സിലുണ്ട്. ഇവിടെ ഈ ചർച്ച നടക്കുന്ന ഘട്ടത്തിൽ കഴിഞ്ഞ ഒരുപാട് വർഷങ്ങളായി ഇവർക്കായി നീക്കിവച്ച തുകയിൽ എന്തുമാത്രം അടയാളങ്ങൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞുവെന്നറിയാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പഠന സംഘത്തെ നിയോഗിച്ച് കൃത്യമായ ഒരു പഠന റിപ്പോർട്ട് ഭാവിയിൽ ഇവരുടെ ഉന്നമനത്തിന് ഗുണകരമാകുന്ന രീതിയിൽ തയ്യാറാക്കണമെന്നൊരു അഭ്യർത്ഥന ഇവിടെ സമർപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പള, കോയിപ്പാടി വില്ലേജിലെ കുണ്ടങ്കരടുക്ക പോലെയുള്ള പ്രദേശത്ത് താമസിച്ചുവരുന്ന മുപ്പതോളം കുടുംബങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോഴും സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഇവർ വർഷങ്ങളായി കേരള സംസ്ഥാനത്ത് സ്ഥിരമായി താമസിക്കുന്നവരും ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഏകദേശം നാല്പതുവർഷങ്ങളായി എന്റെ മണ്ഡലത്തിൽ സ്ഥിരതാമസമാക്കിയവരുമാണ്. പട്ടികജാതി കുറവൻ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നതാണ് ഇവരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഇത് ഇപ്പോഴും പരിഗണിക്കാത്തതുകാരണം അവരുടെ കുട്ടികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കുന്ന ഒരു

അവസ്ഥ നിലവിലുണ്ട്. അതിൽ ബഹുമാന്യനായ മന്ത്രി ഇടപെടണമെന്നൊരു അഭ്യർത്ഥന ഞാൻ മുൻപിൽ വയ്ക്കുകയാണ്. കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്നത് വർഷങ്ങളായുള്ള, കാൽനൂറ്റാണ്ടായുള്ള അവരുടെ ആവശ്യമാണ്. അവരുടെ മാതൃഭാഷ കൊങ്കിണി എന്ന കാരണംകൊണ്ടാണ് അവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്താത്തൊരു അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നത്. ഇതിന്റെ നടപടിക്രമങ്ങൾ അന്വേഷിച്ചപ്പോൾ കിർത്താഡ്സ് പരിശോധിച്ചു വരികയാണെന്നാണ് മനസ്സിലാക്കുന്നത്. ഈ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നമുറയ്ക്ക് എന്റെ മണ്ഡലത്തിലും കാസർഗോഡ് മണ്ഡലത്തിലുമുള്ള കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യംകൂടി ഇവിടെ ഉന്നയിക്കുകയാണ്. സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസമുൾപ്പെടെയുള്ള ക്ഷേമപ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രൂപ ചെലവിടുമ്പോഴും നിരവധി വിദ്യാർത്ഥികളാണ് വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോകുന്നത്. കഴിഞ്ഞ 10 വർഷത്തെ

കണക്കെടുത്താൽ 18508 പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ് വിദ്യാഭ്യാസം ഉപേക്ഷിച്ചിട്ടുള്ളത്. ഇതിന് പരിഹാരം കാണണം. സംസ്ഥാനത്ത് ഐ.എച്ച്.ആർ.ഡി.-ക്കുകീഴിൽ 62 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കോളേജുകളിൽ നിലവിൽ എസ്.സി., എസ്.ടി., ഒ.ഇ.സി., ഒ.ബി.സി., ഹിന്ദു എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുമാത്രമാണ് ഫീസ് ഇളവ് ലഭിക്കുന്നത്. ഈ സ്ഥാപനങ്ങൾ പലതും സർക്കാർ മേഖലയിൽ ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കുമ്പളയിലുള്ള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്. ഇവരിൽ പലരും വളരെ പാവപ്പെട്ട കുടുംബത്തിലെ വിദ്യാർത്ഥികളാണ്. ഇവർക്ക് ന്യൂനപക്ഷ ക്ഷേമവകുപ്പിൽനിന്നും ഫണ്ട് അനുവദിച്ച്, ഐ.എച്ച്.ആർ.ഡി. കോളേജിൽ ഫീസിളവ് അനുവദിക്കണമെന്ന ഒരു ആവശ്യംകൂടി ഉന്നയിക്കുകയാണ്. കഴിഞ്ഞദിവസം കാസർഗോഡ് എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് സബ്മിഷനിലൂടെ ഒരുകാര്യം ഇവിടെ ചോദിക്കുകയുണ്ടായി. കേരളം

സന്തോഷ് ട്രോഫി നേടിയ ഘട്ടത്തിൽ കോച്ച് അടക്കമുള്ള എല്ലാ ആളുകൾക്കും സർക്കാർ പാരിതോഷികം തലസ്ഥാന നഗരിയിൽ ഔദ്യോഗികമായി നൽകിയപ്പോൾ ആ ടീമിന്റെ കാസർഗോഡുകാരനായ ഫിസിയോതെറാപ്പിസ്റ്റ് ശ്രീ. മുഹമ്മദ് പട്ളയെ മാത്രം അവഗണിച്ച സംഭവം സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൃത്യമായൊരു മറുപടിപോലും നൽകുകയുണ്ടായില്ല. കാസർഗോഡിനോട് നിരന്തരമായി അവഗണന തുടരുകയാണെന്നാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇപ്പോഴും എന്റെ ജില്ലയിൽ എയിംസിനുവേണ്ടി മാസങ്ങളായി പട്ടിണി കിടന്ന് തലസ്ഥാനനഗരിയിൽ കൊടിയുടെ നിറം നോക്കാതെ ഒരു സമരം നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡുകാർ ആ വിഷയത്തിൽ പറയുന്നത്, എൻഡോസൾഫാൻ ബാധിത ജില്ലയ്ക്ക് എയിംസ് വേണമെന്നുള്ളതല്ല, കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയും സർക്കാരും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്ന പ്രൊപ്പോസലിൽ കാസർഗോഡിന്റെ പേര് ഉൾപ്പെടുത്തണമെന്നൊരു ആവശ്യംപോലും ഞങ്ങളുടെ കാര്യത്തിൽ പരിഗണിക്കുന്നില്ലെന്നുള്ളത് വളരെ സങ്കടമാണെന്നാണ്. ശ്രീ. മുഹമ്മദ് പട്ള കാസർഗോഡ്

ജനിച്ചുവെന്നുള്ളതാണോ അദ്ദേഹത്തിന്റെ അയോഗ്യത എന്നുള്ള കാര്യംകൂടി വ്യക്തമാക്കണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. കാസർഗോഡിന്റെ അവഗണനയെന്ന് പറയുന്നത് ദീർഘമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. കർണ്ണാടക-മഹാരാഷ്ട്ര ബെൽഗാം ബോർഡർ സംബന്ധിച്ച പ്രശ്നം വന്നപ്പോൾ ശ്രീ. കുമാരസ്വാമി മുഖ്യമന്ത്രിയായിരുന്ന കാലത്ത് പ്രതീകാത്മകമായ ഒരു നിയമസഭ വർഷത്തിൽ ഒരുപ്രാവശ്യമെങ്കിലും ബെൽഗാമിൽ ചേരാറുണ്ട്. കർണ്ണാടക ഗവൺമെന്റ് ചെയ്തതുപോലെ നമ്മുടെ നിയമസഭാ സമ്മേളനം പ്രതീകാത്മകമായി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും കാസർഗോഡ് ചേർന്നാൽ എന്റെ ജില്ലയിലെ പിന്നോക്കാവസ്ഥ ബഹുമാന്യരായ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും നേരിട്ട് ബോധ്യപ്പെടും. 2012-ൽ അന്നത്തെ രാഷ്ട്രപതി പ്രണബ് മുഖർജിയാണ് അത് സമർപ്പിച്ചത്. അതിനുശേഷം ആ മേഖലയിലെ പിന്നോക്കാവസ്ഥ ഒരുപാട് പരിഹരിക്കപ്പെട്ടുവെന്നുള്ളത് പലപ്പോഴും വായിക്കാനും പഠിക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ അതിർത്തിയിൽ എൻഡോസൾഫാൻ ദുരിതം ഒരുഭാഗത്തും എയിംസിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഞങ്ങളുടെ പേരുപോലും

ഉൾപ്പെടുത്താത്തൊരവസ്ഥ മറ്റൊരു ഭാഗത്തും നിൽക്കുന്നുണ്ട്. ഇത്തരത്തിൽ പല വിഷയങ്ങളും നിലനിൽക്കുന്നൊരു ഘട്ടത്തിൽ ഒരുപാട് ഭൂമി സാധ്യതയുള്ള കാസർഗോഡ് ജില്ലയിൽ പ്രതീകാത്മകമായി വർഷത്തിൽ ഒരു നിയമസഭാ സമ്മേളനം ചേരുന്ന രീതിയിൽ ഒരു മിനി അസംബ്ലി അനുവദിക്കണമെന്നുള്ള ഒരു അപേക്ഷകൂടി സമർപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ശക്തിയുക്തം എതിർക്കുകയാണ്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ നിരവധിയായ ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി കൊടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ എനിക്കുമുമ്പേ സംസാരിച്ച പ്രതിപക്ഷാംഗം ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചത് അങ്ങേയറ്റം സ്വാഗതാർഹമായ കാര്യങ്ങളാണ്. പക്ഷേ 1957-ലും 1967-ലും കേരളത്തിൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കാർഷികബന്ധ നിയമവും ഭൂപരിഷ്കരണ നിയമവും നടപ്പിലാക്കി. പ്രസ്തുത നടപടിയിലൂടെ

പട്ടികജാതിക്കാർക്ക് ഭൂമി നൽകാനുള്ള തീരുമാനം കൈക്കൊള്ളുമ്പോൾ അവയെ അട്ടിമറിച്ചത് ആരായിരുന്നുവെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് മറന്നുപോകരുതെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രധാനമായും ശ്രദ്ധകേന്ദ്രീകരിക്കുന്നത് വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക-സാംസ്കാരിക വികസനങ്ങളിലാണ്. തീർച്ചയായും അങ്ങയുടെ നേതൃത്വത്തിൽ വളരെ ഫലപ്രദമായി ഇക്കാര്യങ്ങൾ പ്രസ്തുത വിഭാഗത്തിന് നേടിയെടുക്കാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇന്ന് സഭയിൽ പ്രസംഗിക്കുമ്പോൾ എന്താണ് പറയേണ്ടതെന്ന് കുറേയേറെ ചിന്തിക്കുകയുണ്ടായി. പ്രത്യേകിച്ച് ഈ വിഭാഗത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കവി കടമ്മനിട്ട രാമകൃഷ്ണന്റെ ഒരു കവിത ഓർമ്മവരികയാണ്,

" നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.." . കുറച്ചധികം വർഷങ്ങൾ പിന്നിലേയ്ക്ക് പോകുമ്പോൾ 1996-2001 കാലഘട്ടത്തിൽ കേരളത്തിൽ അധികാരത്തിലുണ്ടായിരുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റായിരുന്നു. ആ ഗവൺമെന്റ് നിരവധിയായ വികസനപ്രവർത്തനങ്ങൾ ഈ നാടിന് ചെയ്തു. കാലങ്ങളായി

അധികാരത്തിൽ വരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ ജനങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരുന്നത്. അത്തരത്തിലുള്ള ഒരു കഥ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ 1996-2001 കാലത്തേയ്ക്ക് പോയത്. അന്നും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കൈകാര്യം ചെയ്തത് അങ്ങുതന്നെയാണ്. സഖാവ് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ആ മന്ത്രിസഭയിൽ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നത് നാടിനാകെ വെളിച്ചമായി, കേരളത്തിന്റെ വിശ്വാസവും ജനങ്ങളുടെയാകെ പ്രതീക്ഷയുമായി മാറിയിട്ടുള്ള ആദരണീയനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനാണ്. തീർച്ചയായും അന്ന് വളരെയധികം സാമ്പത്തിക പ്രശ്നങ്ങൾ ഈ വിഭാഗം അനുഭവിച്ചിരുന്നു, അന്നുണ്ടായിരുന്നത് ഇന്നത്തെ അവസ്ഥയല്ലല്ലോ; ആ കാലഘട്ടത്തിലെ ഒരു നാലാംക്ലാസ് വിദ്യാർത്ഥിയുടെ കഥ ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ കുട്ടിക്ക് 5-ാം ക്ലാസിലേയ്ക്ക് പഠിക്കാൻ പോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായി, 4-ാം ക്ലാസ് പാസ്സായപ്പോൾ മകൻ ചെന്ന് പറഞ്ഞു, 'അച്ഛാ, എനിക്ക് 5-ാം ക്ലാസിൽ പഠിക്കാൻ പോകണം'. അച്ഛൻ അന്ന് പറഞ്ഞത്, 'മകനേ, എനിക്ക്

അതിനുള്ള കഴിവില്ല, നീ പഠിത്തം അവസാനിപ്പിക്കു, മകളെ (ഇളയ അനിയത്തിയെ) പഠിപ്പിക്കാനുള്ള ഒരു സാഹചര്യം നമുക്കുണ്ടാക്കണം' എന്നാണ്. ആ സമയത്താണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് സുപ്രധാനമായ ഒരു തീരുമാനമെടുത്തത്. അന്ന് ആലപ്പുഴ ജില്ലാപഞ്ചായത്ത് ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജനാധിപത്യ മഹിളാ അസോസിയേഷന്റെ ഇന്നത്തെ സംസ്ഥാന സെക്രട്ടറി അഡ്വ. സി. എസ്. സുജാതയുമാണ്. ജില്ലാപഞ്ചായത്ത് ഒരു പദ്ധതി തയ്യാറാക്കുന്നുണ്ട്, അതിൽ പട്ടികജാതി വികസന വകുപ്പുമായി യോജിച്ചുകൊണ്ട്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരവധിയായ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തീരുമാനമെടുക്കുന്നു. ആ പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് വിദ്യാർത്ഥികളെ ദത്തെടുത്തു, ആ പത്ത് വിദ്യാർത്ഥികളിൽ ഒരുവനായി ഈ പറഞ്ഞ മകനുമുണ്ടായിരുന്നു. അതിനുശേഷവും ഏറ്റവും കാര്യക്ഷമമായ ഇടപെടലിലൂടെ നിരവധിയായ വർഷങ്ങൾ കടന്നുപോയി. കാലമങ്ങനെ കടന്നുപോകുമ്പോൾ, ഏതാണ്ട് 2021-ൽ എത്തി, അന്നത്തെ ആ വിദ്യാർത്ഥിയെ ഇടതുപക്ഷരാഷ്ട്രീയം മാവേലിക്കര മണ്ഡലത്തിൽ മത്സരിപ്പിക്കാൻ തീരുമാനിച്ചു, വിജയിപ്പിച്ചു. ആ

വിദ്യാർത്ഥി ഞാനായിരുന്നുവെന്നതിൽ, ഇന്ന് ഈ സഭയിൽ അങ്ങയുടെ മുമ്പിൽനിന്ന് സംസാരിക്കുമ്പോൾ ഏറ്റവുമധികം അഭിമാനമുണ്ട്, സന്തോഷമുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് എങ്ങനെയാണ് പട്ടികജാതി വിഭാഗങ്ങളെ ചേർത്തുപിടിക്കുന്നത് എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് ഈ നിൽക്കുന്ന ഞാൻ. തീർച്ചയായും അങ്ങയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ നിരവധിയായ പ്രവർത്തനങ്ങൾക്ക് ആ കാലയളവിലെല്ലാം ഭാഗഭാക്കാകാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന വിദ്യാർത്ഥികൾക്ക് ഇതേ അവസരങ്ങളുണ്ടായിട്ടുണ്ട്. ഇതുകാണാനും ഈ നിലയിൽ സന്തോഷകരമായ നിമിഷം പങ്കിടുന്നത് അറിയാനും എന്റെ അച്ഛൻ ജീവിച്ചിരിപ്പില്ലെന്ന യാഥാർത്ഥ്യംകൂടി വിഷമത്തോടെ ഓർക്കുകയാണ്. തീർച്ചയായും നിരവധിയായ പ്രശ്നങ്ങളിൽനിന്നും ചേർത്തുപിടിക്കാൻ ഒരു ഗവൺമെന്റുണ്ടായിരുന്നു, ഇപ്പോഴും ആ ഗവൺമെന്റുണ്ട്. കഴിഞ്ഞ ദിവസം വൈക്കം അംഗം എന്നോട് ഒരു കാര്യം സൂചിപ്പിച്ചു, ഏവിയേഷൻ കോഴ്സിന് പഠിക്കാനും പൈലറ്റാകാനും മോഹിച്ച സുജിത് എന്ന ഒരു പയ്യന്റെ കാര്യമായിരുന്നു. പ്രസ്തുത കോഴ്സ് പഠിക്കാൻ കേന്ദ്രഗവൺമെന്റിന്റെ

അനുവാദം ആദ്യമുണ്ടായിരുന്നു, പിന്നീട് അനുവാദമില്ലാതാകുന്ന സ്ഥിതിയുമുണ്ടായി. പ്രസ്തുത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ വൈക്കം എം.എൽ.എ. ചെല്ലുന്നത്. ആ നിമിഷംതന്നെ ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയൻ വിഷയത്തിൽ ഇടപെടുകയും ഏറ്റവുമാദ്യംതന്നെ ആ വിദ്യാർത്ഥിക്ക് പഠിക്കുന്നതിനായി 30 ലക്ഷം രൂപ അനുവദിക്കുകയുംചെയ്തു, കേരളത്തിലെ പ്രതിപക്ഷം കാണേണ്ടത് ഇതാണ്. ഈ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുൾപ്പെടെയുള്ള ജനങ്ങളെ ചേർത്തുപിടിക്കാൻ മനസ്സുള്ള, ചേർത്തുനിർത്തുന്നതിന് ഇത്രയേറെ പരിശ്രമിച്ച മറ്റൊരു ഗവൺമെന്റില്ലായെന്ന് ഈയവസരത്തിൽ തുറന്നുപറയാൻകഴിയും. അതിന് നിരവധിയായ ഉദാഹരണങ്ങളുണ്ട്. എന്റെതന്നെ അവസ്ഥയെടുത്ത് പരിശോധിച്ചാൽ എന്തെല്ലാം പ്രശ്നങ്ങളിലൂടെ കടന്നുവന്നു, ആ പ്രശ്നങ്ങളിലെല്ലാം ചേർത്തുനിർത്തുകയും ഒരുപക്ഷേ അത്തരമൊരു സാഹചര്യം ഒരുക്കിത്തന്നില്ലായിരുന്നെങ്കിൽ, ആരെങ്കിലുമൊക്കെ മരിക്കുമ്പോൾ കുഴിവെട്ടി അടക്കംചെയ്യുന്ന ജോലിയിലേയ്ക്കോ അതുമല്ലെങ്കിൽ അച്ചൻകോവിലാറ്റിൽ മീൻപിടിച്ച് കഴിയുന്ന

ജോലിയിലേയ്ക്കോ മറ്റോ എത്തി ജീവിതം മാറിപ്പോകുമായിരുന്നു. അവിടെയാണ് പ്രത്യേകമായ നന്ദി ഈ ഗവൺമെന്റിനോടും ഇടതുപക്ഷ സർക്കാരുകളോടും എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഈ നാട്ടിൽ കഴിഞ്ഞ ഒരുവർഷക്കാലമായി നിരവധിയായ വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് 2021-22 സാമ്പത്തിക വർഷം നാൽപ്പതിനായിരം ഗുണഭോക്താക്കൾക്ക് വീട് നൽകുന്ന സാഹചര്യമുണ്ടായി. ഈ കാലഘട്ടത്തിൽത്തന്നെ 278 കോടി രൂപ ലൈഫ് മിഷന് നൽകി. നടപ്പുവർഷം പദ്ധതിനിർവ്വഹണത്തിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. അങ്ങനെ പട്ടികജാതി ജനവിഭാഗത്തിന് ഏറ്റവും നല്ലനിലയിലേയ്ക്ക് മാറുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് സർക്കാർ ഏറ്റവും നന്നായിത്തന്നെ തുടക്കംകുറിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ മുഖാന്തരം രണ്ടാംഘട്ടത്തിൽ 518 വീടുകൾ പൂർത്തീകരിച്ചു, മൂന്നാംഘട്ടത്തിൽ 271 വീടുകൾ പൂർത്തീകരിച്ചു, വീണ്ടും 626 വീടുകളുടെകൂടി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലേയ്ക്ക് പോകുകയാണ്. ഭവന

പുനരുദ്ധാരണംവഴി 200 വീടുകൾ പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുന്നു. ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നിരവധിയായ പ്രവർത്തനങ്ങൾ നടക്കുമ്പോൾ നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ പട്ടികജാതി വിഭാഗത്തിൽ പലർക്കും ഇനിയും ഭൂമി സ്വന്തമായില്ലാത്ത സാഹചര്യമുണ്ട്. ചില തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ഭൂമി ലഭിക്കാതെ, വീട് ലഭിക്കാതെ പോകുന്ന സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. അത്തരം സാഹചര്യങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. തീർച്ചയായും പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിച്ചുകൊണ്ട് ഭൂമിയും വീടും നൽകുന്നതിനുള്ള പ്രവർത്തനങ്ങളിൽക്കൂടി പട്ടികജാതി വികസന വകുപ്പ് സഹകരിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. നിരവധിയായ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത ഭാഗങ്ങളിലെ 1006 പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റ് മുന്നോട്ടുപോയി. ഇടമലക്കുടിയിൽ മാത്രം 4.31 കോടി രൂപ നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എ.ബി.എൽ.സി. (Actual Boarding &

Lodging Charge), 500 രൂപ പോക്കറ്റ് മണി, അതിൽ 200 രൂപ വീണ്ടും വർദ്ധിപ്പിച്ചു. ഇങ്ങനെ നിരവധിയായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 1284 കോളനികളിൽ 1085 കോളനികളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിച്ചു. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം നേരത്തെയുണ്ടായിരുന്ന 75,000 രൂപ വർദ്ധിപ്പിച്ച് 1,25,000 രൂപയാക്കി, എല്ലാവരെയും ചേർത്ത് പിടിക്കുന്നു. 2022-ൽ 11025 പേർക്ക് പ്രസ്തുത ധനസഹായം ലഭ്യമായിട്ടുണ്ട്. നിങ്ങളുടെ കാലത്ത് ഇതൊക്കെ നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചാൽമതി. പട്ടികവർഗ്ഗ വിവാഹധനസഹായം 1.50 ലക്ഷം രൂപയാക്കി ഉയർത്തി. 2650 മിശ്രവിവാഹിതർക്ക് സ്വന്തമായി വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനായി 19,88,50,000 രൂപ നൽകി. ഇങ്ങനെ മികച്ച പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്. നിരവധി പേർക്ക് ചികിത്സാ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10879 പേർക്ക് 23,72,86,096 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4786 പേർക്ക്

23,81,26,400 രൂപയും ഈയൊരു വർഷംകൊണ്ട് നൽകാൻ സാധിച്ചു. അതുപോലെ ഏക വരുമാനദായകരായ ആളുകൾ മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് നിരവധിയായ ധനസഹായം നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിലെ 1592 കുടുംബങ്ങൾക്ക് 30,30,50,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിലെ 42 കുടുംബങ്ങൾക്കായി 84 ലക്ഷം രൂപയും നൽകാൻ കഴിഞ്ഞു. അംബേദ്കർ ഗ്രാമം പദ്ധതിയിൽ നിരവധിയായ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കോടിക്കണക്കിന് രൂപ നൽകി. കഴിഞ്ഞ ഘട്ടത്തിൽ പൂർത്തീകരിക്കാത്ത 200 ഗ്രാമങ്ങളിൽ അത് പൂർത്തീകരിക്കാൻ ക്രിയാത്മകമായ ഇടപെടൽ അങ്ങയുടെ നേതൃത്വത്തിൽ നടത്താൻ കഴിഞ്ഞു. അതിന് നേർസാക്ഷികൂടിയാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിലും മുടങ്ങിക്കിടന്നിരുന്ന അത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഏറ്റവും ക്രിയാത്മകമായി സ്നേഹത്തോടെ ചേർത്ത് നിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ അങ്ങയുടെ വകുപ്പിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കഴിയുന്നുണ്ട്. തീർച്ചയായും പ്രത്യേകമായ നന്ദിയോടെ ഈ അവസരത്തിൽ അനുസ്മരിച്ചുകൊണ്ട്, അനുമോദിച്ചുകൊണ്ട്, പിന്തുണച്ചുകൊണ്ട് ഞാനെന്റെ

വാക്കുകൾ ചുരുക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. തന്റെ വിഖ്യാതമായ 'വാഴക്കുല'യെന്ന കവിതയിൽ മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള ഇങ്ങനെ പാടിയിരുന്നു.

അവശന്മാരാർത്തന്മാർ ആലംബഹീനന്മാ-

രവരുടെ സങ്കടമാരറിവൂ?

ഇന്നായിരുന്നുവെങ്കിൽ ആരറിവൂ എന്നതിനുപകരം, ആ സങ്കടമറിയാൻ ഇവിടെ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമുണ്ടെന്ന് മഹാകവി ചങ്ങമ്പുഴ പാടുമായിരുന്നു. ഇപ്പോൾ ഈ നാടിന്റെ പിന്നോക്ക, ദളിത്, ആദിവാസി വിഭാഗങ്ങളൊക്കെ ഏറ്റവുമധികം പുരോഗമനത്തിന്റെയും ക്ഷേമത്തിന്റെയും പാതയിൽ മുന്നോട്ടുവന്നിരിക്കുന്നു. ഇന്നും ഇന്ത്യയിലെ മറ്റ് ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വലിയ ദുരിതത്തിലും പിന്നോക്കാവസ്ഥയിലും പഴയകാല അടിമത്തത്തിലും പിന്നോക്ക, ദളിത് ജനവിഭാഗങ്ങൾ അവശേഷിക്കുമ്പോഴാണ് കേരളത്തിൽ അദ്ഭുതപൂർവ്വമായ സാമൂഹ്യ പുരോഗതിയുടെയും മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച്

ഉയർത്തപ്പെട്ടതിന്റെയും നേർക്കാഴ്ച നമുക്ക് കാണാൻ കഴിയുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ 1855-ൽ സാന്താൾ കലാപം ഉണ്ടായതാണ് ഇന്ത്യയിലെ ആദ്യത്തെ ഏകീകൃത സ്വാതന്ത്ര്യ സമര പ്രക്ഷോഭം. അത് ആദിവാസി വിഭാഗങ്ങളിൽനിന്നും അവരെ അടിച്ചമർത്തിയതിനെതിരെയും അവരുടെ അവകാശങ്ങൾ ചൂഷണം ചെയ്തതിനെതിരെയും ഉയർന്നുവന്ന സമരപോരാട്ടമായിരുന്നു. ആ സമരത്തിൽ അവർ ഉന്നയിച്ച വിഷയങ്ങൾ ഇന്നും വടക്കെ ഇന്ത്യയിലും മറ്റും പരിഹരിക്കപ്പെടാതെ അവിടത്തെ ആദിവാസി, ദളിത് ജനവിഭാഗങ്ങൾ അടിച്ചമർത്തപ്പെട്ട് കഴിയുമ്പോൾ അതിനുത്തരവാദികളായവർ കോൺഗ്രസും ബി.ജെ.പി.-യുമാണെന്നുള്ള യാഥാർത്ഥ്യം ഉയർന്ന് നിൽക്കുമ്പോഴാണ് കേരളത്തിലെ ദളിത് പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിന്റെ പ്രത്യാശാപൂർണ്ണമായ പുരോഗതിയുടെ കാഴ്ച നമുക്ക് ആവേശകരമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നതെന്ന് സൂചിപ്പിക്കാൻ ഞാനിവിടെ ആഗ്രഹിക്കുകയാണ്. കവി കടമ്മനിട്ട രാമകൃഷ്ണൻ തന്റെ കുറത്തി എന്ന കവിതയിൽ ഇങ്ങനെ കുറിച്ചിട്ടുണ്ട്.

"ഞങ്ങൾക്കന്നമെവിടെ?
എവിടെ ഞങ്ങടെ കരിപുരണ്ട

മെലിഞ്ഞ പൈതങ്ങൾ?
അവർക്കന്നമെവിടെ? നാണമെവിടെ?
അന്തിക്കുടാൻ ചേക്കയെവിടെ?
അന്തിവെട്ടത്തിരികൊളുത്താൻ
എണ്ണയെവിടെ?"

ഇന്ന് അതെല്ലാമുള്ളവരായി ഈ നാടിന്റെ പിന്നോക്ക ജനവിഭാഗങ്ങൾ മാറിയിരിക്കുന്നു. ഒരുപക്ഷെ ഇന്നായിരുന്നു കടമ്മനിട്ട രാമകൃഷ്ണൻ ആ കവിത എഴുതിയിരുന്നതെങ്കിൽ ആദ്ദേഹം ഇവിടത്തെ മഹിളാ കോൺഗ്രസ്സുകാരെയും കെ.പി.സി.സി. അദ്ധ്യക്ഷനെയും നോക്കി നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നില്ലേയെന്ന് ചോദിക്കുമായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിൽ ആദിവാസികളിൽനിന്നും ഐ.എ.എസ്. കാരുണ്ടായിരിക്കുന്നു. മുമ്പ് ദളിത് പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആകാശത്തിലെ ഏറ്റവും ഉയരം കാണാൻ കഴിയുന്നത് തെങ്ങിൻ മണ്ടയിലായിരുന്നുവെങ്കിൽ ഇന്ന് കൊമേഴ്സ്യൽ പൈലറ്റുമാർ അനന്തവിഹായസിൽ വിമാനം പറത്തുന്ന നാടായി കേരളം മാറിയിരിക്കുന്നു. അക്ഷരംകൂട്ടി വായിക്കാനറിയാത്ത ആയിരങ്ങളായിരുന്ന

അവിടെയുണ്ടായിരുന്നതെങ്കിൽ ഇന്ന് പി.എച്ച്.ഡി.-ക്കാർ നിരവധിയുള്ള വിഭാഗമായി മാറിയിരിക്കുന്നു. അതുപോലെതന്നെ മഹാത്മ അയ്യൻകാളി പറഞ്ഞത് പത്ത് ബി.എ.-ക്കാരെ കണ്ടിട്ട് എനിക്ക് മരിച്ചാൽമതിയെന്നാണ്. ഇന്ന് പതിനായിരങ്ങളിൽ കൂടുതൽ ബി.എ.-കാർ ദളിത് പിന്നോക്ക വിഭാഗങ്ങളിൽ ഉണ്ടായിരിക്കുന്നു. അതുപോലെ ജനസംഖ്യാനുപാതികമായി പദ്ധതി വിഹിതം മാറ്റിവയ്ക്കുന്ന കാര്യത്തിൽ ദളിത് പിന്നോക്ക ജനവിഭാഗങ്ങൾക്കുള്ള ജനസംഖ്യയെക്കാൾ അധിക വിഹിതം കേരള സംസ്ഥാനം മാറ്റിവയ്ക്കുമ്പോൾ അതുസംബന്ധിച്ച ദേശീയ വിഹിതം നാം പരിശോധിക്കുമ്പോഴാണ് അതിന്റെ മഹത്വം ബോധ്യമാകുന്നത്. കേന്ദ്ര സർക്കാർ ആറ് ശതമാനം മാത്രമാണ് ധനകാര്യ വിഹിതമായി ദളിത് പിന്നോക്ക ക്ഷേമത്തിനായി മാറ്റിവയ്ക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അഖിലേന്ത്യ ശരാശരിയിൽ ഇരുപത്തിനാല് ശതമാനം പിന്നോക്ക വിഭാഗങ്ങളുള്ളപ്പോഴാണ് കേന്ദ്രം ആറ് ശതമാനം നൽകുന്നത്. കേരളത്തിൽ എത്രയോ ബൃഹത്തായ പദ്ധതികളാണുള്ളത്. സമ്പൂർണ്ണ ഭവന പദ്ധതി, നിരവധി വിദ്യാഭ്യാസ പദ്ധതികൾ - പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ലംപ് സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, അയ്യൻകാളി ടാലന്റ്

സെർച്ച് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, എൻട്രൻസ് കോച്ചിംഗ്/ഡിസ്റ്റൻസ് എഡ്യൂക്കേഷൻ അസിസ്റ്റൻസ്, വിദേശ പഠന സഹായം, പഠനമുറി, പഠനയാത്ര, എം.ഫിൽ/പി.എച്ച്.ഡി. പദ്ധതികൾ; വാത്സല്യ നിധി തുടങ്ങിയ പദ്ധതികളുണ്ട്. പിന്നോക്ക വികസന കോർപ്പറേഷന് ഈ തലസ്ഥാന നഗരിയിൽത്തന്നെ ആസ്ഥാനമന്ദിരം നിർമ്മിക്കാൻ 25 സെന്റ് സ്ഥലം പതിച്ചുകൊടുക്കുന്ന, എസ്.സി. ചികിത്സാ പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ, കോർപ്പസ് ഫണ്ടുകൾ തുടങ്ങിയവ. ഇതെല്ലാം എസ്.സി. വിഭാഗത്തിനാണ് നടപ്പാക്കുന്നതെങ്കിൽ സമാനമായ എല്ലാ പദ്ധതികളും എസ്.ടി. വിഭാഗത്തിനും നടപ്പിലാക്കിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ ഈ പദ്ധതികളെല്ലാം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ഗവൺമെന്റിനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ബഹുമാന്യനായ അംഗം പി. സി. വിഷ്ണുനാഥ് ലൈഫ് പദ്ധതിയുടെ കാര്യം ഇവിടെ പറഞ്ഞു. പട്ടികജാതി വിഭാഗങ്ങളുടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്ക് പ്രത്യേക ഊന്നൽ നൽകണമെന്നും ആ കാര്യത്തിൽ കുറെക്കൂടി സമ്പൂർണ്ണത ഉറപ്പുവരുത്താൻ പര്യാപ്തമായ നടപടിക്രമങ്ങൾ

ആവിഷ്കരിക്കണമെന്നും ആവശ്യപ്പെടുകയാണ്. രാജമാണിക്യം കമ്മീഷൻ റിപ്പോർട്ട് പ്രകാരം പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികൾ തിരിച്ച് പിടിക്കുന്നതുമായി ബന്ധപ്പെട്ട കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലൂൾപ്പെടെ അങ്ങനെയുള്ള വിഷയമുണ്ട്. നിർദ്ദിഷ്ട ശബരി എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുപോകുന്നതിന് തടസ്സം നേരിട്ടിരിക്കുന്നത് പാട്ടക്കരാർ കഴിഞ്ഞ വസ്തുവിലാണ് അത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന എന്നതുകൊണ്ടാണ്. അതടക്കമുള്ളകാര്യങ്ങളിൽ കൂടുതൽ കൃത്യതയോടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്നുകൂടി നിർദ്ദേശിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ നന്ദി അറിയിക്കുകയാണ്. അതീവ ശോചനീയാവസ്ഥയിലായിരുന്ന വടകരയിലെ പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി ഭൂമിയില്ലാതിരുന്നതിനാൽ അവിടെ കെട്ടിടം നിർമ്മിക്കാൻ

കഴിഞ്ഞിരുന്നില്ല. 2018-ൽ ഭൂമി അനുവദിച്ച് കിട്ടിയിരുന്നെങ്കിലും പിന്നീട് ആ ഫയലുകൾ മുങ്ങിക്കിടന്നതുകൊണ്ട് നടപടികളൊന്നും പൂർത്തിയായില്ല. ഭൂമി കൈമാറിക്കിട്ടാനുള്ള നിരന്തരമായ ഇടപെടലിനുശേഷം 20-09-2021-ന് അത് കൈമാറിക്കിട്ടി. അതിനുശേഷം ആ ഹോസ്റ്റലിന്റെ നിർമ്മാണത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയെ സമീപിക്കുകയും നിരന്തരമായ ഇടപെടൽ മാസങ്ങളായി നടത്തിയതിന്റെ ഫലമായി ആ ഫയലുകളിന്മേൽ 27-06-2022-ന് ബഹുമാനപ്പെട്ട മന്ത്രി ഒപ്പുവയ്ക്കുകയും ഫണ്ട് പാസ്സാക്കുകയും ചെയ്തു. അസൗകര്യങ്ങളുടെയിടയിൽ വീർപ്പുമുട്ടുകയായിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണം സാധ്യമായതിന് വടകരയുടെ നന്ദി ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയാണ്. അതോടൊപ്പം ഈ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഒട്ടേറെ പദ്ധതികളും സാമ്പത്തിക സഹായങ്ങളും എല്ലാമുണ്ടായിട്ടും എസ്.സി./എസ്.ടി. വിഭാഗം ഇന്നും സമൂഹത്തിലെ അരികുവത്കരിക്കപ്പെട്ട വിഭാഗമായി തുടരുകയാണ്. ട്രെയിനുകളുടെ വേഗം കൂട്ടുന്നത് സംബന്ധിച്ചും എയർ ആംബുലൻസിന്റെ കാര്യങ്ങളെ

സംബന്ധിച്ചും ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അട്ടപ്പാടിയിലെ മുരുഗളയിലേയ്ക്ക് നവജാതശിശുവിന്റെ മൃതദേഹം പേറിപോകുന്ന കാഴ്ച തീർച്ചയായും ദയനീയമാണ്. സർക്കാരുകൾ ഇവർക്കായി ചെലവഴിക്കുന്ന ഫണ്ടുകൾ യഥാവിധി ഇവരിലേയ്ക്ക് എത്തിച്ചേരുന്നില്ല. പദ്ധതികൾ നടപ്പാക്കുന്നതിന് ചിലതലങ്ങളിൽ കുറ്റകരമായ വീഴ്ച നിലനിൽക്കുന്നുണ്ട്. അട്ടപ്പാടിയിൽ നടപ്പാക്കിയ കാർഷിക പാക്കേജുകളെല്ലാം പരാജയപ്പെടുന്ന അവസ്ഥയിലേയ്ക്ക് പോകുന്നു. കോടിക്കണക്കിന് രൂപയാണ് ഉദ്യോഗസ്ഥ രാഷ്ട്രീയ സംഘം തട്ടിയെടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോഴും കേരളത്തിലെ പല എസ്.സി. കോളനികളിലും ഇരട്ട വീടുകൾ അതുപോലെതന്നെ തുടരുകയാണ്. ഇതെല്ലാം ഒറ്റവീടുകളാക്കുന്ന പ്രഖ്യാപനങ്ങൾ വെറും കടലാസിൽ മാത്രമൊതുങ്ങുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഏറാമല പഞ്ചായത്തിലെ കാർത്തികപ്പള്ളി പട്ടർ പറമ്പത്ത്, ആദിയൂർ ഉൾപ്പെടെയുള്ള ലക്ഷംവീട് കോളനികൾ ഇപ്രകാരമുള്ളവയാണ്. വലിയ പ്രതിസന്ധികളിലൂടെയാണ് ഇവരുടെയെല്ലാം ദൈനംദിന ജീവിതം മുന്നോട്ടുപോകുന്നത്. വെറും കട്ടകൾ കൊണ്ടുണ്ടാക്കിയ വീടുകളിൽ പലതും

വാസയോഗ്യമല്ല. ഇതിനെയെല്ലാം ഒറ്റവീടുകളാക്കിമാറ്റുന്നതിനുള്ള സമഗ്രമായ പദ്ധതിയുണ്ടാകണം. നൂറ് ശതമാനം സാക്ഷരത നേടിയ കേരളത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോയത് 19000 എസ്.എസി./എസ്.ടി. വിദ്യാർത്ഥികളാണെന്നത് ഞെട്ടിപ്പിക്കുന്ന കണക്കുകളാണ്. ഇതിൽ ഏറിയപങ്കും എട്ട്, ഒൻപത് ക്ലാസ്സുകളിലെ വിദ്യാർത്ഥികളാണ്. പ്രാഥമിക വിദ്യാഭ്യാസംപോലും പൂർത്തിയാക്കാതെ തൊഴിൽ തേടിപോകേണ്ടി വരുന്ന സാമൂഹികാവസ്ഥയാണ് ഇപ്പോഴും ഈ വിഭാഗങ്ങളുടെയിടയിൽ നിലനിൽക്കുന്നത്. ഇവരെ ഉന്നത പഠന മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് നമുക്കിപ്പോഴും കഴിഞ്ഞിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ട്രൈബൽ ഹോസ്റ്റലുകൾ നിരവധിയുണ്ടെങ്കിലും പലതും ശോചനീയമായ അവസ്ഥയും വിദ്യാർത്ഥി സൗഹൃദപരവുമല്ല. മാതാപിതാക്കളിൽനിന്ന് പിരിഞ്ഞുവരുന്ന കുട്ടികൾ കൂടുതൽ ദുരിതത്തിലേയ്ക്കാണ് പോകുന്നത്. ഇത്തരം ഹോസ്റ്റലുകളിൽ കുട്ടികളെ അയ്ക്കുമ്പോൾ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും കടുത്ത മാനസിക പ്രശ്നങ്ങളുണ്ടാകുകയാണ്. ഇവരെ മനഃശാസ്ത്രപരമായി

കൈകാര്യം ചെയ്യുന്നതിൽ നമുക്ക് വിജയിക്കാൻ കഴിയുന്നില്ല. ഹോസ്റ്റലുകളിലെത്തുന്ന വിവിധ വിഭാഗക്കാരായ കുട്ടികൾ തമ്മിൽ സാംസ്കാരികമായി വളരെ അന്തരങ്ങളുണ്ടാകുന്നു. ഇത് കൈകാര്യം ചെയ്യുന്നതിൽ ഹോസ്റ്റലുകളുടെ പരാജയവും കൊഴിഞ്ഞ് പോകലിന് കാരണമാകുന്നു. ഇ-ഗ്രാന്റ്സ് പദ്ധതിയിൽ വിദ്യാഭ്യാസ കോഴ്സുകളുടെ അപേക്ഷാ ഫീസ് പൂർണ്ണമായും സൗജന്യമാക്കാൻ തയ്യാറാകണം. അട്ടപ്പാടിയിലെ ഊരുകളിൽ ഇപ്പോഴും കൂട്ടുകുടുംബത്തിന്റെ സ്വത്തായിത്തന്നെയാണ് അവരുടെ ഭൂമി നിലനിൽക്കുന്നത്; സർക്കാർ ചെലവിൽ അത് ഭാഗം ചെയ്ത് നൽകാമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നെങ്കിലും ഇപ്പോഴും അത് പാലിക്കപ്പെട്ടിട്ടില്ല. ഭൂമാഫിയയുടെ കയ്യേറ്റത്തിന് ഏറെ സഹായകമാണ് ഇത്തരത്തിലുള്ള കൂട്ടുകുടുംബങ്ങളുടെ സ്വത്ത്. 1970-ന്റെ അവസാനത്തിൽ തുടങ്ങിയ കൃഷി ഫാമുകൾ..... വരടിമലയിലെ പുനരധിവാസകേന്ദ്രത്തിൽ ഇന്നും ആരും താമസമില്ല; മറ്റ് ഫാമുകളും വൻ നഷ്ടത്തിലാണ്. നൂറുകണക്കിന് പട്ടയങ്ങളാണ് അട്ടപ്പാടിയിലെ ആദിവാസികൾക്ക് സർക്കാർ വിതരണം ചെയ്തത്. എന്നാൽ എത്ര പേർക്ക് വാസയോഗ്യമായ ഭൂമി ലഭിച്ചുവെന്നത്

അന്വേഷണം നടത്തേണ്ട കാര്യമാണ്. സാമൂഹ്യ അടുക്കള ബഹുഭൂരിപക്ഷം ഊരുകളിലും പ്രവർത്തിക്കുന്നില്ല. എന്നാൽ പോഷകാഹാര വിതരണത്തിന്റെ പേരിൽ വൻ തട്ടിപ്പും അട്ടപ്പാടിയിൽ നടക്കുന്നുണ്ട്. ഇക്കാര്യത്തിലൊരു സോഷ്യൽ ഓഡിറ്റ് നടത്താൻ സർക്കാർ തയ്യാറാകണം.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീമതി കെ. കെ. രമ: സർ, മറ്റു വിഭാഗങ്ങളേക്കാൾ ഇന്ത്യയിലെ ആദിവാസികൾക്ക് നാല് വർഷത്തിലധികവും ദളിതർക്ക് മൂന്നുവർഷത്തിലധികവും ആയുർദൈർഘ്യം കുറവാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽപ്പെട്ടവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, വീടുമായി ബന്ധപ്പെട്ട് വളരെ സമഗ്രമായ പദ്ധതിയാണ് ഇവർക്കാവശ്യമായിട്ടുള്ളത്. ഇവരുടെ വീടിന്റെയും ഭൂമിയുടെയും പ്രശ്നം ഏറ്റവും പ്രധാനപ്പെട്ടതാണ്. പോഷകാഹാരക്കുറവുള്ള കുട്ടികളുടെയും വിളർച്ച ബാധിച്ച അമ്മമാരുടെയും ആത്മഹത്യ ചെയ്യുന്ന പെൺകുട്ടികളുടെയും അവസ്ഥ കാണാത്ത, അവരെ പരിഗണിക്കാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ XXV-ാം നമ്പർ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. സമൂഹത്തിലിന്നും ദുരിതമനുഭവിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക/ന്യൂനപക്ഷ ജനവിഭാഗങ്ങളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഞാൻ ഈയവസരത്തിൽ അഭിനന്ദിക്കുകയാണ്. ഈ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ രംഗത്ത് നിരവധി സഹായങ്ങളാണ് ഈ കാലഘട്ടത്തിൽ സർക്കാർ നൽകിവരുന്നത്. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയാണ് ദീർഘകാലാടിസ്ഥാനത്തിൽ ഈ സർക്കാർ ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ പ്രീപ്രൈമറി മുതൽ പി.എച്ച്ഡി.വരെ വിപുലമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് ഈ വകുപ്പ് നടപ്പിലാക്കിവരുന്നത്. 117

പട്ടികജാതി വിദ്യാർത്ഥികൾക്കായി 17,97,30,935/- രൂപ ഇതിനകം വിദേശ പഠനത്തിനുവേണ്ടി നൽകിയിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയില്ലാത്ത 1284 കോളനികളിൽ ബഹുഭൂരിപക്ഷം കോളനികളിലും ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യം കൊണ്ടുവരുന്നതിനുവേണ്ടി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 5 വിദ്യാർത്ഥികൾക്ക് പൈലറ്റ് പഠനത്തിനാവശ്യമായ സ്കോളർഷിപ്പ് നൽകാനായിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനത്തിനുള്ള വാർഷിക വരുമാന പരിധിയിലും വിവിധ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആനുകൂല്യത്തിനുള്ള പ്രായപരിധിയിലും കാലികമായ മാറ്റങ്ങൾ വരുത്താൻ ഈ വകുപ്പിന് നിലവിൽ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടിയിലും കാസർഗോഡും രണ്ട് ഏകലവ്യ എം.ആർ.എസ്.-കൾ കൂടി ഈ അദ്ധ്യയനവർഷം ആരംഭിക്കാൻ സാധിച്ചു. ഇത് സൂചിപ്പിക്കുമ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലെ കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോടതി ഇടപെടലിനെത്തുടർന്ന് നിലച്ചിരിക്കുകയാണ്. അതിനാൽ വകുപ്പ് ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിച്ച്

നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കരുതുകയാണ്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും 20 വിദ്യാർത്ഥികൾക്ക് മുഴുവൻ ചെലവും സർക്കാർ വഹിച്ചുകൊണ്ടുള്ള അവസരം ഇതിനകമുണ്ടാക്കികൊടുക്കാൻ കഴിഞ്ഞിട്ടുമുണ്ട്. ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നിരവധി ക്യാഷ് അവാർഡുകൾ വകുപ്പ് നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 310 കോടി രൂപ ചെലവിട്ട് ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മാതാവോ പിതാവോ അല്ലെങ്കിൽ രണ്ടുപേരോ മരണപ്പെട്ട പെൺകുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനും മെഡിക്കൽ അനുബന്ധ കോഴ്സുകൾക്കും പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ഏറ്റവും നല്ല രീതിയിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പട്ടിക വിഭാഗക്കാർ ഭൂമിയുടെ അവകാശികളാണ്. 4020 ഭൂരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഭൂമി അനുവദിക്കുകയും വനാവകാശ

നിയമപ്രകാരം 150 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 108 ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ പട്ടികജാതി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് 49,75,93,342/- രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പുതിയതായി 169 സങ്കേതങ്ങൾക്ക് ഒരു കോടി രൂപ വീതം നൽകുകയും പൂർത്തിയാകാതെ കിടന്ന 200 ഗ്രാമങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ വർഷം പുതുതായി 202 പട്ടികജാതി ഗ്രാമങ്ങളും 64 പട്ടികവർഗ്ഗ ഗ്രാമങ്ങളും ഈ സ്കീമിലുൾപ്പെടുത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ നടന്നുവരികയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും പത്തുവർഷമായി പൂർത്തിയാകാതെ കിടന്നതുമായ 4978 വീടുകൾ പൂർത്തിയാക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ആയിരത്തിതൊള്ളായിരത്തോളം ഭവനങ്ങളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. മുൻവർഷം അനുവദിച്ച 6046 ഭവനങ്ങളും ഈ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി 2350 വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. വീട് സ്വപ്നമായിരുന്നവർക്ക് ഇത് ഒരു പുതിയ അനുഭവമായി മാറിയിട്ടുണ്ട്.

പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 75,000/- രൂപയിൽനിന്ന് 1,25,000/- രൂപയായി വർദ്ധിപ്പിച്ചു. ഇതിലൂടെ കഴിഞ്ഞവർഷം 11025 പട്ടികജാതി പെൺകുട്ടികൾക്കാണ് വിവാഹധനസഹായം നൽകാൻ സാധിച്ചത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹധനസഹായം ഒന്നരലക്ഷംരൂപയായി ഉയർത്തുന്നതിനും ഈ സർക്കാരിന്റെ കാലയളവിൽ പരിശ്രമിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസരംഗത്തും നിരവധി പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. 44 ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി ധനസഹായം നൽകുകയും പുതിയ ഐ.ടി.ഐ.കളുടെ കെട്ടിടം ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. തൊഴിലവസരങ്ങളുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർമാരെ നിയമിക്കുന്നതിനും 500 പട്ടികജാതി വിഭാഗക്കാർക്ക് അവസരം ലഭിക്കുന്നതിനുമുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി എസ്.ടി. വിഭാഗത്തിൽനിന്നും പ്രത്യേക നിയമനങ്ങൾ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് രാജ്യത്തിന്റെ സ്ഥിതി പരിശോധിക്കുന്നത്

നന്നായിരിക്കുമെന്ന് കരുതുകയാണ്. രാജ്യത്ത് 22.5 ശതമാനം സംവരണമാണ് പിന്നാക്ക/പട്ടികജാതി/ പട്ടകവർഗ്ഗവിഭാഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഇതിനനുസരിച്ച് പ്രവേശനം നൽകുന്ന കാര്യത്തിൽ കേന്ദ്ര സർവ്വകലാശാലകൾ അനാസ്ഥ കാണിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനും ഗവേഷണത്തിനും സ്കോളർഷിപ്പുകൾ നൽകുന്നതിന് കേന്ദ്ര സർവ്വകലാശാലകൾ തയ്യാറാകുന്നില്ലെന്ന കാഴ്ച നമ്മുടെ മുന്നിലുണ്ട്. അതിന് നമ്മുടെ മുമ്പിലുള്ള ഇരയാണ് രോഹിത് വെമുലയുടെ ആത്മഹത്യയെന്നുള്ളത് പ്രത്യേകമായി ഈയവസരത്തിൽ സൂചിപ്പിക്കപ്പെടേണ്ടതാണ്. ഇപ്പോഴും ഉയർന്ന തസ്തികകളിൽ വേണ്ടത്ര നിയമനം കേന്ദ്രം നൽകുന്നില്ല. ഇത് കേന്ദ്രത്തിന്റെ സംവരണ വിരുദ്ധതയാണ് കാണിക്കുന്നത്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുമ്പോൾ ഇതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടം സംവരണം ലഭിക്കേണ്ടതായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളെയാണ് ഏറ്റവും കൂടുതൽ ബാധിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തെ കോടതികൾപോലും പലപ്പോഴും സവർണ്ണമനോഭാവം പുലർത്തുന്ന കാഴ്ചയാണ് കാണുന്നത്. ഇതുകാരണം റോയൽ ജോബുകളിൽ

പട്ടികജാതിക്കാരെയും പട്ടികവർഗ്ഗക്കാരെയും അവഗണിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഉന്നത നീതിപീഠങ്ങളിൽപോലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരില്ലാത്ത സ്ഥിതിവിശേഷം രാജ്യത്തുണ്ടെന്നുള്ളത് പ്രത്യേകമായി പരിശോധിക്കേണ്ട കാര്യമാണ്. കേരളത്തിലെ 60 ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങളും എയ്ഡഡ് മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെയുള്ള അദ്ധ്യാപകരുടെ ശമ്പളത്തിന് മാത്രമായി 4800 കോടി രൂപയും അനദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കുമായി 7600 കോടി രൂപയുമാണ് സർക്കാർ സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങളിലൊന്നുംതന്നെ എസ്.എസി./എസ്.ടി. വിഭാഗങ്ങൾക്ക് ഒരു ശതമാനം സംവരണംപോലും ഏർപ്പെടുത്താൻ കഴിയുന്നില്ലെന്നുള്ളത് ഈ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ സംവരണമുറപ്പാക്കേണ്ടതുണ്ടെന്നുള്ള വസ്തുതയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. ജനസംഖ്യയേക്കാൾ പദ്ധതി വിഹിതത്തിന് പണം നൽകുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇതിന്റെ ഭാഗമായി കേരളത്തിലെ എസ്.സി./എസ്.ടി. പോപ്പുലേഷനേക്കാൾ പിണറായി വിജയൻ

ഗവൺമെന്റ് ബഡ്ജറ്റ് വിഹിതത്തിൽ അവർക്ക് പണം വകയിരുത്തുന്നുണ്ട്. ഈ വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ക്ഷേത്രങ്ങളിൽ ശാന്തിക്കാരായിപ്പോലും എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരെ നിയമിക്കുന്നതിന് ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റുകളുടെ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. 11-09-2009-ൽ പാർലമെന്റ് പാസ്സാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം, അതിക്രമത്തിന് വിധേയരായ വ്യക്തികൾക്ക് കോമ്പൻസേഷൻ നൽകുന്നതിനുള്ള വ്യവസ്ഥയുണ്ട്. 14-04-2016 മുതൽ ഈ തുക വർദ്ധിപ്പിച്ചുനൽകാൻ തീരുമാനിച്ചിട്ടുണ്ട്. 2022 വരെ 1,41,66,050/- രൂപ ഇതിനകം തിരുവനന്തപുരം ജില്ലയിൽ സർക്കാർ നൽകിയിട്ടുണ്ട്. ഇതിലൂടെ 94 സ്ത്രീകൾക്കും 27 പുരുഷന്മാർക്കുമായി 121 പേർക്ക് ഈ തുക നൽകിയിട്ടുണ്ട്. എന്നാൽ ഏപ്രിൽ മാസം മുതൽ നൂറ് അപേക്ഷകൾ പെൻഡിംഗിലാണ്. ഇത് തീർക്കണമെങ്കിൽ രണ്ട് കോടി രൂപകൂടി വേണ്ടിവരും. ഇതിനുള്ള പണം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരുമാണ് ചെലവഴിക്കുന്നത്. അമ്പത് ശതമാനം സംസ്ഥാന ഗവൺമെന്റും അമ്പത് ശതമാനം കേന്ദ്ര ഗവൺമെന്റുമാണ് ഈ

ആവശ്യത്തിലേയ്ക്ക് പണം ചെലവഴിക്കേണ്ടതായിട്ടുള്ളത്. എന്നാൽ കേന്ദ്രം ആ അമ്പത് ശതമാനം തുക സമയബന്ധിതമായി നൽകാത്തതിനാൽ കോമ്പൻസേഷൻ ലഭിക്കേണ്ട ഇരകൾക്ക് ഇത് ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുന്നു. ഇത് കൃത്യമായി നൽകാൻ കഴിയാത്ത മറ്റൊരു പ്രശ്നംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ധനസഹായവും മിശ്രവിവാഹിതരായ കുടുംബങ്ങൾക്കുള്ള ധനസഹായവും ഒറ്റ അക്കൗണ്ടിലാണ് നിലവിൽ നൽകിക്കൊണ്ടിരിക്കുന്നത്. ഇത് കോമ്പൻസേഷൻ ലഭിക്കുന്നതിന് ചില തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. ആദ്യം അക്കൗണ്ടിൽ ലഭിക്കുന്ന പണം മിശ്രവിവാഹിതർക്കാണ് നൽകുന്നത്. ഇതുകാരണം അതിക്രമത്തിന് വിധേയരായവർക്ക് കോമ്പൻസേഷ നൽകുന്നതിന് ലഭിക്കേണ്ട തുക സമയത്തിന് ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് പ്രത്യേകമായിത്തന്നെ രണ്ട് അക്കൗണ്ടുകളും പ്രവർത്തിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ രാജ്യത്ത് മതന്യൂനപക്ഷങ്ങൾക്കെതിരായിട്ടുള്ള അതിക്രമങ്ങൾ അതിക്രൂരമായാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. പൗരത്വ ഭേദഗതി നിയമം ഈ

രാജ്യത്ത് അവതരിപ്പിക്കുമ്പോൾ കേരളത്തിലെ ഒന്നാം പിണറായി വിജയൻ ഗവൺമെന്റാണ് 'ആ നിയമം ഈ രാജ്യത്ത് നടപ്പിലാക്കാൻ പാടില്ല എന്നും അത് കേരളത്തിൽ നടപ്പിലാക്കാൻ ഞങ്ങൾ സന്നദ്ധരാകില്ല' എന്നും ആദ്യമായി ഒരു പ്രതിഷേധം കൊണ്ടുവന്നത്. അതിനുശേഷമാണ് രാജ്യത്തെ മറ്റ് ഗവൺമെന്റുകൾകൂടി പിണറായി വിജയൻ ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കുന്ന കാഴ്ച കാണാൻ കഴിഞ്ഞത്. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളിൽ അവർക്ക് ഏറ്റവും കൂടുതൽ ആശങ്കയുണ്ടായത് ബാബറി മസ്ജിദിന്റെ തകർച്ചയാണ്. ഇന്ത്യൻ മതേതരത്വത്തിനേറ്റ ഏറ്റവും കനത്ത ആഘാതമാണത്. രാജ്യത്ത് ഇന്നനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം ബാബറി മസ്ജിദിന്റെ തകർച്ചയാണ്. കോൺഗ്രസിന്റെ ഗവൺമെന്റ് രാജ്യത്ത് അധികാരത്തിലിരിക്കുമ്പോഴാണ് ആ സംഭവമുണ്ടായത്. ഒരു ചെറുവിരലനക്കാൻ കോൺഗ്രസ് തയ്യാറായില്ല. ഗുജറാത്ത് കലാപം രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെയിടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിട്ടുള്ളത്. ആർട്ടിക്കിൾ 25 പ്രകാരം മതസ്വാതന്ത്ര്യം ഇന്ത്യയിലെ പൗരന്മാർക്ക് പ്രത്യേകമായി അനുശാസിക്കുന്നുണ്ട്. എന്നാൽ

ഇന്ത്യയിലെ പത്തിലേറെ സംസ്ഥാനങ്ങളിൽ ബി.ജെ.പി.-യുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മതപരിവർത്തനത്തിനെതിരായിട്ടുള്ള നിയമങ്ങൾ ഇതിനകംതന്നെ പാസ്സാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസ് വന്നപ്പോൾ, ഭരണഘടനാ വിരുദ്ധമായിട്ടുള്ള ഈ നിയമം ശരിയാണെന്നാണ് രണ്ടംഗ ബഞ്ച് വിധിച്ചത് എന്നുള്ള വസ്തുതയുമുണ്ട്. എന്നാൽ രാജ്യത്താകമാനം ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് മൂന്നംഗ ബഞ്ച് അത് റദ്ദാക്കുന്നതിനുള്ള തീരുമാനമെടുത്തത്. ആരാധനാലയ നിർമ്മാണത്തിന് അനുമതി ലഭിക്കുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് ഈ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അഗതികളുടെ അമ്മയായ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയുടെ ദൈനംദിന ചെലവുകൾക്കുള്ള ഫണ്ടുപോലും കേന്ദ്രം തടഞ്ഞുവയ്ക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുപോലെതന്നെ, കംപാഷനേറ്റ് പ്രവർത്തനങ്ങൾക്കുവേണ്ടി ലഭിച്ചുകൊണ്ടിരുന്ന ധനസഹായങ്ങളും ഇല്ലായ്മ ചെയ്യുന്ന നിലപാടാണ് ഈ രാജ്യത്ത് ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനെ ഫലപ്രദമായി തടയുന്നതിന്

യാതൊരുവിധ നടപടിയും സ്വീകരിക്കാത്ത കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഒരു മിനിറ്റുകൂടി.

മി. ചെയർമാൻ: അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, മതരാഷ്ട്രീയത്തിന്റെ തീക്കളിയെ കേവലം ഒരു രാഷ്ട്രീയ സംഘർഷമായി ചുരുക്കി കാണാനാണ് ഇവർ നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരായി ഇടതുപക്ഷം അതിശക്തമായ ചെറുത്തുനിൽപ്പ് രാജ്യത്ത് നടത്തിക്കൊണ്ടിരിക്കുമ്പോൾ എല്ലാവരും ഇതിന് അനുകൂലമാകണമെന്നുള്ള അഭിപ്രായമാണ് സൂചിപ്പിക്കാനുള്ളത്. ഈ നിലയിൽ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങി അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. രാജ്യത്താകെ ഇരുപത് കോടിയിലധികം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ സാമൂഹ്യപരമായി വലിയ അടിച്ചമർത്തലുകളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. രാജ്യം ഭരിക്കുന്ന

പാർട്ടിയെ നിയന്ത്രിക്കുന്ന ആർ.എസ്.എസ്. സംവരണം വേണ്ടെന്ന നിലപാടെടുക്കുന്നു. ആദിവാസി യുവാക്കളെ വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ തല്ലിക്കൊല്ലുന്നതും ദളിത് പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നതുമായ വാർത്തകൾ നാം അനുദിനം കേട്ടുകൊണ്ടിരിക്കുന്നു. രാജ്യത്താകമാനം വലിയ പ്രയാസകരമായ സാഹചര്യത്തിലേയ്ക്ക് ദളിത് വിഭാഗങ്ങൾ മാറിക്കൊണ്ടിരിക്കുന്ന വേളയിൽ ഈ കേരളത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ വലിയ മാറ്റം കൊണ്ടുവരാൻ അതത് കാലഘട്ടങ്ങളിൽ ഭരിച്ച ഇടതുപക്ഷ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ആ മാറ്റത്തെ കൂടുതൽ നന്നായി ഉയർത്തിക്കൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങളാണ് ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ കേരളത്തിലാകെ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു വർഷം മുമ്പുനടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ പതിനാല് സംവരണ മണ്ഡലങ്ങളിൽ പന്ത്രണ്ടിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥികൾ വിജയിച്ചുവരുന്ന സാഹചര്യമുണ്ടായി. പ്രതിപക്ഷത്ത് ഇപ്പോൾ ആകെയുള്ളത് വണ്ടൂർ മണ്ഡലത്തിലെ ശ്രീ. എ. പി. അനിൽ കുമാറും ശ്രീ.

ഐ. സി. ബാലകൃഷ്ണനമാണ്. നാല് വർഷം കഴിഞ്ഞാൽ എല്ലാ മണ്ഡലങ്ങളും പിടിച്ചെടുക്കുന്ന രൂപത്തിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളാകെ അണിനിരക്കുന്ന കാഴ്ച ഈ കേരളത്തിൽ കാണാൻ പോകുകയാണ്. ഇവിടെ കഴിഞ്ഞ ആഴ്ച പട്ടിണി മരണവുമായി ബന്ധപ്പെട്ട് മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അംഗം സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. കഴിഞ്ഞ പത്ത് വർഷക്കാലത്തെ ചരിത്രമെടുത്താൽ 2013-ലാണ് 31 ശിശുമരണങ്ങൾ അട്ടപ്പാടിയിൽ നടന്നത്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്തായിരുന്നു ഏറ്റവും കൂടുതൽ പട്ടിണി മരണങ്ങൾ അട്ടപ്പാടി മേഖലയിൽ നടന്നത്. 2019-ൽ അത് 7-ഉം 2020-ൽ 10-ഉം 2021-ൽ 8-ഉം ആയി കുറഞ്ഞു. ഇങ്ങനെ ആ മേഖലയിലെ ശിശുമരണങ്ങൾ കുറയ്ക്കാനാവശ്യമായ ശക്തമായ ഇടപെടലുകൾ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് അതിശക്തമായി നടന്നു. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് ചരിത്രത്തിലാദ്യമായി അട്ടപ്പാടി മേഖലയ്ക്ക് ഒരു പ്രത്യേക താലൂക്ക് അനുവദിക്കപ്പെട്ടത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മണ്ണാർക്കാട് മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ശ്രീ. എൻ. ഷംസുദ്ദീൻ മത്സരിക്കുന്ന

വേളയിൽ അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലും ആദിവാസി വിഭാഗങ്ങളുൾപ്പെടെ ആ സ്ഥാനാർത്ഥിയെ തിരസ്കരിക്കുന്ന സാഹചര്യമുണ്ടായി. ഒരു വർഷം മുമ്പുണ്ടായ അഗളി പഞ്ചായത്തിലെ ഫലം 2051 വോട്ടുകൾക്ക് എൽ.ഡി.എഫ്. സ്ഥാനാർത്ഥി മുന്നിലായി. ഷോളയൂർ പഞ്ചായത്തിൽ 1229 വോട്ടുകൾക്കും പുതൂർ പഞ്ചായത്തിൽ 640 വോട്ടുകൾക്കും മുന്നിലായി. അങ്ങനെ അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലുംകൂടി നാലായിരം വോട്ടിന്റെ മേൽക്കൈ ഇടതുപക്ഷ സ്ഥാനാർത്ഥിക്കായിരുന്നു. എന്നാൽ മണ്ണാർക്കാട് മേഖലയിലെ നഗരസഭയിലെ ചില പഞ്ചായത്തുകളിലെ വോട്ടിന്റെ വർദ്ധനവുകൊണ്ടാണ് ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ഈ സഭയിൽ വീണ്ടും വരുന്ന സാഹചര്യമുണ്ടായത്. ആ മേഖലയിലുൾപ്പെടെ ആദിവാസി വിഭാഗങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണ നേട്ടങ്ങൾ ആവോളം അനുഭവിക്കുന്ന സാഹചര്യം കേരളത്തിലുണ്ട്. 2014-ൽ ആരംഭിച്ച പാലക്കാട് മെഡിക്കൽ കോളേജ് ആജീവനാന്ത അംഗീകാരം നേടിയത് എങ്ങനെയാണ്? ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന കാലത്ത് സാങ്കേതികവും നിയമപരവും സാമ്പത്തികവും

വകുപ്പുതലപരവുമായ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊപ്പോസൽ കൊടുത്തതുകൊണ്ട് ഐ.എം.സി. അംഗീകാരം റദ്ദ് ചെയ്തു. എന്നാൽ 2014-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ആ സർക്കാരിലെ പട്ടികജാതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പാലക്കാട് മെഡിക്കൽ കോളേജിന് ആജീവനാന്ത അംഗീകാരം നേടിയെടുക്കുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ അവിടെ ഒ.പി.-യും ഐ.പി.-യും പൂർണ്ണതയോടുകൂടി പ്രവർത്തിക്കുന്നില്ല. അത് പൂർണ്ണതയോടുകൂടി പ്രവർത്തന സജ്ജമാക്കാനാവശ്യമായ ഇടപെടൽ നടത്തേണ്ടത് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. കേരളത്തിൽ കഴിഞ്ഞ ആറ് വർഷക്കാലമായി, എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വീട്ടിലെ സാഹചര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനായി ഇരുപത്തിഅയ്യായിരത്തോളം വരുന്ന പഠനമുറികളാണ് അനുവദിച്ചത്. ആ കാലത്ത് 18500-ഉം ഇപ്പോൾ 6472-ഉം അതിൽ പൂർത്തിയായി. ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന സൗകര്യം ഉയർത്താനാവശ്യമായ സാഹചര്യം കഴിഞ്ഞ ആറ് വർഷക്കാലമായി കേരളത്തിൽ കാണാം.

<u>ശ്രീ. വി. ജോയി</u>: സർ, പഠനമുറിയുടെ കാര്യം അങ്ങ് പറഞ്ഞല്ലോ. യഥാർത്ഥത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണിത്. അത് കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ?

<u>ശ്രീ. പി. പി. സുമോദ്</u>: സർ, അത് വർദ്ധിപ്പിക്കണം. അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂടുതൽ തീരുമാനങ്ങളിലേയ്ക്ക് കടക്കുന്ന സാഹചര്യത്തിലാണ് രണ്ടാം പിണറായി വിജയൻ സർക്കാരും വകുപ്പുമന്ത്രിയും. ഇപ്പോൾ 6472-ഓളം വരുന്ന പഠനമുറികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിച്ചു എന്ന വിവരംകൂടി ഈ സഭയുടെ ഭാഗമായി പറയുകയാണ്. ചികിത്സാ ധനസഹായം ഓൺലൈനാക്കി. ആയിരക്കണക്കിന് വരുന്ന കുടുംബങ്ങൾക്ക് കേരളത്തിലാകെ കഴിഞ്ഞ ആറ് വർഷക്കാലം ചികിത്സാ ധനസഹായം കിട്ടി. കഴിഞ്ഞ കാലങ്ങളിൽ ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി എങ്ങനെയായിരുന്നു? ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി മൂന്ന് വർഷമായി ഉയർത്താൻ ഇവിടത്തെ ഗവൺമെന്റിന് സാധിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ ജനിച്ചുകഴിഞ്ഞാൽ പതിനെട്ട് വയസാകുമ്പോൾ മൂന്ന് ലക്ഷം രൂപ അവരുടെ

അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്ന രൂപത്തിലുള്ള ഇൻഷ്വറൻസ് പദ്ധതിയായ 'വാത്സല്യനിധി' കൊണ്ടുവന്നത് കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിലാണ്. വിവാഹ ധനസഹായമായി നേരത്തെ ഉണ്ടായിരുന്ന 75,000/- രൂപ ഇപ്പോൾ 1,25,000/- രൂപയായി ഉയർത്തി. സാധാരണ കുടുംബത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം ഉയർത്തുന്ന സാഹചര്യം ഈ കേരളത്തിലുണ്ടായി. പ്രസ് ക്ലബുമായി ചേർന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം കോഴ്സ് കേരളത്തിൽ കഴിഞ്ഞ ആറുവർഷമായി വളരെ നന്നായി നടപ്പിലാക്കിവരുന്നു. മുന്നൂറ് പേർക്കുള്ള ഐ.എ.എസ്. കോച്ചിംഗ് പരിശീലന പദ്ധതി പുനഃസംഘടിപ്പിച്ചു. കഴിഞ്ഞ ആറുവർഷക്കാലമായി ആറായിരം രൂപവീതം അവർക്ക് സ്റ്റൈപ്പൻഡ് ആയി കൊടുക്കാൻ സാധിച്ചു. ബി.എസ്സി. നഴ്സിംഗ് കഴിഞ്ഞ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് രണ്ടുവർഷം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകാനും അത്തരം ഉദ്യോഗാർത്ഥികൾക്ക് പതിനയ്യായിരം രൂപ വീതം സ്റ്റൈപ്പൻഡ് കൊടുക്കുന്ന സാഹചര്യവും കേരളത്തിലുണ്ട്. ഒരു കുടുംബത്തിലെ ഏക വരുമാന ദായകനായ കുടുംബനാഥൻ മരിച്ചാൽ അവരുടെ കുടുംബങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം

50,000/- രൂപയിൽ നിന്ന് 2,00,000/- ലക്ഷം രൂപയായി ഉയർത്തികൊണ്ടുവരാൻ സാധിച്ചു. എന്റെ മണ്ഡലത്തിലെ കാവശ്ശേരി, കല്ലേപ്പുള്ളി എന്നീ സ്ഥലങ്ങളിൽ ഡിസംബർ മാസത്തോടുകൂടി റൈസ് മിൽ ആരംഭിക്കാൻ പോകുകയാണ്. നാൽപ്പതോളം വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇതിന്റെ ഭാഗമായി സ്ഥിരജോലി ലഭിക്കും. വടക്കഞ്ചേരിയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒട്ടേറെ വിദ്യാർത്ഥികൾക്ക് പഠനം നടത്താനും ഇന്ത്യയ്ക്ക് അകത്തും പുറത്തും ജോലി ലഭിക്കുന്ന സാഹചര്യവുമുണ്ട്. വടക്കഞ്ചേരി പഞ്ചായത്തിലെ കമ്മ്യൂണിറ്റി കോളേജിലും ഒട്ടേറെ ആളുകൾ പഠിക്കുന്ന സാഹചര്യം കഴിഞ്ഞ കുറെ വർഷങ്ങളായിട്ടുണ്ട്. കുറച്ച് വർഷക്കാലമായി 'അംബേദ്കർ ഗ്രാമം' പദ്ധതിക്ക് ഒരു കോടിരൂപ വകുപ്പ് കൊടുത്തുകൊണ്ടിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിലെ ജോലിയുള്ള സ്ത്രീകൾക്ക് താമസിക്കാൻ ഓരോ ജില്ലയിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വേണമെന്നത് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടായിരുന്നു. ആ കാഴ്ചപ്പാടിന് തുടക്കം കുറിച്ചുകൊണ്ട് മലയാള സിനിമയിലെ ആദ്യ നായികയായ പി. കെ റോസിയുടെ നാമധേയത്തിൽ അഞ്ചേമുക്കാൽ കോടി രൂപ ചെലവാക്കി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കേരളത്തിൽ

യാഥാർത്ഥ്യമാക്കി. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കുള്ള 50,000 രൂപയുടെ ധനസഹായം ഒരുലക്ഷം രൂപയായി ഉയർത്താൻ കേരളത്തിന് സാധിച്ചു. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ചേരുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന സാഹചര്യം കേരളത്തിൽ കാണാൻ സാധിക്കും. എം.ഫിൽ, പി.എച്ച്ഡി. എന്നീ കോഴ്സുകൾ ചെയ്യുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി നാൽപ്പത് വയസ്സായും സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി നാൽപ്പത്തിയഞ്ച് വയസ്സായും നിശ്ചയിച്ച് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. കേരള കലാമണ്ഡലത്തിൽ പ്രീമെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ധനസഹായവും ഉയർത്തി. അവർക്ക് പോക്കറ്റ് മണി കൊടുക്കുന്നു. 117 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് 17 ലക്ഷം രൂപ കൊടുക്കുന്ന സാഹചര്യവും കേരളത്തിൽ കാണാൻ സാധിക്കും. ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലാത്ത 1284 കോളനികളിൽ 10085 കണക്റ്റിവിറ്റി കേരളത്തിൽ ലഭ്യമാക്കി. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക്

വിദ്യാർത്ഥി പ്രവേശനത്തിന് രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അട്ടപ്പാടിയിലും കാസർഗോഡും രണ്ട് ഏകലവ്യ എം.ആർ.സ്കൂളുകൾ കൂടി ഈ അദ്ധ്യയന വർഷം ആരംഭിച്ചു. പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഇരുപത് പേർക്ക് ഐ.എ.എസ് പരിശീലന പദ്ധതിക്ക് അവസരം നൽകുകയും അതിന്റെ എല്ലാ ചെലവും സർക്കാർ വഹിക്കുന്ന സാഹചര്യത്തിലേയ്ക്കുള്ള മാറ്റം കേരളത്തിൽ കൊണ്ടുവരാൻ സാധിച്ചു. എഞ്ചിനീയറിംഗിനും എം.ബി.ബി.എസ്.-നും ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും വിവിധ വിഷയങ്ങളിൽ പി.എച്ച്ഡി. നേടിയവർക്കും പ്ലസ് ടു-വിന് 1200/1200 മാർക്ക് വാങ്ങിയ കുട്ടികൾക്കും സ്വർണ്ണ മെഡൽ ഉൾപ്പെടെ ക്യാഷ് അവാർഡ് നൽകുന്നതും ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അക്രെഡിറ്റ് എഞ്ചിനീയർമാരെ ഇവിടെ നിയമിക്കാൻ പോകുകയാണ്. ആദ്യഘട്ടത്തിൽ എഞ്ചിനീയറിംഗ് ബിരുദം/ ഡിപ്ലോമ/ ഐ.റ്റി.ഐ. യോഗ്യതയുമുള്ള 500 പട്ടികവിഭാഗക്കാർക്ക് ഉൾപ്പെടെ അവസരം ലഭിക്കുന്ന സാഹചര്യവും ഇവിടെ വരാൻ പോകുകയാണ്. ബീറ്റ്

ഫോറസ്റ്റ് ഓഫീസർമാരായി പട്ടികവർഗ്ഗ വിഭാഗക്കാരിൽനിന്നും പ്രത്യേക നിയമനം നടത്തുന്നത് കേരളത്തിൽ പി.എസ്.സി ആരംഭിച്ചു. എക്സൈസ് ഗാർഡായി 200 പട്ടികവിഭാഗക്കാർക്ക് അവസരം നൽകുന്ന പദ്ധതിയുൾപ്പെടെ സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ എല്ലാ മേഖലയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരുന്ന സർക്കാരിനെ പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് അനുസ്യൂതമായ പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാരിനെ ഈ കേരളത്തിൽ നമുക്ക് കാണാൻ സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധാനാഭ്യർത്ഥനയെ എതിർക്കുകയാണ്. പട്ടികവർഗ്ഗ കുടുംബങ്ങളിൽ വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾ വളർന്നുവരേണ്ടതുണ്ടെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഓരോ കുടുംബങ്ങളിലും വിദ്യാഭ്യാസമുള്ളവരുണ്ടെങ്കിൽ മാത്രമേ വിദ്യാഭ്യാസത്തിന്റെ ഉന്നത നിലവാരത്തിലേയ്ക്ക് സമൂഹത്തെ എത്തിക്കാൻ സാധിക്കുകയുള്ളൂ. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊഴിഞ്ഞുപോക്ക്

തടയുന്നതിനുവേണ്ടി 'ഗോത്രസാരഥി' പദ്ധതി കൊണ്ടുവന്നു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതിന്റെ കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. ഇപ്പോൾ അത് പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. ഇതിനായി വാഹനം ഏർപ്പെടുത്തേണ്ടത് ആരാണെന്നുള്ള കാര്യത്തിൽ ആശയപരമായ വലിയ തർക്കം പഞ്ചായത്തും ട്രൈബൽ വകുപ്പും തമ്മിൽ നിലനിൽക്കുകയാണ്. പഞ്ചായത്തുകൾ അവരുടെ വികസനവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുമ്പോൾ വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി വാഹനത്തിന്റെ ചെലവ് ആര് വഹിക്കുമെന്നുള്ള തർക്കം നിലനിൽക്കുകയാണ്. അത് അങ്ങ് ഗൗരവമായി പരിശോധിക്കേണ്ടതാണ്. 2019-ൽ പഠനം നിർത്തിപ്പോയ വിദ്യാർത്ഥികളുടെ എണ്ണം 554 ആണ്. അതിൽ 466 പേരും പട്ടികവർഗ്ഗക്കാരാണ്. ഈ പ്രശ്നം മുന്നിൽ കണ്ടുകൊണ്ട് 2019-ൽ മെന്റർ ടീച്ചർമാരുടെ നിയമനം നടത്തി. ഇന്ന് വിദ്യാലയങ്ങളിൽ അവരെ രണ്ടാം കക്ഷിയായി കാണുകയാണ്. മെന്റർ ടീച്ചർമാരെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്താതെ അവരെ വിദ്യാലയത്തിലെ മറ്റ് ചില പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നതായുള്ള ചില

പരാതികൾ ഉയർന്നുവരുന്നുണ്ട്. ഇതിൽ വിദ്യാഭ്യാസ വകുപ്പ് ഇടപെട്ട് മെന്റർ ടീച്ചർമാർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് അവർക്ക് ജോലിചെയ്യാനാവശ്യമായ അവസരം വിദ്യാലയങ്ങളിൽ നൽകണമെന്നാണ് പറയാനുള്ളത്.

ഇന്ന് ലൈഫ് മിഷൻ പദ്ധതിയിൽ പട്ടികജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും ലിസ്റ്റ് തിരിച്ചറിയാൻ സാധിക്കുന്നില്ല. മാത്രമല്ല പഞ്ചായത്തുകളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബ്ലോക്കിലേയ്ക്ക് അപ്പീൽ കൊടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ സർക്കാർ ഇടപെട്ട് ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ലിസ്റ്റ് പഞ്ചായത്ത് വകുപ്പുമന്ത്രിയുമായി ആലോചിച്ച് പ്രത്യേകമായി തയ്യാറാക്കുന്നതിനുവേണ്ട സാഹചര്യമുണ്ടാക്കിയാൽ അർഹതപ്പെട്ട ആളുകളെ വളരെപ്പെട്ടന്നുതന്നെ കണ്ടെത്തി സർക്കാർ ഫണ്ടിൽനിന്നും അവർക്ക് ഭവനം നൽകാൻ സാധിക്കും. ആറ് ലക്ഷം രൂപയാണ് പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്നത്. പട്ടികവർഗ്ഗ

സങ്കേതങ്ങളിലെ കോളനികളിൽ താമസിക്കുന്നവർക്ക് വീടുവയ്ക്കുന്നതിന് ആറ് ലക്ഷം രൂപയും കോളനിയിൽ നിന്ന് മാറി താമസിക്കുന്നവർക്ക് നാല് ലക്ഷം രൂപയുമാണ് നൽകുന്നത്. ഇത് രണ്ടുതരമായി മാറുകയാണ്. അതിലൊരു പ്രശ്നമുള്ളത് ഒരു ഏക്കർ ഭൂമിയുള്ള കോളനിയിൽ അടുത്തടുത്ത് വീടുണ്ടാകും. ഇനിയും അവിടെ വീടുവയ്ക്കാൻ ഭൂമിയുണ്ടാകില്ല. അതുകൊണ്ട് ആ കുടുംബത്തിലെ മക്കൾ മറ്റൊരു ഭൂമിയിൽ വീടുവച്ച് മാറുന്നു. അപ്പോൾ അത് കോളനിയല്ലാതെ ഒറ്റപ്പെട്ട വീടാണെന്ന് പറഞ്ഞുകൊണ്ട് അവർക്ക് നാല് ലക്ഷം രൂപയും കോളനിയിലുള്ളവർക്ക് ആറ് ലക്ഷം രൂപയുമായി മാറ്റുന്ന ആ തീരുമാനം വന്നിരിക്കുന്നു. അത് മാറ്റി എല്ലാവർക്കും ആറ് ലക്ഷം രൂപ നൽകുന്ന ഒരു സാഹചര്യത്തിലേയ്ക്ക് സർക്കാർ എത്തണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്.-കളിലെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് യൂണിഫോം വാങ്ങുന്നതിനും അവരുടെ മുടിവെട്ടുന്നതിനും അവർക്ക് ചെരുപ്പ് വാങ്ങുന്നതിനും ബാഗ് വാങ്ങുന്നതിനും തുക നിശ്ചയിച്ചത് 2017-ലാണ്. യൂണിഫോം വാങ്ങുന്നതിന് 950 രൂപയും മുടിവെട്ടുന്നതിന് 60 രൂപയും

ചെരുപ്പും ബാഗും വാങ്ങുന്നതിന് 300 രൂപ വച്ചാണ് അനുവദിച്ചിരുന്നത്. ഇന്ന് ക്രമാതീതമായി വിലവർദ്ധനവുണ്ടായ സാഹചര്യത്തിൽ അതിൽ വർദ്ധനവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഉപരിപഠനങ്ങൾ നടത്തുന്ന വിദ്യാർത്ഥികൾ ഇന്ന് ലാപ്ടോപ്പ് ഇല്ലാതെ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ അവർക്ക് പഠിക്കാനാവശ്യമായ സംവിധാനങ്ങൾ ചെയ്തുകൊടുത്താലേ അവരെ ഉന്നത മേഖലകളിലേയ്ക്ക് എത്തിക്കാൻ നമുക്ക് കഴിയൂ. അത് വകുപ്പിനും ഗവൺമെന്റിനും ചെയ്യാവുന്ന കാര്യങ്ങളാണ്. ഒരുപാട് വിദ്യാർത്ഥികളുണ്ട്. പഠന മുറി ഏർപ്പെടുത്തിയതുപോലെ ഇവർക്ക് ഇതിനുള്ള സൗകര്യങ്ങൾകൂടി ചെയ്തുകൊടുക്കാനുള്ള സാഹചര്യമുണ്ടാകണം. അതോടൊപ്പം ചികിത്സാ ധനസഹായം.., കഴിഞ്ഞ ദിവസം ഒരു അനുഭവമുണ്ടായി, എല്ലാ ഉദ്യോഗസ്ഥരെയും കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ കഴിഞ്ഞ ദിവസം കിഡ്നിയുമായി ബന്ധപ്പെട്ട രോഗിയുടെ അപേക്ഷ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ഒരാളെ ടി.ഇ.ഒ.-യുടെ അടുത്തേയ്ക്ക് പറഞ്ഞുവിട്ടപ്പോൾ അദ്ദേഹം കണ്ണീരോടെയാണ് തിരിച്ചുവന്നത്, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വിളിച്ച് ആ വിഷയം പറഞ്ഞതാണ്.

അവർക്കൊന്നും പട്ടികവർഗ്ഗക്കാരോട് യാതൊരു കമിറ്റ്മെന്റുമില്ല. അയാളെ തിരിച്ചുവിടുകയാണ് ചെയ്തത്. എല്ലാവരെയും പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നിലപാടുകളും നടപടികളും സ്വീകരിക്കാൻ അങ്ങ് തയ്യാറാകണം.

വനാവകാശ നിയമമനുസരിച്ച് ഇന്നും ഭൂമി കൊടുത്ത് തീർക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഭൂരഹിതരായ ആദിവാസികൾ ഒരുപാടുണ്ട്. അങ്ങൊന്ന് പരിശോധിച്ച് ഒന്നുകൂടി ഊർജ്ജിതപ്പെടുത്തി ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കൊടുത്തുകഴിഞ്ഞാൽ അവർക്ക് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിലൂടെ വീട് അനുവദിക്കുമ്പോൾ ആ വീട് സ്വന്തം ഭൂമിയിൽ നിർമ്മിക്കാൻ സാധിക്കും. ഇന്ന് അതില്ലാത്ത ഒരു സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. പാരമ്പര്യമായി കൃഷി ചെയ്യുന്ന നിരവധി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. കാർഷിക മേഖലയിൽ പാക്കേജ് നടപ്പിലാക്കുന്നതുപോലെ പട്ടികവർഗ്ഗക്കാർക്ക് അവരുടെ തരിശുഭൂമിയിൽ കൃഷിചെയ്യുന്നതിനുവേണ്ടി, വനാവകാശ നിയമപ്രകാരം പതിച്ചുനൽകിയ ഭൂമി കൃഷിയോഗ്യമാക്കുന്നതിന് വേണ്ടിയുള്ള ഒരു കാർഷിക പാക്കേജുകൂടി നടപ്പിലാക്കിക്കൊടുക്കേണ്ടതുണ്ട്.

ഒരു കാര്യം പ്രധാനമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്,

വയനാട് ജില്ലയിൽ മാനന്തവാടിയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട നിരവധി ഉദ്യോഗാർത്ഥികൾ തൊഴിൽചെയ്ത് കഴിയുന്ന പ്രിയദർശിനി ട്രാൻസ്പോർട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു അന്വേഷണം നടത്തണം, ഞാൻ അങ്ങേയ്ക്ക് ഒരു കത്ത് നൽകിയിട്ടുണ്ട്. കോടികൾ മുടക്കി വാങ്ങിച്ച ബസ്സുകൾ പഞ്ചാരക്കൊല്ലി എസ്റ്റേറ്റിൽ കൊണ്ടുപോയി നിർത്തിയിട്ടിരിക്കുകയാണ്. ഇന്ന് അവർക്ക് തൊഴിലില്ല. എന്താണ് അവിടെ നടന്ന ക്രമക്കേടെന്ന് അങ്ങ് അന്വേഷിക്കണം. സബ് കളക്ടറാണ് അതിന്റെ അതോറിറ്റി. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ച് ഈ ട്രാൻസ്പോർട്ട് സംവിധാനം, പ്രിയദർശിനി ട്രാൻസ്പോർട്ട് കൃത്യമായി ഓടിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ് കാര്യങ്ങളൊന്നും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക

ക്ഷേമത്തിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. പൊതുവെ കേരളത്തിൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റും നിലവിൽ അധികാരത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റും എല്ലാ തരത്തിലും ഈ വിഭാഗത്തെ സാമൂഹികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും മറ്റ് അടിസ്ഥാനപരമായും പൊതുസമൂഹത്തോടൊപ്പം എത്തിക്കുന്നതിന് വേണ്ടി ഒട്ടനവധി പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ പദ്ധതിയും പരിശോധിച്ചുകഴിഞ്ഞാൽ നമുക്ക് അത്തരം കാര്യങ്ങൾ വ്യക്തമാകും. വിദ്യാഭ്യാസംകൊണ്ട് മാത്രമെ പ്രബുദ്ധരാകാൻ സാധിക്കൂ എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി, പട്ടികവർഗ്ഗ വിഭാഗത്തെ വിദ്യാഭ്യാസപരമായിതന്നെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇവിടെ സൂചിപ്പിച്ച പഠനമുറിയായാലും സാമൂഹ്യ പഠനമുറിയായാലും, അവരെ വിദ്യാഭ്യാസത്തിൽക്കൂടി സമൂഹത്തിൽ ഉയർത്തുകയെന്നതാണ് ഇടതുപക്ഷ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത്തരം വിദ്യാഭ്യാസ കാര്യങ്ങൾ ഉറപ്പാക്കുന്നതിനുവേണ്ടിയാണ് സർക്കാർ സോഷ്യൽ കമ്മിറ്റഡ് വർക്കർമാർ, പ്രൊമോട്ടർമാർ എന്നിവരെ നിയമിച്ച് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാനും

ഇടപെടാനും ചുമതലപ്പെടുത്തിക്കൊണ്ട് ഈ പദ്ധതിയെ മുന്നോട്ടുനയിക്കുന്നത്. പഠിച്ച് പാസ്സായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുക, വരുമാനം ഉണ്ടാക്കുക, അവരുടെ കുടുംബത്തെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം വച്ചാണ് കഴിഞ്ഞ ഗവൺമെന്റ് 'ഗോത്രബന്ധു' പദ്ധതി നടപ്പാക്കിയത്. വിദ്യാഭ്യാസപരമായി ഈ ഗവൺമെന്റ് കാണുന്ന ഒരു കാഴ്ചപ്പാടാണത്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് നിർബന്ധമായും അവരെ വിദ്യാലയങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് 'വിദ്യാവാഹിനി' എന്ന പുതിയ പദ്ധതി ഗവൺമെന്റ് നടപ്പാക്കുന്നത്. വാഹനസൗകര്യമില്ലാത്തതുകൊണ്ട് ഒരു തരത്തിലും കുട്ടികൾ സ്കൂളിൽ എത്താതിരിക്കാൻ പാടില്ല എന്ന ലക്ഷ്യം വച്ച ആ പദ്ധതി വളരെ കർക്കശമായി ഈ വകുപ്പ് നടപ്പാക്കുന്നത് നമുക്ക് കാണാൻ സാധിക്കും. അതുപോലെതന്നെ അവർക്ക് ഭക്ഷണം ഇല്ലായെന്നെല്ലാം ചിലർ പറഞ്ഞെങ്കിലും ഭക്ഷണത്തിന്റെ കുറവൊന്നും കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിലില്ല. ഏതോ ഒരു കുടുംബത്തിൽ ഈയിടയ്ക്ക് ചക്ക കഴിച്ചു എന്നൊരു വാർത്ത ഇവിടെ തെറ്റായി പ്രചരിപ്പിക്കുകയുണ്ടായി. ആദിവാസികളെ സംബന്ധിച്ച് അവരുടെ

പ്രധാനപ്പെട്ട ഒരു ഭക്ഷണം തന്നെയാണ് ചക്ക, മാങ്ങ എന്നിവ. അത് ഏറ്റവും അനുയോജ്യമായ പോഷകാഹാരം തന്നെയാണ്. അത് കഴിക്കുന്നതിൽ തെറ്റൊന്നുമില്ല. ഇപ്പോൾ കാൻസർ പോലെയുള്ള രോഗങ്ങൾക്ക് ചക്ക ഫലപ്രദമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അത് അവർ ഭക്ഷണത്തിന്റെ ഭാഗമായി പണ്ടുതൊട്ടേ കഴിക്കുന്നതാണ്. പരമ്പരാഗതമായി കിഴങ്ങ് വർഗ്ഗങ്ങളും കഴിക്കുന്ന ഒരു രീതിയുണ്ട്. അതിനൊക്കെ ഭക്ഷണമില്ലാത്തതുകൊണ്ടാണ് ഇവർ ഇതൊക്കെ കഴിക്കുന്നതെന്ന് കേരള സമൂഹത്തിന് തെറ്റായൊരു സന്ദേശം കൊടുക്കുന്നതിനായി ചില പ്രചരണങ്ങൾ ഇവിടെ നടത്തിയത് ശരിയല്ല. വിദ്യാഭ്യാസ വകുപ്പും പട്ടികവർഗ്ഗ വകുപ്പുംകൂടി ചേർന്ന് പ്രഭാത ഭക്ഷണ പരിപാടി സ്കൂളുകളിൽ ഉറപ്പുവരുത്തുന്നുണ്ട്. വിദൂര പ്രദേശങ്ങളിൽനിന്നും വളരെ രാവിലെതന്നെ സ്കൂളുകളിലേയ്ക്കിറങ്ങുന്ന കുട്ടികളുണ്ടാകും. അങ്ങനെ വരുന്ന സമയത്ത് എന്തെങ്കിലും ക്ഷീണമുണ്ടായി ഭക്ഷണം വേണമെന്ന് തോന്നിയാൽ അതിനുള്ള മുൻകരുതലിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകളിൽ പ്രഭാതഭക്ഷണം ഉറപ്പുവരുത്തിയിട്ടുള്ളത്. ഈ കാര്യങ്ങൾ സൂചിപ്പിക്കുന്നത് ഈ വിഭാഗക്കാരുടെ വിദ്യാഭ്യാസപരമായ പുരോഗതിക്ക് ഏറ്റവും ഊന്നൽ

കൊടുക്കുന്ന ഒരു നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചതെന്നതാണ്.

ഇവിടെ ഉന്നതപഠനവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങൾ, എം.ആർ.എസ്. (മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ)-കൾ എന്നിവ ശക്തിപ്പെടുത്തുന്നു, കെ.എ.എസ്., ഐ.എ.എസ്. എന്നിവയ്ക്ക് സ്പെഷ്യൽ കോച്ചിംഗുകൾ നടത്തി പഠിപ്പിക്കുന്നു എന്നിവയാണവ. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് വിമാനത്തിൽ സഞ്ചരിക്കുന്നത് അപൂർവ്വമായിരുന്നു. വിമാനംതന്നെ അവർ കൗതുകപൂർവ്വമാണ് പണ്ടുകാലത്ത് കണ്ടിരുന്നത്. പക്ഷെ അങ്ങനെയുള്ള ആളുകൾക്ക് ഇന്ന് വിമാനത്തിന്റെ പൈലറ്റ് പരിശീലനം കൊടുക്കുന്നതിനുപോലും ഈ വകുപ്പ് ശ്രമിക്കുന്നുയെന്നുള്ളത് വളരെ പ്രശംസനീയമായ കാര്യമാണ്. ഇങ്ങനെ വളരെ ഫോക്കസ് ചെയ്തിട്ടാണ് വിദ്യാഭ്യാസപരമായി ഈ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് കാണാൻ സാധിക്കും. രണ്ടാമതായി, ആദിവാസികളുടെ മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് എല്ലാവർക്കും ഒരു തുണ്ട് ഭൂമി എന്നത്. ഈ ഗവൺമെന്റായാലും കഴിഞ്ഞ ഗവൺമെന്റായാലും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ഈ

കാലയളവിൽ ഭൂമിക്ക് രേഖ കൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് വയനാട് പോലെയുള്ള ജില്ലകളിൽ ഭൂമിയില്ലാത്ത കുടുംബങ്ങളെ കണ്ടുപിടിച്ച് അപേക്ഷ ക്ഷണിച്ച് അവർക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടി ഉറപ്പുവരുത്തുന്ന ലാൻഡ് ബാങ്ക് പദ്ധതി ഗവൺമെന്റ് നടപ്പാക്കിയത്. മൂന്നാമത്തെ കാര്യം, വീട് നമ്മുടെ ഒരു സ്വപ്നമാണ്. അതിനുവേണ്ടിയാണ് ഗവൺമെന്റ് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ലൈഫ് ഭവന പദ്ധതിയിൽ എല്ലാ പട്ടികവർഗ്ഗക്കാർക്കും പരമാവധി വീട് ലഭ്യമാക്കുന്നതിനുള്ള ശ്രമവും ഈ ഗവൺമെന്റ് നടപ്പാക്കുന്നതായി കാണാൻ സാധിക്കും. പക്ഷെ ആ കാര്യങ്ങൾ കുറച്ചുകൂടി ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഇപ്പോൾ അംബേദ്കർ ഗ്രാമം പദ്ധതികൂടി അതിനോടൊപ്പം ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. വളരെ ശോചനീയമായ കോളനികൾ പുനരുദ്ധരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മനോഹരമായ വാസയോഗ്യമായ വീടുകളാക്കി മാറ്റുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ വളരെ ദീർഘവീക്ഷണത്തോടുകൂടി തന്നെയാണ് ഗവൺമെന്റ് ഈ പദ്ധതികളെയും ഈ വകുപ്പിനെയും

കൈകാര്യം ചെയ്യുന്നത് എന്ന് നമുക്ക് കാണാൻ സാധിക്കും.

വനാവകാശപ്രകാരമുള്ള വിഷയങ്ങൾ നമ്മുടെ മുമ്പിലുണ്ട്. വനത്തിനുള്ളിൽ ആയിരക്കണക്കിന് കുടുംബങ്ങൾ കാലാകാലമായി താമസിക്കുന്ന രീതി കാണാൻ സാധിക്കും. രാവിലെ ചോദ്യോത്തരവേളയിൽ സൂചിപ്പിച്ചതുപോലെ, ബഫർ സോൺ കടന്നുവരുമ്പോൾ അവരുടെ ജീവിതമെന്താകുമെന്നത് സംബന്ധിച്ച് ആശങ്കയുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുമ്പോൾ ഇക്കാര്യങ്ങൾ ഗവൺമെന്റിന്റെയും വകുപ്പിന്റെയും ശ്രദ്ധയിലുണ്ടാകണമെന്നതുകൊണ്ടാണ് ഈ അവസരത്തിൽ അത് ഞാൻ എടുത്തു സൂചിപ്പിക്കുന്നത്. സീറോ പോയിന്റിൽ ഒതുക്കിയാണ് ബഫർ സോൺ നടപ്പാക്കുന്നതെങ്കിൽപ്പോലും വനത്തിനുള്ളിൽ താമസിക്കുന്ന ഈ വിഭാഗക്കാരുടെ വിഷയം എങ്ങനെ ബഫർ സോണുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യാൻ സാധിക്കുമെന്നകാര്യം പരിശോധിക്കേണ്ട വിഷയമാണ്. വനത്തിൽ താമസിക്കുന്ന ആദിവാസികൾ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട ഒട്ടനവധി വിഷയങ്ങൾ നേരിടുന്നുണ്ട്. അക്കാര്യത്തിലും പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റ് കാര്യങ്ങൾ മനസ്സിലാക്കി ഇടപെടുന്നുവെന്നുള്ളതാണ് ആറളം ഫാമിൽ വന്യമൃഗങ്ങളെ

പ്രതിരോധിക്കുന്നതിനുവേണ്ടി 11 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള പ്രതിരോധ പദ്ധതി നടപ്പാക്കുന്നതിലൂടെ മനസ്സിലാകുന്നത്. കോവിഡ് കാലത്ത് കുട്ടികൾ വീട്ടിലിരുന്നാണ് പഠിച്ചുകൊണ്ടിരുന്നത്. ആ സമയത്ത് പട്ടികവർഗ്ഗ കുട്ടികൾക്ക് ചില പ്രയാസങ്ങൾ നേരിട്ടിരുന്നു. ഫോണും ഇന്റർനെറ്റുമില്ലാത്ത ഒരവസ്ഥ നമ്മുടെ ചർച്ചയ്ക്ക് വിധേയമായിരുന്നു. വളരെ നേരത്തേതന്നെ അത്തരം കാര്യങ്ങൾ മനസ്സിലാക്കി, സ്മാർട്ട് ഫോണില്ലാത്ത ആയിരക്കണക്കിന് കുട്ടികൾക്ക് പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റ് സ്മാർട്ട് ഫോൺ, ലാപ്ടോപ്പ് എന്നിവയെല്ലാം വിതരണം ചെയ്തത് നമ്മളെല്ലാവരും കണ്ടതാണ്. ഇവയെല്ലാമുണ്ടെങ്കിൽതന്നെയും പലപ്പോഴും വിദൂരങ്ങളിൽ അല്ലെങ്കിൽ റിമോട്ട് ഏരിയകളിൽ ഇന്റർനെറ്റ് കണക്ഷനില്ല. അങ്ങനെ പ്രയാസം വന്നപ്പോൾ ഈ സ്മാർട്ട് ഫോണുകൊണ്ട് പ്രയോജനമില്ലാതായിത്തീരുമെന്നകാര്യം മനസ്സിലാക്കിയാണ് റിമോട്ട് ഏരിയകളിൽ/വിദൂര ഏരിയകളിൽ ഇന്റർനെറ്റ് കണക്ഷൻ കൊടുക്കുന്നതിനുവേണ്ടി ഡിപ്പാർട്ട്മെന്റും ഗവൺമെന്റും സന്നദ്ധമായതെന്ന് നമുക്ക് കാണാൻ സാധിക്കും. പട്ടികവർഗ്ഗ വിഭാഗത്തോട് ഈ ഗവൺമെന്റ് നടപ്പാക്കുന്ന അനുഭാവപൂർവ്വമായൊരു പദ്ധതിയായി ഇതും ഇവിടെ

വിലയിരുത്തപ്പെടുകയാണ്. ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം ആയിരക്കണക്കിന് കുടുംബങ്ങൾക്ക് തൊഴിൽ കൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ എല്ലാവരും സംസാരിച്ചുകഴിഞ്ഞതിനാൽ എല്ലാകാര്യങ്ങളും ഞാൻ എടുത്തുപറയുന്നില്ല. വിവാഹ ധനസഹായമായാലും മിശ്രവിവാഹം സംബന്ധിച്ചായാലും.... കേരളത്തിൽ മിശ്രവിവാഹം നടത്തുന്നതിന് യാതൊരു എതിർപ്പും നിലനിൽക്കുന്നില്ല. അതേസമയം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മിശ്രവിവാഹം നടക്കുമ്പോഴുള്ള വിഷയങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ചികിത്സാ ധനസഹായം, ഏകവരുമാനമുള്ള കുടുംബനാഥൻ മരിച്ചുകഴിഞ്ഞാൽ ആ കുടുംബത്തിന്റെ സംരക്ഷണാർത്ഥമുള്ള സഹായപദ്ധതികൾ എന്നിങ്ങനെ ഒട്ടനവധി പദ്ധതികളാണ് ഈ ഗവൺമെന്റും പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റും നടപ്പാക്കുന്നതെന്ന് കാണാൻ സാധിക്കും. ഉപരിപഠനം നടത്തുന്ന എല്ലാവർക്കും സ്കോളർഷിപ്പ് കൊടുക്കുന്ന പദ്ധതി പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റ് വിഭാവന ചെയ്തുനടപ്പാക്കുന്നതായി കാണാൻ സാധിക്കും. വിദേശത്തേയ്ക്ക് ആദിവാസികൾ പോകണമെന്നകാര്യം ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അതിന്

തുടക്കം കുറിച്ചിട്ടുണ്ട്. ആദിവാസികൾക്ക് വിദേശത്തേയ്ക്ക് പോകാൻ വിസയും സാമ്പത്തികം വേണം. അത്തരം പ്രയാസങ്ങൾ നേരിടുമ്പോൾ ട്രൈബൽ ഡിപ്പാർട്ട്മെന്റ് അവർക്ക് സാമ്പത്തിക സഹായം കൊടുത്തുകൊണ്ട്, വിസയെടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊണ്ട്, വിദേശരാജ്യങ്ങളിൽ ജോലി തരപ്പെടുത്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടിയും ഡിപ്പാർട്ട്മെന്റ് ചെയ്തുവരുന്നതായി കാണാൻ സാധിക്കും. പൊതുവെ ഇവിടെ മറ്റ് മതന്യൂനപക്ഷ വിഭാഗത്തെക്കുറിച്ചുള്ള ഒരു ചർച്ച കൂടിയുണ്ട്. അതുപരിശോധിക്കുമ്പോൾ ഇന്ത്യാ രാജ്യത്ത് മതന്യൂനപക്ഷങ്ങളുടെ സ്ഥിതിയെന്താണ്; കേരളമൊഴിച്ച് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കടന്നാൽ ഇവർക്ക് രക്ഷയുണ്ടോ? ബി.ജെ.പി.-യുടെ പാർശ്വത്വ ഭരണം ഈ രാജ്യത്ത് അതിശക്തമാക്കുകയാണ്. അതാണ് പൗരത്വബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ.... ആ സമയത്താണ് ബി.ജെ.പി. അല്ല നമ്മുടെ എതിരാളി ഇടതുപക്ഷമാണ്, സി.പി.ഐ.(എം.) ആണെന്ന മുദ്രാവാക്യവും സന്ദേശവുമൊക്കെ ഈ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരുന്നത്. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ഡിമാന്റുകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമേഖല കഴിഞ്ഞകാലങ്ങളേക്കാൾ വളരെ മെച്ചപ്പെട്ട തലത്തിൽ പോകുകയാണ്. ഒരുകാലത്ത് കേരളത്തിലെ കോളനികളിൽ താമസിക്കുന്ന ജനവിഭാഗം സമൂഹത്തിലെ ഏറ്റവും അടിത്തട്ടിൽ ജീവിക്കുന്ന ഒരു സമൂഹമായിരുന്നു. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വളർത്തിയെടുക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകിവരുന്ന പ്രവർത്തനങ്ങളെ പ്രതിപക്ഷം പ്രകീർത്തിച്ചില്ലെങ്കിലും ഒരു നന്ദി വാക്ക് പറയാനെങ്കിലും ആ അംഗങ്ങൾ തയ്യാറാകണം. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ ജില്ലയായ വയനാട്, കേരളത്തിലെ ഏറ്റവും കൂടുതൽ ആദിവാസികൾ ജീവിക്കുന്ന മേഖലയാണ്. അവിടത്തെ ആദിവാസി ഊരുകളിൽ ഒന്നുപോകണം. ഇന്ന് ആദിവാസി മേഖലകളിൽ പണ്ടത്തെ ജീവിതമാണോ? കേരളത്തിലെ മിക്ക കോളനികളിലും വഴിയില്ലൂടെ നടക്കാനും ചോർന്നൊലിക്കുന്ന കൂരയൊന്നു മേയാനും സഞ്ചരിക്കാൻ സ്വാതന്ത്ര്യമില്ലാതിരുന്ന കാലഘട്ടത്തിൽ അതിനെയെല്ലാം മാറ്റിയെടുക്കാൻ

നമ്മുടെ സാമൂഹ്യ പരിഷ്കർത്താക്കൾ നല്കിയ സംഭാവനകൾ ചെറുതായി കാണാൻ കഴിയില്ല. ശ്രീനാരായണ ഗുരുദേവനും മന്നത്തു പത്മനാഭനും ചട്ടമ്പിസ്വാമി തിരുവടികളും മഹാത്മാ അയ്യങ്കാളിയും സി. കേശവനും ഡോ. പൽപ്പുവും കുമാരനാശാനും വക്കം മൗലവിയുമടക്കമുള്ള നമ്മുടെ സാമൂഹ്യ പരിഷ്കർത്താക്കൾ, ഈ സമൂഹത്തിൽ നിലനിന്നിരുന്ന അന്ധകാരവും അനാചാരവും ദുരാചാരവും അടിമത്തവുമെല്ലാം മാറ്റിയെടുക്കാൻ അവർ നൽകിയ സംഭാവനകൾ ഇന്നും ചരിത്രത്തിന്റെ താളുകളിൽ സ്വർണ്ണ ലിപികളാൽ നിറഞ്ഞുനിൽക്കുകയാണ്. മനുഷ്യരായി ജീവിക്കാനുള്ള അവകാശം കാലങ്ങളായി നിഷേധിക്കപ്പെട്ട കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ടവർക്ക് നിവർന്നുനിൽക്കാനുള്ള അവകാശം നേടിത്തന്നത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ്. അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർക്കും വഴിയിലൂടെ നല്ല രീതിയിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെ നിക്ഷിപ്തമാക്കിത്തന്നത് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഇന്ത്യാ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുമാണ്. നിങ്ങൾക്ക് ഞങ്ങളെ ചെറുതാക്കി കാണാൻ കഴിയില്ല. മാതൃകാപരമായ പദ്ധതികളിലൂടെ, മഹത്തായ ചരിത്രത്തിന്റെ തുടർച്ചയായി

മാറുന്ന എൽ.ഡി.എഫ്. സർക്കാരും ഈ വകുപ്പിന് നേതൃത്വം കൊടുക്കുന്ന ശ്രീ. കെ. രാധാകൃഷ്ണനും പ്രോജ്ജ്വലിതമായ പ്രവർത്തനങ്ങൾ നടത്തി. നിങ്ങൾ പാതിവഴിയിൽ ഉപേക്ഷിച്ചുപോയ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് തിരുവനന്തപുരത്ത് എയർപോർട്ടിനോട് ചേർന്ന് 80.5 സെന്റ് ഭൂമി വാങ്ങിക്കാനുള്ള ഉത്തരവിട്ടു. യു.ഡി.എഫ്. വന്നപ്പോൾ ആ ഫയൽ മുക്കി. മുക്കിയെന്ന് മാത്രമല്ല, 80.5 സെന്റ് ഭൂമി തിരുവനന്തപുരം എയർപോർട്ടിന് ഇവർ കൊടുത്തു. ഞാൻ ശ്രീ. എ. പി. അനിൽ കുമാറിനെ കുറ്റം പറയുകയല്ല. അങ്ങിരുന്ന കാലഘട്ടത്തിലല്ല. അതിന് മുമ്പുള്ള കാലഘട്ടമാണ് പറഞ്ഞത്. 21 വർഷത്തിനുമുമ്പുള്ള കേസാണ് ഞാൻ ഈ പറയുന്നത്. അന്ന് ആ സെന്റ് ഭൂമി നമുക്ക് കിട്ടിയിരുന്നെങ്കിൽ കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനം നടത്തി വലിയ കെട്ടിടം, ഒരു ഹെഡ്ക്വാർട്ടേഴ്സ് നിർമ്മിക്കാൻ നമുക്ക് കഴിയുമായിരുന്നു. ഇപ്പോൾ പേട്ടയിൽ 26 സെന്റ് ഭൂമി വാങ്ങിച്ചു. അവിടെ കെട്ടിടം പണിയാൻ പോകുകയാണ്. സഖാവ് കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ആ ടീം നല്ല നിലയിലുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതിക്കാർക്ക് പത്തുവർഷത്തിനുമുമ്പ് ഭവനനിർമ്മാണത്തിന് ഫണ്ട്

അനുവദിച്ചിരുന്നു. പലവീടുകളും പണിയാൻ കഴിഞ്ഞില്ല. വയലുകളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന വീടുകളിൽ സാധനസാമഗ്രികൾ എത്തിക്കണമെങ്കിൽ തലച്ചുമടായി അവിടെ കൊണ്ടുപോകണം. ലേബർ ചാർജ്ജ് വളരെക്കൂടുതലാണ്. ഭിത്തിമട്ടമാകുമ്പോൾ അവരുടെ കയ്യിലെ പണം തീരും. അപ്രകാരം പൂർത്തിയാകാതെ കിടന്ന ഏകദേശം 4978 വീടുകൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പൂർത്തീകരിച്ചു. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തനങ്ങളുടെ ഭാഗം. ഈ ഗവൺമെന്റ് പട്ടികജാതിക്കാർക്ക് പ്രത്യേകിച്ച് ദുർബല വിഭാഗങ്ങൾക്ക്, ക്ഷേമപദ്ധതികളിലൂടെ 144 പേർക്ക് കൃഷി ഭൂമിയും 139 പേർക്ക് പഠന മുറിയും.... പഠന മുറിയെ സംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. പഠന മുറിക്ക് ഇപ്പോൾ ഗവൺമെന്റ് രണ്ട് ലക്ഷം രൂപയാണ് കൊടുക്കുന്നത്. ആ തുക കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്നാണ് എന്റെ ഒരു നിർദ്ദേശമായി ഞാൻ ഇവിടെ വയ്ക്കുന്നത്. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്. ഞാനും അങ്ങും കല്യാണം കഴിച്ചിട്ടില്ല. ഒരു പെൺകുട്ടി വിവാഹം കഴിച്ച് അവർക്ക് രണ്ട് കുട്ടികളുണ്ടായി കഴിഞ്ഞാൽപ്പോലും

അവരുടെ വിവാഹ ധനസഹായം ലഭിക്കുന്നില്ല. അങ്ങ് അറിയാൻവേണ്ടി പറയുകയാണ്. ഞാൻ ഇത് വെറുതെ പറയുകയല്ല. അപേക്ഷാ ഫോം പൂരിപ്പിച്ച് കല്യാണ കത്തും ജാതി സർട്ടിഫിക്കറ്റും ഉൾപ്പെടെ ബ്ലോക്ക് ഓഫീസിൽ കൊടുക്കുകയാണ്. 2021-22 സാമ്പത്തിക വർഷം നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം 10879 പേർക്ക് ചികിത്സാ ധനസഹായം നൽകി. കേരളത്തിൽ ഏറ്റവും കൂടുതൽ ചികിത്സാ ധനസഹായം വാങ്ങുന്ന ഒരു മണ്ഡലക്കാരനാണ് ഞാൻ; മുഖ്യമന്ത്രിയുടെയായാലും എസ്.സി. വിഭാഗത്തിലെയായാലും റവന്യൂ വകുപ്പുമന്ത്രിയുടെയായാലും. റവന്യൂ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായമുണ്ടെന്ന് ഇവിടെയിരിക്കുന്ന പലർക്കും അറിയില്ല. അത്തരത്തിൽ നമുക്ക് ഈ പ്രവർത്തനങ്ങൾ ഏകീകരിക്കാൻ കഴിയണം. അച്ഛനും അമ്മയും മരിച്ചുപോയ കുട്ടികൾക്ക് വലിയ സഹായമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഒരുകാര്യം പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ ബഹുമാന്യനായ മന്ത്രി വന്നതിനുശേഷം 140 അസംബ്ലി മണ്ഡലങ്ങളിലും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതത് കമ്മിറ്റിയുടെ ചെയർമാൻ അതത് മണ്ഡലത്തിലെ എം.എൽ.എ.-മാരും ജില്ലാ അസിസ്റ്റന്റ് പട്ടികജാതി ഓഫീസർ കൺവീനറും ആ

മണ്ഡലത്തിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാപഞ്ചായത്തിലെ അടക്കമുള്ളവർ അതിലെ അംഗങ്ങളുമാണ്. കൊല്ലം ജില്ലയിൽ ആദ്യമായി അതിന്റെ മീറ്റിംഗ് കൂടിയിരുന്നു. അത് വളരെ വിജയകരമായി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെയും കുടുംബങ്ങളുടെയും കാര്യങ്ങൾ ചർച്ച ചെയ്യാൻവേണ്ടിയുള്ള ആ പ്രവർത്തനം വളരെ മാതൃകാപരമായി മാറിക്കൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്കുവേണ്ടി 40 ശതമാനം ഫണ്ട് വരുന്നുണ്ട്. അത് യൂട്ടിലൈസ് ചെയ്യണമെന്നുണ്ടെങ്കിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടണം. പലപ്പോഴും 49 ശതമാനത്തിൽ വന്ന് നിൽക്കുകയാണ്. അൻപതും അൻപത്തിയൊന്നും ശതമാനമായാലേ അത് കിട്ടുകയുള്ളൂ. ഇവിടെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞു, ചില ഉദ്യോഗസ്ഥന്മാരുടെ കടുംപിടുത്തം കാരണം നമ്മുടെ എക്സ്പെൻഡിച്ചർ നൂറ് ശതമാനമാകുന്നില്ലെന്ന്. കേരളത്തിൽ അങ്ങനെയൊരു വലിയ പ്രശ്നമുണ്ട്. ഓരോ പഞ്ചായത്തിനും അവാർഡ് കിട്ടുമ്പോൾ പട്ടികജാതി വിഭാഗത്തിലെ എക്സ്പെൻഡിച്ചർ നൂറ് ശതമാനമായോയെന്ന് പരിശോധിക്കപ്പെടും. അത്

ഇവിടെ ചർച്ച ചെയ്യപ്പെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി സ്റ്റാന്റിംഗ് കമ്മിറ്റിയുണ്ടാകണം. ഈ കാര്യം മന്ത്രിയൊന്ന് ശ്രദ്ധിക്കണം. അത് ഭരണപരമായി എടുക്കേണ്ട തീരുമാനമാണ്. അതുകൂടി വന്നാൽ നമുക്ക് ഈ മേഖലയെ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയും. തീർച്ചയായും, എപ്പോഴൊക്കെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ ദുർബലവിഭാഗങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്വാസം നൽകുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും നല്ല പദ്ധതികൾ കാഴ്ചവച്ച് വികസനപരമായി ഇന്ത്യയിലെ ഏറ്റവും നല്ല സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ സഖാവ് പിണറായി വിജയനും ശ്രീ. കെ. രാധാകൃഷ്ണനും അടങ്ങുന്ന ടീം നല്ല വർക്കാണ് നടത്തികൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ക്ഷേമത്തെ സംബന്ധിച്ചുള്ള

ധനാഭ്യർത്ഥനയെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന്റെ ചുമതല വഹിക്കുന്നത്. ന്യൂനപക്ഷ ക്ഷേമകാര്യങ്ങളിൽ പദ്ധതി വിഹിതത്തെ സംബന്ധിച്ച് പരിശോധിച്ചാൽ യു.ഡി.എഫ്. ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും തമ്മിലുള്ള മാറ്റം പ്രത്യക്ഷത്തിൽ നമുക്ക് കാണാൻ കഴിയും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2012-13-ൽ 84.49 കോടി രൂപയും 2013-14-ൽ 103 കോടി രൂപയും 2014-15-ൽ 130 കോടി രൂപയും 2015-16-ൽ 92 കോടി രൂപയും 2016-17 ആയപ്പോൾ അത് 107 കോടി രൂപയുമായി അന്നത്തെ ബഡ്ജറ്റിൽ നീക്കിവച്ചു. എന്നാൽ ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ 2016-17-ൽ 64 കോടി രൂപ, 2017-18-ൽ 99 കോടി രൂപ, 2018-19-ൽ 78 കോടി രൂപ, 2019-20-ൽ 48 കോടി രൂപ, 2020-21-ൽ 42 കോടി രൂപ എന്നിങ്ങനെ വിഹിതം കുറയുകയാണ് ചെയ്യുന്നത്. 2019-20-ലെ തിട്ടപ്പെടുത്തിയ കണക്കനുസരിച്ച് വെറും 20.64 കോടി രൂപ അതായത് 42 ശതമാനം മാത്രമാണ് ചെലവിൽ കാണിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് ന്യൂനപക്ഷ സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെന്താണെന്ന് ഈ ഫിഗർ വച്ചുതന്നെ നമുക്ക് കാണാൻ കഴിയും.

കേന്ദ്ര ഗവൺമെന്റിന്റെ ഒട്ടേറെ പദ്ധതികൾ ഇതിനകംതന്നെ വന്നിട്ടുണ്ട്. 1995-ൽ മുസ്ലീം, ബുദ്ധ, ജൈന വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചതാണ് എ.ആ.പി. സ്കൂൾ. കേരളത്തിൽ 32 സ്കൂളുകൾ അങ്ങനെ പ്രവർത്തിക്കുന്നുണ്ട്. ആ വിദ്യാലയങ്ങൾക്ക് എയ്ഡഡ് സ്റ്റാറ്റസ്സുണ്ടെങ്കിലും അതിലുള്ള അധ്യാപകരുടെ ശമ്പളവും മറ്റ് കാര്യങ്ങളും ഇതുവരെയും തീരുമാനിക്കുകയോ അവർക്ക് ആനുകൂല്യം കൊടുക്കുകയോ ചെയ്യുന്നില്ല. ഗവൺമെന്റിന്റെ നിലപാട് എന്താണെന്നതിന്റെ ഒരു സൂചനയായി ഞാൻ അത് ചൂണ്ടിക്കാണിക്കുകയാണ്. മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിന്റെ സാമൂഹികം, വിദ്യാഭ്യാസം, തൊഴിൽ, ജോലി തുടങ്ങിയ കാര്യങ്ങളിലെ പിന്നാക്കാവസ്ഥ പഠിക്കാനാണ് സച്ചാർ കമ്മീഷനെ വച്ചിട്ടുള്ളത്. ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോൾ നിയോഗിച്ചിട്ടുള്ളതാണ്. അത് ഗവൺമെന്റ് അംഗീകരിക്കപ്പെട്ടതാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്റെ ഭാഗമായാണ് പാലോളി ചെയർമാനായിട്ടുള്ള ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചത്. അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഗവൺമെന്റ് ആ റിപ്പോർട്ട് പരിശോധിക്കേണ്ടതാണ്. അതിൽ ഒൻപത് ഉപശീർഷകങ്ങളിലായി

പൊതുവിദ്യാഭ്യാസം, സാമൂഹികസുരക്ഷ, വിദ്യാഭ്യാസ തൊഴിലിനുള്ള സംവരണം, സാമ്പത്തിക-തൊഴിൽ രംഗത്തെ വളർച്ച, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ, വഖഫ് ഭരണ നിർവ്വഹണം തുടങ്ങി ഏകദേശം അൻപതോളം ശിപാർശകൾ ഈ റിപ്പോർട്ടിലുണ്ട്. ഈ റിപ്പോർട്ട് ഗവൺമെന്റിന്റെ മുമ്പിലുണ്ടായിട്ടും ഇതിൽ എന്ത് നടപടിയാണെടുത്തതെന്ന് പരിശോധിക്കണം. പാലോളി ചെയർമാനായി പത്തംഗ സമിതി പരിശോധിച്ചുണ്ടാക്കിയ റിപ്പോർട്ടാണ് ഗവൺമെന്റിന്റെ മുമ്പിലുള്ളത്. ഇതിൽ ഓരോന്നിനും പ്രത്യേകമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അറബിക് യൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞിട്ടുണ്ട്. രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ടുപ്രകാരം മറ്റ് വിഭാഗത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അഡീഷണൽ ഡിഗ്രി കോഴ്സുകളും കോളേജുകളും കൊടുക്കുന്നതിനെ സംബന്ധിച്ച് പറയുന്നുണ്ട്. മുസ്ലീം കേന്ദ്രീകൃത പ്രദേശത്തെ വികസിതപരമായ കാര്യങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള സംവരണ സമുദായമായ മുസ്ലീങ്ങൾക്ക് ലഭ്യമല്ലാതെപോയിട്ടുള്ള ബാക്ക്‌ലോഗ് എങ്ങനെ നികത്തണമെന്നതിനെ സംബന്ധിച്ച് ഒരു

ഹൈപവർ ലെവൽ കമ്മിറ്റിയുണ്ടാക്കണമെന്നും അത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. വഖഫിന്റെ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. അങ്ങനെ സമഗ്രമായ റിപ്പോർട്ടാണത്. ഗവൺമെന്റിന് എന്ത് ആത്മാർത്ഥതയാണ് ഈ കാര്യത്തിലുള്ളത്. ഈ ഗവൺമെന്റ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കുഴിച്ചുമൂടി. അതിനോടനുബന്ധിച്ച് പാലോളി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും നിങ്ങൾ കുഴിച്ചുമൂടി. നിങ്ങൾ ഒന്നും ചെയ്തില്ല. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കണം. നിങ്ങൾ പ്രകടനപത്രികയിൽ ഈ കാര്യങ്ങൾ പറഞ്ഞു. തെരഞ്ഞെടുപ്പ് കാലത്തുള്ള മാനിഫെസ്റ്റോയിൽ, ഒന്നാം പിണറായിയുടെ കാലത്തുള്ള മാനിഫെസ്റ്റോയിൽ നിങ്ങൾ പറഞ്ഞിട്ടുള്ളത് "The Paloli committee report drafted according to Justice Sachaar Committee report will be implemented" എന്നാണ്. ഇത് നിങ്ങളുടെ പ്രകടന പത്രികയിലുള്ളതാണ്. എല്ലാം നടപ്പിലാക്കിയെന്നാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുണ്ട്, സച്ചാർ കമ്മിറ്റി ശിപാർശപ്രകാരമുള്ള പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുമെന്ന്. ഹജ്ജ് കമ്മിറ്റിക്കും വഖഫ് ബോർഡിനും ഗ്രാന്റ് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു.

എന്നിട്ട് നടപ്പായിട്ടുണ്ടോ; പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? മൈനോരിറ്റി വിഭാഗത്തിനുവേണ്ടി സച്ചാർ കമ്മീഷന്റെ ശിപാർശ പ്രകാരവും കേരള ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള പാലോളി കമ്മീഷന്റെ ശിപാർശപ്രകാരവുമുള്ള ഈ റിപ്പോർട്ടിന് പത്തിരുപത്തിയേഴ് പേജുകളുണ്ട്. ഇതിന് അർത്ഥപൂർണ്ണമായ ഒരു നിലപാടോ, തീരുമാനമോ, നിർവ്വഹണമോ ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടില്ല. നിങ്ങൾ മൈനോരിറ്റിയുടെ കാര്യങ്ങൾ പറയൂ, മൗനമായിരുന്നിട്ട് കാര്യമില്ലല്ലോ; ഇത് നടപ്പിലാക്കണ്ടേ? നടപ്പിലാക്കാൻവേണ്ടി ഒരു നടപടിയുമുണ്ടായിട്ടില്ല. ഒന്നും രണ്ടും പ്രശ്നങ്ങളല്ല, വ്യത്യസ്തമായ പ്രശ്നങ്ങളുണ്ട്. ഇത് വളരെ സമഗ്രമായ റിപ്പോർട്ടാണ്, അങ്ങ് ഇത് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. വ്യത്യസ്തമായ കുറേകാര്യങ്ങൾ പറയുന്നുണ്ട്. ബാക്ക്ലോഗ് ഓരോ സംവരണത്തിനും എങ്ങനെയാണ് കൊടുക്കേണ്ടത്, എത്രത്തോളമാണ് കിട്ടേണ്ടതെന്നതിനെ സംബന്ധിച്ച സംവരണ രീതിയെ തകിടം മറിച്ചുകൊണ്ടാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്. ഇക്കാര്യങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ വിശദമായി പറഞ്ഞിട്ടുണ്ട്. അതുപ്രകാരം ലഭ്യമാകേണ്ട തസ്തികകൾപോലും

നികത്തപ്പെടുന്നില്ല. അതിന് ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. അതിനെല്ലാമുള്ള പരിഹാരം റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഗവൺമെന്റ് ഇക്കാര്യത്തിൽ അനുകൂലമല്ലാത്ത നിലപാടാണ് സ്വീകരിച്ചുപോകുന്നത്. സംവരണങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, നിങ്ങൾക്കറിയാം ഇപ്പോൾ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യൂ.എസ്.) വിഭാഗത്തിന് സംവരണം വന്നു. 'എ' വിഭാഗത്തിന് നഷ്ടപ്പെട്ടത് പത്ത് ശതമാനത്തിൽ അധികരിക്കാത്ത രീതിയിൽ ചെയ്യാൻ പറഞ്ഞെങ്കിലും കേരളത്തിൽ അത് നടപ്പിലാക്കിയപ്പോൾ പിന്നാക്ക സമുദായങ്ങൾക്ക് ലഭിച്ചിരുന്ന സംവരണത്തിലാണ് കുറവുവന്നത്. അക്കാര്യം അങ്ങ് പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പരിശോധിക്കാമെന്ന് മുമ്പ് സഭയിൽ പറഞ്ഞിരുന്നതാണ്. വിദ്യാഭ്യാസ മേഖലയിൽ അഡ്മിഷന്റെയും സംവരണത്തിന്റെയും കാര്യത്തിൽ കഴിഞ്ഞ കാലത്ത് പിന്നാക്കക്കാരായ ഈഴവ, ലാറ്റിൻ ക്രിസ്റ്റ്യൻ, മുസ്ലീം തുടങ്ങിയ വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യത്തിൽ മാറ്റം വരുകയുണ്ടായി.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, സംവരണ സംവിധാനത്തിൽ മാറ്റം വരുത്തിയെന്ന് ബഹുമാനപ്പെട്ട അംഗം

പറയുകയുണ്ടായി. അത് എന്താണെന്ന് ഒന്നുകൂടി പറയാമോ?

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഞാൻ പറഞ്ഞ കാര്യങ്ങൾ സർക്കാർ പരിശോധിക്കണം. ഇപ്രാവശ്യത്തെ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിലെ അഡ്മിഷൻ ലിസ്റ്റും മറ്റുസംവരണ ലിസ്റ്റുകളും പരിശോധിച്ചുനോക്കുക. കാരണം ഇത് നടപ്പിലാക്കുമ്പോൾ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. അത് ഗവൺമെന്റ് പരിശോധിക്കണം. ഓരോ വിഭാഗത്തിനും ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയാണ്. അതുപോലെ ഈ റിപ്പോർട്ടിൽ വഖഫ് ബോർഡിനെ സംബന്ധിച്ച് പരാമർശമുണ്ടായിരുന്നു. വഖഫ് ബോർഡിൽ നിങ്ങൾ എന്താണ് ചെയ്യുന്നത്; അവിടെ ഗ്രാന്റ് നൽകുന്നുണ്ടോ? സർക്കാരാണ് അവിടെ ട്രിബ്യൂണൽ സ്ഥാപിക്കേണ്ടത്, ആഭ്യന്തര വകുപ്പാണ് അത് ചെയ്യേണ്ടത്. വഖഫ് ബോർഡിന്റെ 45 ലക്ഷം രൂപ തിരിച്ചുനൽകാമെന്ന വ്യവസ്ഥയോടെ കോഴിക്കോട് വഖഫ് ട്രിബ്യൂണൽ സ്ഥാപിച്ചു. നിങ്ങൾ ആ തുക തിരിച്ച് നൽകിയോ; വഖഫ് ബോർഡ് എത്രയോ പ്രാവശ്യം യോഗം ചേർന്ന് എഴുത്തുകുത്ത് നടത്തി. വഖഫ് ബോർഡിന്റെ ക്ഷേമ പദ്ധതികൾക്കുവേണ്ടി

നിങ്ങൾ പണം നീക്കിവച്ചോ? ഇതെല്ലാം റിപ്പോർട്ടിലുണ്ട്. നിങ്ങൾ ആകെ ചെയ്തത് എന്താണ്? വഖഫ് ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു. അതും വളരെ നാമമാത്രമായ നിയമനം. അങ്ങയുടെ വകുപ്പിന് ഇതുസംബന്ധിച്ച് അറിയാമല്ലോ; ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റിനുവേണ്ടി ബോർഡ് രൂപീകരിച്ചത് നല്ല കാര്യമാണ്. എന്നാൽ വഖഫ് ബോർഡ് വന്നപ്പോൾ അവിടത്തെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടു. അതിനെ ഞങ്ങളെല്ലാവരും സഭയിൽ എതിർത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ സഭാ സമ്മേളനത്തിനുശേഷം മുസ്ലീം സംഘടനകളുടെ യോഗത്തിൽ പറഞ്ഞത് ആരും എതിർത്തിട്ടില്ലായെന്നാണ്. ഈ നിയമം പാസ്സാക്കുമ്പോൾ ഒരാളുപോലും ഈ നിയമത്തെ ചോദ്യം ചെയ്യുകയോ എതിർക്കുകയോ ചെയ്തിട്ടില്ലായെന്നാണ് ഞാൻ പറഞ്ഞത്. അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ സംരക്ഷണത്തെക്കുറിച്ച് മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. ഇത് സഭയിൽ നിരാകരണ പ്രമേയമായി അവതരിപ്പിക്കുകയും പൊതുജനാഭിപ്രായം ആരായുന്നതിനായി വിടണമെന്നുപറഞ്ഞ് പ്രസംഗിക്കുകയും സബ്ജക്ട് കമ്മിറ്റി II-ന് അയയ്ക്കണമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. മൂന്നാം വായനയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ.

ബാബു എന്നിവർ അതിനെ എതിർത്ത് സംസാരിച്ചിട്ടുണ്ട്. ഇതെല്ലാമുള്ളപ്പോൾ എന്തിനാണ് സംഘടന നേതാക്കൻമാരുടെ യോഗം വിളിക്കുമ്പോൾ തെറ്റായ കാര്യം പറയുന്നത്. എല്ലാവരും ഒന്നിച്ച് എതിർത്തിട്ടുള്ള ഒരു നിയമം.....

മി. ചെയർമാൻ: പ്ലീസ്..... അങ്ങയുടെ സമയം കഴിഞ്ഞു......

ശ്രീ. കെ. പി. എ. മജീദ്: സർ, എല്ലാ മുസ്ലീം സംഘടനകളോടും ആ നിയമം പിൻവലിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാക്ക് കൊടുത്തിട്ട് എത്ര വർഷമായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വാക്ക് പാലിച്ചിട്ടുണ്ടോ; ഈ നിയമം ഇവിടെ പാസ്സാക്കിയിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇത് നടപ്പിലാക്കാതിരിക്കണമെങ്കിൽ ഈ സഭയിൽ രണ്ടാമത് ബില്ലായി വരണം. പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂലൈ 21-ന് അവസാനിക്കുകയാണ്. ഇക്കാര്യത്തിൽ നിങ്ങളുടെ നിലപാട് എന്താണ്; ഈ നിയമം പിൻവലിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യം ഈ സഭയിൽ പറയണം. മുസ്ലീം സംഘടനകൾക്ക് നൽകിയ ഉറപ്പനുസരിച്ച് ഈ നിയമം നടപ്പിലാക്കില്ലെന്നും അത് പിൻവലിക്കുമെന്നും മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി അങ്ങ് പറയണമെന്നുകൂടി

പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. നാട്ടുനെല്ലിൻ ചുവട്ടിൻ മുളച്ച കാട്ടുപുല്ലല്ല സാധുക്കളെ, ജന്മിവർഗ്ഗത്തിന്റെ ചാട്ടവാർ അടിയേറ്റ് തളർന്ന ദളിത് ആദിവാസി സമൂഹത്തെ സാമൂഹ്യ ജീവിതത്തിലേയ്ക്ക് കൊണ്ടുവന്നത് നവോത്ഥാന പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുമാണ്. വേദപുസ്തകങ്ങൾ പഠിക്കാൻ കഴിയാത്ത, കിണറ്റിൽനിന്ന് വെള്ളം കുടിക്കാൻപോലും കഴിയാത്ത, റോഡിലൂടെ സഞ്ചരിക്കാൻ കഴിയാത്ത, കുഴിയിൽ ഇലയിട്ട് അതിൽ ഭക്ഷണം കഴിച്ച, കല്ലയും മാലയും ധരിച്ച് മാറുമറയ്ക്കാൻ കഴിയാത്ത, അമ്പലങ്ങളിൽ കയറി മുഖാമുഖം ദൈവങ്ങളോട് എന്റെ മക്കളൊന്ന് നന്നാകട്ടെയെന്ന് ഉള്ളുരുകി പ്രാർത്ഥിക്കാൻപോലും സാധിക്കാത്ത, സവർണ്ണമുഖത്തുനോക്കി പ്രതികരിച്ചിട്ടുണ്ടെങ്കിൽ ആ നാവ് പിഴുതെറിയുന്ന, ചവറ്റുകുട്ടയിലിരുന്ന് ചിരട്ടയിൽ ചായ കുടിച്ച ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു. ആ കാലഘട്ടത്തെ മാറ്റിമറിച്ച നവോത്ഥാന നായകന്മാരായ അയ്യങ്കാളിയും പണ്ഡിറ്റ് കറുപ്പനും ശ്രീനാരായണഗുരുവുമടക്കമുള്ളവരുടെ ശാന്തവും അതിശക്തവുമായ

പോരാട്ടങ്ങളിലൂടെയാണ് ഇത്തരത്തിലുള്ള മാറ്റങ്ങളിലേയ്ക്ക് ഈ കൊച്ചുകേരളത്തെ മാറ്റിയെടുക്കാൻ സാധിച്ചത്. സഹോദരൻ അയ്യപ്പന്റെ പന്തിഭോജനവും ശ്രീനാരായണഗുരുവിന്റെ ശിവപ്രതിഷ്ഠയും മിശ്രവിവാഹവും അയ്യങ്കാളി നടത്തിയിട്ടുള്ള വില്ലുവണ്ടി സമരവുമൊക്കെ പത്തൊൻപതാം നൂറ്റാണ്ടിലുണ്ടായിട്ടുള്ള വലിയ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു. ഇന്ന് ഇവിടെ ഇരിക്കുവാനും പ്രതികരിക്കുവാനും റോഡിലൂടെ നടക്കുവാനുമുള്ള അവകാശങ്ങൾ ഉണ്ടാക്കിത്തന്നത് നവോത്ഥാന പ്രസ്ഥാനത്തിന്റെ നായകന്മാരായിരുന്നുവെങ്കിൽ അതിന് ചുക്കാൻപിടിച്ച ഗവൺമെന്റാണ് ഇന്ന് ഇവിടെ ഇരിക്കുവാനും റോഡിലൂടെ നടക്കുവാനും അമ്പലങ്ങളിൽ കയറിയിരുന്ന് ഉള്ളുരുകി പ്രാർത്ഥിക്കുവാനുമുള്ള അവകാശങ്ങൾ നേടിത്തന്നത്. പാഠപുസ്തകങ്ങൾ പഠിക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെട്ട കൊച്ചുമക്കളുടെ ദുഃഖങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് അയ്യങ്കാളി പഞ്ചമിയെന്ന കൊച്ചുകുട്ടിയെയുമെടുത്തുകൊണ്ട് സമരം നടത്തിയത്, പള്ളിക്കൂടങ്ങളിൽ കയറാൻ അധികാരങ്ങൾ ഉണ്ടാക്കിത്തന്നത്. കല്ലുമാല ഉപേക്ഷിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട്, അടിമകളായി ജീവിക്കേണ്ടി വന്ന ഗതികേടിലേയ്ക്ക് നമ്മുടെ നാടിനെ, ആ സംസ്കാരത്തിലേയ്ക്ക്, സവർണ്ണ

മേധാവിത്വത്തിലേയ്ക്ക് കൊണ്ടുവന്ന കാലഘട്ടങ്ങളിൽനിന്ന് അയ്യങ്കാളി നടത്തിയിട്ടുള്ള മാറുമറയ്ക്കൽ സമരം ഉൾപ്പെടെയുള്ള സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള, അതോടൊപ്പം കല്ലയും മാലയും ഉപേക്ഷിക്കാനുള്ള സമരങ്ങൾ നടത്തി കൊച്ചുകുട്ടിയെ ക്ലാസ് മുറിയിൽ കയറ്റിയിരുത്തിക്കൊണ്ട് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഈ സാമൂഹ്യ വ്യവസ്ഥിതിയിൽ വലിയ മാറ്റങ്ങളുണ്ടാക്കിത്തന്നതും കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അത് ഏറ്റെടുത്ത് നടപ്പിലാക്കിയതോടുകൂടി കേരളത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെ വ്യക്തമായി ഇന്നത്തെ കാലഘട്ടത്തിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോഴും ഇന്ത്യയുടെ മറ്റിതരഭാഗങ്ങളിലേയ്ക്ക് പരിശോധിക്കപ്പെടുമ്പോഴും കേരളത്തിലുണ്ടായ വലിയ മാറ്റങ്ങളൊക്കെ തിരിച്ചുപിടിക്കുന്നതിനുവേണ്ടിയുള്ള വലിയൊരു ശ്രമമാണ് മനുസ്മൃതിയിലൂടെ ഇന്ന് രാജ്യത്ത് നടമാടിക്കൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യമാണ് നമ്മൾ തിരിച്ചറിയേണ്ടത്. സംവരണങ്ങളെ അട്ടിമറിച്ച് ബ്രാഹ്മണിക്കൽ അജണ്ട വീണ്ടും ഈ രാജ്യത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ടുപോകേണ്ട കാലഘട്ടമാണിത്. അവിടെയാണ് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രസക്തി. സംവരണങ്ങൾ

അട്ടിമറിക്കപ്പെടുന്നുവെന്ന് നിങ്ങൾ പറയുന്നതിലപ്പുറമായി മനുസ്മൃതിയിലേയ്ക്കുള്ള പ്രയാണമാണെന്ന് നമ്മൾ തിരിച്ചറിയേണ്ടതാണ്. ബ്രാഹ്മണിസത്തിനെതിരെ ഡോ. ബി. ആർ. അംബേദ്കർ തൊടുത്തുവിട്ട സമരങ്ങളുടെ ഉച്ചസ്ഥായിയാണ് ഇന്ത്യൻ ഭരണഘടനയുടെ 15-ാം വകുപ്പും 46-ാം വകുപ്പും. 15-ാം വകുപ്പിലൂടെ പൗരാവകാശങ്ങൾ പുനഃസ്ഥാപിച്ചു. 46-ാം വകുപ്പിലൂടെ ജാതി-മത-ലിംഗ-വംശ-ജനനസ്ഥലം എന്നിവയുടെ പേരിലുള്ള വിവേചനങ്ങൾ നിഷേധിച്ചു. ഇന്ന് ആ വകുപ്പുകളൊക്കെ എവിടെയാണെന്ന ചിന്ത ഭരണഘടനയെടുത്ത് പരിശോധിക്കുമ്പോൾ ഉണ്ടാകേണ്ടതാണ്. മനുസ്മൃതിയെ ഭരണഘടനയാക്കാൻ ശ്രമിക്കുന്നവർ ഇതെല്ലാം ഇന്ന് ഇല്ലാതാക്കുന്നുവെന്നുള്ളതാണ്. കോൺഗ്രസ്സുകാരുടെ മൃദുബ്രാഹ്മണിസം എന്നും ഇതിന്റെ പിറകിലുണ്ടായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മനുസ്മൃതിയും ബ്രാഹ്മണിസവും ഇന്ന് തിരിച്ചുവരികയാണെന്ന് നമ്മൾ തിരിച്ചറിയേണ്ടതാണ്. ഗോവധ നിരോധനത്തിലൂടെ അതിനെ ഇന്ന് ഒരുപടിയായി കാണാൻ സാധിക്കും. മനുസ്മൃതിയിൽ പറയുന്നത്:

"സ്വസ്തി പ്രജാഭ്യ പരിപാലയന്താം

ന്യായേന മാർഗ്ഗേണ മഹീം മഹീശാഃ

ഗോ ബ്രാഹ്മണേഭ്യ ശുഭമസ്തു നിത്യം

ലോകാഃ സമസ്താ സുഖിനോ ഭവന്തു"

എന്നാണ്. അതായത് ബ്രാഹ്മണനെയും അതോടൊപ്പം ഗോക്കളെയുമെല്ലാം പരിപാലിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ഈ ലോകത്ത് ശാന്തിയും സമാധാനവും ഉണ്ടാകുകയുള്ളുവെന്ന് പറഞ്ഞുകൊണ്ട് പതുക്കെ ബ്രാഹ്മണിസത്തിലേയ്ക്ക് രാജ്യത്തെ കൊണ്ടുവരുന്നതിനുള്ള വലിയ ശ്രമം ഗോവധ നിരോധനത്തിലൂടെ ഉണ്ടാകുന്നു. കോൺഗ്രസ്സ് ഭരിക്കുന്ന ഉത്തർപ്രദേശിലാണ് ആദ്യമായി ഗോവധ നിരോധനം നടന്നത്. ബ്രാഹ്മണിസം എത്ര ശക്തമാണെന്ന് തിരിച്ചറിയേണ്ടത്, കോൺഗ്രസിന്റെ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിൽ, പുരിശങ്കരാചാര്യയുടെ മുമ്പിലേയ്ക്ക്, അമ്പലത്തിലേയ്ക്ക് കയറിചെന്നപ്പോൾ തടഞ്ഞുനിർത്തിയ ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് ഈ ഭരണഘടന ഉപയോഗിച്ചുകൊണ്ട് പുരിശങ്കരാചാര്യയെ അറസ്റ്റ് ചെയ്യാൻ സാധിച്ചില്ലെന്ന് പറയമ്പോൾ നമുക്ക് നൽകിയിട്ടുള്ള ആരാധനാവകാശംപോലും നിഷേധിക്കപ്പെടുന്ന രീതിയിലേയ്ക്ക് ബ്രാഹ്മണിസം വളർന്നുവെന്നാണ് മനസ്സിലാകുന്നത്. നെഹ്റുവിന്റെ കാലഘട്ടത്തിൽ, ഡോ. ബി. ആർ.

അംബേദ്കർ ഹിന്ദു കോഡ് അവതരിപ്പിക്കാൻ ശ്രമിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞില്ലായെന്നുണ്ടെങ്കിൽ തീർച്ചയായും ഈ ഗവൺമെന്റ് രാജിവയ്ക്കും. ആ ബിൽ പാസ്സാകുമെന്ന് ഡോ. ബി. ആർ. അംബേദ്കർ വിചാരിച്ചു. അന്ന് മാളവ്യ ഉൾപ്പെടെയുള്ള കോൺഗ്രസ്സുകാരെ അതിശക്തമായി എതിർത്തുകൊണ്ട്, ആ ബിൽ എല്ലാവരും ഒന്നാണെന്ന്, ഹിന്ദു ഒന്നാണെന്ന് പറയുന്നതിനുവേണ്ടി ഡോ. ബി. ആർ. അംബേദ്കർ അവതരിപ്പിക്കാനിരുന്ന ബിൽ അവതരിപ്പിക്കാൻ കഴിയാതെ ഡോ. ബി. ആർ. അംബേദ്കർ രാജിവയ്ക്കേണ്ട ഗതികേടിലേയ്ക്ക് വന്നു. നെഹ്റു മൗനം പാലിക്കുന്ന അവസ്ഥാവിശേഷമാണ് അന്ന് രാജ്യത്ത് ഉണ്ടായതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മനുസ്മൃതിയും മഹാഭാരതവും എൻ.സി.ഇ.ആർ.ടി. പദ്ധതിയിലൂടെ ഇന്ന് അടിമത്വത്തിലേയ്ക്ക് എങ്ങനെ ആളുകളെ കൊണ്ടുപോകാമെന്നാണ് സൂചിപ്പിക്കുന്നത്. മനുസ്മൃതിയും മഹാഭാരതവും ഭഗവത്ഗീതയും രാമായണവും ഉൾക്കൊള്ളുന്ന പാഠപുസ്തകങ്ങൾ എങ്ങനെയാണ് കുട്ടികളെ പഠിപ്പിക്കാൻ പോകുന്നത്; ആ പാഠപുസ്തകങ്ങളിൽനിന്ന് വരുന്നത് മുസ്ലീം വിരോധം

മാത്രമല്ല, അതോടൊപ്പം അടിമത്വത്തിലേയ്ക്കും ജാതിവ്യവസ്ഥിതിയിലേയ്ക്കും ഒരു സമൂഹത്തെ എങ്ങനെ കൊണ്ടുവരാൻ കഴിയുമെന്നുള്ളതിന്റെ പഠനമാണ് നാളെകളിൽ എൻ.സി.ഇ.ആർ.ടി.-യിലൂടെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പോകുന്നതെന്ന് സൂചിപ്പിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള പിന്നാക്ക വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അതിശക്തമായ ഇടപെടലുകളെക്കുറിച്ച് വളരെ ദീർഘമായി ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും യു.ഡി.എഫ്.-ന്റെയും ചില അംഗങ്ങൾ നല്ലരീതിയിൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ച് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും കുറച്ച് നിർദ്ദേശങ്ങൾ മാത്രം ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും ക്വാളിറ്റിയുള്ള വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കുട്ടികളെ കൊണ്ടെത്തിക്കുന്നതിനും അവരെ മോണിറ്ററിംഗ് നടത്തുന്നതിനും ഒന്നാംതലം മുതലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതായിട്ടുണ്ട്. അവരുടെ തൊഴിൽ സാധ്യതകളെയും വിദ്യാഭ്യാസത്തെയും സാമൂഹികാന്തരീക്ഷങ്ങളെയുമെല്ലാം പഠിക്കുന്ന രീതിയിലേയ്ക്ക് ഓരോ വീടുകളെയും ഓരോ വ്യക്തികളെയും അഡ്രസ്സ് ചെയ്യപ്പെട്ട് മുന്നോട്ടുപോകാൻ

സാധിച്ചാൽ മാത്രമേ ഇനിയുള്ള കാലഘട്ടത്തിൽ നമ്മുടെ മക്കളെ തീർച്ചയായും ഉന്നതിയിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. സ്കാറ്റേർഡായി കിടക്കുന്ന വീടുകളെ എങ്ങനെയാണ് അഡ്രസ്സ് ചെയ്യാൻ കഴിയുന്നതെന്ന് ബഹുമാന്യനായ മന്ത്രി ആലോചിക്കേണ്ടതുണ്ട്. കോഴ്സിന് ചേരുമ്പോൾതന്നെ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്ന ഒരു കാലഘട്ടംകൂടിയാണ് ഇതെന്ന് നമ്മൾ മനസ്സിലാക്കണം. ഈ കാലഘട്ടത്തിൽ, ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എന്തുകൊണ്ട് കൊഴിഞ്ഞുപോകുന്നു? അതിന് രണ്ട് കാര്യങ്ങളുണ്ട്. സാമ്പത്തികപരമായ കാര്യങ്ങളും മാനസികമായ അടിമത്വങ്ങളുമുണ്ടെന്നുകൂടി എഴുതിച്ചേർക്കപ്പെടേണ്ടതായിട്ടുണ്ട്. അതാണ് രോഹിത് വെമുല ഉൾപ്പെടെയുള്ളവരുടെ ആത്മഹത്യയ്ക്ക് കാരണമായി ഭവിച്ചിട്ടുള്ളതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്.

മി. ചെയർമാൻ: യെസ്....പ്ലീസ് കൺക്ലൂഡ്...

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, മാനസിക അടിമത്വത്തിൽ നിൽക്കുന്ന വിദ്യാർത്ഥികളെ ഏതെല്ലാംവിധത്തിൽ മുൻപന്തിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമോ ആ ഒരു മാനസിക അടിമത്വത്തിൽനിന്ന്

മോചിപ്പിക്കാനുള്ള ശ്രമംകൂടി നടത്തണം. മറ്റൊരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. നമുക്ക് നൽകിയിട്ടുള്ള വീടുകളിൽ സഞ്ചാരയോഗ്യമല്ലാത്തവയുണ്ട്, പാടങ്ങളിലുള്ള വീടുകളുണ്ട്. വീട് തകർന്നുപോകുന്ന സാഹചര്യങ്ങളിൽ അവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി ഇന്ന് കൊടുക്കുന്ന പണം അപര്യാപ്തമാണ്. അതുകൂടി പരിഹരിച്ചുകൊണ്ട്, അവർക്ക് പണം കൂട്ടിക്കൊടുക്കുന്ന അവസ്ഥാവിശേഷം ഉണ്ടാകണമെന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളിൽ നട്ടെല്ല് ഉയർത്തിപ്പിടിച്ച് അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കാനുള്ള വലിയ വിപ്ലവകരമായ തീരുമാനത്തിന് നേതൃത്വം നൽകിയത് 1957-ലെ മഹാനായ ഇ.എം.എസ്.-ന്റെ ഗവൺമെന്റാണ്. 1957-ലെ ഗവൺമെന്റായിരുന്നു ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി കൃഷി ഭൂമി കർഷകന് കൊടുക്കുക എന്ന മഹത്തായ ആശയത്തെ യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചത്. 1957-ലെ

ഗവൺമെന്റിന്റെ തുടർച്ചയായി പിന്നീട് ഇങ്ങോട്ട് മാറിമാറി വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റുകളാണ് കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് അഭിസംബോധന ചെയ്യാനും ആ പ്രശ്നങ്ങൾ പരിഹരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ശ്രമിച്ചിട്ടുള്ളത്. കേരളത്തിലെ ഗവൺമെന്റ് ശരിയായ നിലയിലേയ്ക്കുള്ള വികസന നയം ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്ന സന്ദർഭങ്ങളിലെല്ലാം കേരളത്തിലെ പ്രതിപക്ഷം ആ വികസന പ്രവർത്തനങ്ങളെയാകെ അട്ടിമറിക്കാനുള്ള വലിയ പ്രചാരവേലകൾക്കാണ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. ഇന്ന് കേരളത്തിലെ പ്രതിപക്ഷം സഭയിൽകൊണ്ടുവന്ന അടിയന്തര പ്രമേയവും അതിനെത്തുടർന്ന് പിന്നീട് ഇങ്ങോട്ട് നടത്തിയ പ്രസംഗങ്ങളിലും, വാക്കൗട്ട് പ്രസംഗം നടത്തുന്ന സന്ദർഭത്തിൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉൾപ്പെടെ സൂചിപ്പിച്ചു. No compromise with BJP. ബി.ജെ.പി.-യോട് കോംപ്രമൈസില്ല. ഞങ്ങളാണ് ശരിയായ നിലയിൽ ബി.ജെ.പി.-ക്കെതിരായ പോരാട്ടം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി.-യെ ശരിയായ നിലയിൽ തുറന്നുകാണിക്കാനുള്ള

ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നത് ഇന്ന് കേരളത്തിലെ കോൺഗ്രസ്സാണെന്ന നിലയിലുള്ള പ്രസംഗമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഇവിടെ നാം കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ആരാണ് ഈ രാജ്യത്ത് ബി.ജെ.പി.-ക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നത് എന്നുള്ളതാണ്. അടിയന്തര പ്രമേയത്തിന്റെ ഭാഗമായ പ്രസംഗത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ No compromise with BJP എന്നായിരുന്നെങ്കിൽ ഇന്ന് ഈ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന സംഘപരിവാർ രാഷ്ട്രീയത്തോട് ഒപ്പം ചേർന്നുനിൽക്കാൻ കോൺഗ്രസ്സിന് സാധിക്കുമായിരുന്നില്ല. നേരത്തെ കോൺഗ്രസ്സായിരുന്നവരാണ് ഇന്ന് ഈ രാജ്യം ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദിയുടെ മന്ത്രിസഭയിലെ പ്രമുഖരായിട്ടുള്ളവരെന്ന് കാണാൻ കഴിയും. ഇവിടെ വർത്തമാന കാലയളവിൽ രാജ്യത്തിന്റെ രാഷ്ട്രീയ പരിസരത്തേയ്ക്ക് നോക്കുമ്പോൾ മുമ്പ് കോൺഗ്രസ്സായിരുന്നവർ ഇന്ന് ബി.ജെ.പി.-ആയി മാറുന്നു. ഇവിടെ കഴിഞ്ഞ കാലയളവിൽ ബി.ജെ.പി.-ക്ക് ഏറ്റവുമധികം മന്ത്രിമാരെയും എം.എൽ.എ.-മാരെയും സംഭാവന ചെയ്യാനുള്ള ഏജൻസിയായി കോൺഗ്രസ്സ് മാറിയിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യം

പറയാതെ നിർവ്വാഹമില്ല. ജനപ്രതിനിധികളെ ബി.ജെ.പി.-യ്ക്ക് സംഭാവന ചെയ്തിരിക്കുന്ന പാർട്ടിയായി കോൺഗ്രസ്സ് മാറുന്നു. ശ്രീ. നരേന്ദ്രേ മോദിയുടെ മന്ത്രിസഭയിൽ എത്ര മുൻ കോൺഗ്രസ്സുകാരുണ്ട്, നാം തിരിച്ചറിയണ്ടേ; ഇവിടുത്തെ കോൺഗ്രസ്സുകാർ വ്യക്തമാക്കണ്ടേ; നിങ്ങൾ അതുസംബന്ധിച്ച് പരിശോധിക്കണം. ദീർഘകാലം കോൺഗ്രസിനായി പ്രവർത്തിച്ച്, ഹരിയാനയിൽനിന്ന് നിയമസഭയിലും ലോക്സഭയിലും എത്തിയ ആളാണ് റാവു ഇന്ദ്രജിത്ത് സിംഗ്. അദ്ദേഹം ഇന്ന് സംഘപരിവാർ രാഷ്ട്രീയത്തോടൊപ്പം ചേർന്ന് ശ്രീ. നരേന്ദ്ര മോദിയുടെ മന്ത്രിസഭയിലാണ്. ആരാണ് ശ്രീ. ജ്യോതിരാദിത്യസിന്ധ്യ? ഈ രാജ്യത്തെ കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവ്, കോൺഗ്രസ്സിന്റെ ഉപാദ്ധ്യക്ഷൻ, ശ്രീ. രാഹുൽ ഗാന്ധിയുടെ ബ്രിഗേഡായി പ്രവർത്തിച്ച എ.ഐ.സി.സി.-യുടെ ജനറൽ സെക്രട്ടറി ഇന്ന് സംഘപരിവാർ രാഷ്ട്രീയത്തോട് ചേർന്നുനിൽക്കുന്നു. ആരാണ് ശ്രീ. നാരായൺ റാണെ? മഹാരാഷ്ട്ര സർക്കാരിൽ രണ്ടുതവണ കോൺഗ്രസ്സിനോടൊപ്പംനിന്ന്, മന്ത്രിയായി, 2017-വരെ കോൺഗ്രസ്സായി പ്രവർത്തിച്ചു. ഇന്ന് സംഘപരിവാർ രാഷ്ട്രീയത്തോടൊപ്പം ചേർന്നുനിൽക്കുന്ന ആളായി ഈ വ്യക്തി മാറിയില്ലേ; ഇനി ഇന്ത്യയിലെ അഞ്ച്

മുഖ്യമന്ത്രിമാരെക്കുറിച്ച് നോക്കാം. മണിപ്പൂരിലെ മുഖ്യമന്ത്രി ശ്രീ. എൻ. വീരേന്ദ്ര സിംഗ് നേരത്തെ കോൺഗ്രസ്സായിരുന്നു. ഇന്ന് ബി.ജെ.പി.-യായി മാറി. അരുണാചൽ പ്രദേശിലെ മുഖ്യമന്ത്രി പെമാ ഖണ്ഡു നേരത്തെ കോൺഗ്രസ്സായിരുന്നു. ഇന്ന് ബി.ജെ.പി.-യായിമാറി. ആസ്സാമിലെ ഹിമന്ത് ബിശ്വ ശർമ്മ നേരത്തെ കോൺഗ്രസ്സായിരുന്നു, ഇന്ന് ബി.ജെ.പി.-യായി. നാഗാലാൻഡിലെ മുഖ്യമന്ത്രി നേരത്തെ കോൺഗ്രസ്സായിരുന്നു, ഇന്ന് ബി.ജെ.പി. ആയി മാറി. ത്രിപുരയിലെ മനിക് സാഹ നേരത്തെ കോൺഗ്രസ്സായിരുന്നു, ഇന്ന് ബി.ജെ.പി ആയി. ഇന്ത്യയിലെ അഞ്ച് മുഖ്യമന്ത്രിമാരെ ബി.ജെ.പി.-ക്ക് സംഭാവന ചെയ്ത ഏജൻസിയായി കോൺഗ്രസ്സ് മാറിയത് കേരളത്തിലെ കോൺഗ്രസ്സ് അറിഞ്ഞിരുന്നില്ലേ; ഇത്രമേൽ മോശമായ സാഹചര്യത്തിലേയ്ക്ക് നമ്മുടെ കോൺഗ്രസ്സ് മാറി. ആരാണ് ഈ രാജ്യത്ത് ബി.ജെ.പി.-യായി മാറിക്കൊണ്ടിരിക്കുന്നത്, പരിശോധിക്കണ്ടേ; ഇടതുപക്ഷമാണോ; മതനിരപേക്ഷതയുടെ ശരിയായ മൂല്യം ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നവരല്ല, നേരത്തെ കപടമതനിരപേക്ഷ വാദമുയർത്തി ഈ രാജ്യത്ത് മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ച്

എല്ലാതരത്തിലുമുള്ള തെറ്റായ പ്രവർത്തനങ്ങളുടെയും ഭാഗമായ കോൺഗ്രസ്സാണ് ഇന്ന് ബി.ജെ.പി.-യ്ക്ക് ഏറ്റവുമധികം ആളുകളെ സംഭാവന ചെയ്യുന്ന ഏജൻസിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ വസ്തുതകൾ ഇന്നത്തെ കോൺഗ്രസ്സിന് കാണാൻ കഴിയുന്നുണ്ടോ; ഈ കോൺഗ്രസ്സാണ് രാജ്യത്ത് ഇത്രയും വലിയ പ്രതിസന്ധിയാർന്ന അന്തരീക്ഷത്തിലേയ്ക്ക് നമ്മുടെ രാജ്യത്തെ മാറ്റിയിട്ടുള്ളത്. ഇവിടെ നാം ചർച്ച ചെയ്യുന്ന വിഷയം, ഈ കേരളത്തിന്റെ മണ്ണിൽ ഏറ്റവും ശരിയായ നിലയിലേയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഗവൺമെന്റിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു, ഗവൺമെന്റിനെതിരായുള്ള പ്രചാര പ്രവർത്തനങ്ങൾ നടത്തുന്നു. ആ ഗവൺമെന്റ് ഏറ്റെടുക്കുന്ന എല്ലാതലത്തിലുമുള്ള ക്ഷേമപ്രവർത്തനങ്ങളെയും തെറ്റായനിലയിൽ വ്യാഖ്യാനിച്ച് കേരളത്തിൽ വലിയ പ്രചരണം നടത്തിക്കൊണ്ട് ഇവർ ആർ.എസ്.എസ്.-ന് എതിരായി, സംഘ് പരിവാർ രാഷ്ട്രീയത്തിനെതിരായി പ്രസംഗിച്ചാൽ മാത്രം പോര; പ്രവർത്തിക്കുകയും വേണമെന്ന തിരിച്ചറിവ് ഇവർക്കുണ്ടാകണം. അങ്ങനെ പ്രവർത്തിച്ചിരുന്നെങ്കിൽ ശരിയായ നിലയിൽ കോൺഗ്രസ്സിനെത്തന്നെ, കോൺഗ്രസ്സ് ഉയർത്തിപ്പിടിക്കുന്ന ആശയധാരയിൽ ഇവരെ നിലനിർത്താൻ

കഴിഞ്ഞിരുന്നെങ്കിൽ ഈ രാജ്യത്തിന്റെ മണ്ണിൽ ബി.ജെ.പി.-ക്ക് അതിന്റെ പ്രവർത്തകരെയും മന്ത്രിമാരെയും ജനപ്രതിനിധികളെയും സംഭാവന ചെയ്യുന്ന പാർട്ടിയായി കോൺഗ്രസ് ഇന്ന് മാറുമായിരുന്നില്ല. എന്നാൽ ഇന്ന് അങ്ങനെ മാറിയിരിക്കുന്നു. ഇവിടെ നാം മനസ്സിലാക്കേണ്ടത്, ഈ കേരളത്തിൽ നാം മുന്നോട്ടുവയ്ക്കുന്ന എല്ലാതലത്തിലുമുള്ള ക്ഷേമപ്രവർത്തനങ്ങളെയും ഇവർ അട്ടിമറിക്കുകയാണെന്നാണ്. രാജ്യത്ത് ഇത്ര വലിയ സവർണ്ണാധിപത്യത്തിന്റെ നയങ്ങൾ ഗവൺമെന്റ് നടപ്പിലാക്കുന്ന സന്ദർഭത്തിൽ കോൺഗ്രസ്സിന് പ്രതികരിക്കാൻ കഴിയുന്നില്ല. കാരണം കോൺഗ്രസ് സ്വീകരിക്കുന്ന സമീപനം അതാണ്. കോൺഗ്രസ് മൃദുഹിന്ദുത്വ സമീപനം സ്വീകരിക്കുന്നു. ഉത്തരേന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ സമീപനം മറ്റൊന്നാണ്. കേരള രാഷ്ട്രീയത്തിൽ വേറൊന്നും. അങ്ങനെ പറയുമ്പോൾ ഇവിടെ ശരിയായ നിലയിൽ ബി.ജെ.പി.-ക്കെതിരായി, സംഘപരിവാർ രാഷ്ട്രീയത്തിനെതിരായി ഉറച്ചൊന്ന് സംസാരിക്കാൻ കഴിയാത്ത പാർട്ടിയായി കോൺഗ്രസ് മാറുന്നുവെന്നുള്ള യാഥാർത്ഥ്യം നമ്മൾ കാണണം. ഈ സംഘപരിവാർ രാഷ്ട്രീയം രാജ്യം ഭരിക്കുന്ന സന്ദർഭത്തിലാണ് ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഗവേഷക

വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുലയ്ക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നത്. ഇത്രയും മനോഹരമായ ആത്മഹത്യക്കുറിപ്പ് എഴുതിവച്ച് ഒരു മനുഷ്യനും ഈ രാജ്യത്തിന്റെ മണ്ണിൽ ആത്മഹത്യ ചെയ്തതായി എന്റെ അറിവിലില്ല. അത്രമേൽ മനോഹരമായ ആത്മഹത്യക്കുറിപ്പാണ്. 'നിശബ്ദനായാണ് ഞാൻ വന്നത് നിശബ്ദനായിത്തന്നെ മടങ്ങുന്നു. എന്റെ ജനനം തന്നെയാണ് എന്റെ മരണകാരണം. ഏറ്റവും താഴെക്കിടയിലുള്ള ഒരു അവർണ്ണ വിഭാഗത്തിൽപ്പെടുന്ന ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ഒരാളായതുകൊണ്ട് മാത്രം എനിക്ക് ഈ രാജ്യത്തിന്റെ മണ്ണിൽ വിദ്യാഭ്യാസമില്ല. എന്നെ പഠിക്കാൻ അനുവദിക്കുന്നില്ല. എന്നെ മാനസികമായും ശാരീരികമായും ഈ രാജ്യത്തെ കേന്ദ്ര സർവ്വകലാശാലകളിൽപ്പോലും പ്രയാസപ്പെടുത്തുന്നു. എനിക്ക് ഈ രാജ്യത്തിന്റെ മണ്ണിൽ പഠിക്കാനാവില്ല" എന്ന് പ്രഖ്യാപിച്ച് ആത്മഹത്യ ചെയ്യേണ്ടി വന്ന ശാസ്ത്രജ്ഞനാകാൻ ആഗ്രഹിച്ച ഏറ്റവും മിടുക്കനായ ഒരു വിദ്യാർത്ഥിയുടെ അനുഭവം ഇവിടെ നമുക്കുണ്ട്. അങ്ങനെ ഈ രാജ്യത്ത് സവർണ്ണാധിപത്യ നയം സ്വീകരിക്കുന്ന ഗവൺമെന്റിനെതിരായി പ്രതികരിക്കാൻ കോൺഗ്രസിനോ മതനിരപേക്ഷ കക്ഷികളായി

അവരോടൊപ്പം പ്രഖ്യാപിച്ചു നിൽക്കുന്നവർക്കോ കഴിയുന്നില്ലെന്നുള്ളത് തീർച്ചയായും നാം തിരിച്ചറിയേണ്ടതാണ്. വിവിധവും വൈവിധ്യവുമാർന്ന പദ്ധതികൾ കേരളത്തിന്റെ മണ്ണിലെ പിന്നോക്ക ജനവിഭാഗങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് നടപ്പിലാക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയ 3579 കോടി രൂപയിൽ നിന്നും അത് ഈ വർഷം 4224 കോടി രൂപയായി ഉയർത്തി ശരിയായ രീതിയിൽ വിനിയോഗിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. പട്ടികജാതി ജനവിഭാഗങ്ങൾക്കുവേണ്ടി ഭൂമി, പാർപ്പിടം, മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്കായി ആകെ 1935.38 കോടി രൂപയാണ് ഈ ഗവൺമെന്റ് വകയിരുത്തിയിട്ടുള്ളത്. ഒരു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായമായി 1,25,000/- രൂപ വരെ നൽകണമെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ ഭാഗമായി 83.39 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത്രമേൽ ഈ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ, തിരിച്ചറിയാൻ, അവർക്ക് ആശ്വാസമേകാൻ അവരുടെ ജീവിത നിലവാരത്തെ സംരക്ഷിക്കാൻ കഴിയുന്ന നയങ്ങൾ

സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായം അതോടൊപ്പം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ മുതലായവയ്ക്കായി 325.61 കോടി രൂപയാണ് ബഡ്ജറ്റിന്റെ ഭാഗമായി ഗവൺമെന്റ് വകയിരുത്തിയിട്ടുള്ളത്. നഴ്സറി സ്കൂൾ പഠനം മുതൽ ഐ.എ.എസ്. പരിശീലനമുൾപ്പെടെ, പൈലറ്റ് ആകുന്നതുൾപ്പെടെയുള്ള വിദേശപഠനത്തിനും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഗവൺമെന്റായി നമ്മുടെ ഗവൺമെന്റ് മാറി, ഏറ്റവും ശരിയായ രീതിയിൽ ഇത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കുക എന്ന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കെത്താൻ അതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഈ ഗവൺമെന്റ് പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ജനവിഭാഗങ്ങളെക്കൂടി ചേർത്തുപിടിച്ച് അവരെക്കൂടി ഇതിന്റെ ഭാഗമാക്കി മാറ്റാനുള്ള ഇടപെടൽ നടത്തിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. കോവിഡ്-19 കാലത്ത് ഡിജിറ്റൽ പഠന സൗകര്യ രംഗത്ത് ഇടമലക്കുടിയിൽ മാത്രം 4.30 കോടി രൂപയാണ്

കണക്ടിവിറ്റിക്കുവേണ്ടി ചെലവഴിച്ചത്. ഇന്റർനെറ്റ് സൗകര്യങ്ങൾ കണക്ടിവിറ്റി ആധുനിക വിവരസാങ്കേതികവിദ്യയുടെ എല്ലാതരത്തിലുമുള്ള ആക്സസും നമ്മുടെ കോളനികളിൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ പാർക്കുന്ന പ്രദേശങ്ങളിൽ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ച് ആ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ സമയബന്ധിതമായി പൂർത്തീകരിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ, ശരിയായ നിലയിലേക്കുള്ള എല്ലാ നടപടികളും സ്വീകരിച്ചുപോകുന്ന ഗവൺമെന്റിനെ ദുർബലപ്പെടുത്താനുള്ള എല്ലാ അർത്ഥത്തിലുമുള്ള പ്രവർത്തനങ്ങളാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ആ പ്രതിപക്ഷത്തെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ഒന്നാം പിണറായി സർക്കാർ നേടിയതിനേക്കാൾ മികവാർന്ന, തിളക്കമാർന്ന വിജയം നേടിയാണ് രണ്ടാം പിണറായി സർക്കാർ കേരളത്തിന്റെ മണ്ണിൽ അധികാരത്തിൽ വന്നിട്ടുള്ളതെന്ന് ഇവിടെയിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ തിരിച്ചറിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ദളിത് ന്യൂനപക്ഷ ആദിവാസി വിഭാഗങ്ങൾ ഇന്ത്യയുടെ ചരിത്രത്തിൽ ഒരിക്കലുമില്ലാത്ത രീതിയിൽ ആശങ്കയോടെ ഭയപ്പാടോടെ കഴിയുന്ന കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയ രാഷ്ട്രീയത്തിൽ ബി.ജെ.പി. ഗവൺമെന്റ്, ബി.ജെ.പി.-യുടെ സംസ്ഥാന ഗവൺമെന്റുകൾ നടത്തുന്ന ദളിത് ആദിവാസി ന്യൂനപക്ഷ വിരുദ്ധ സമീപനത്തിന് ഒരുപാട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. നമുക്കറിയാം കേന്ദ്ര ഗവൺമെന്റിന്റെ പൊതുവായ നയ സമീപനം ദളിത് വിരുദ്ധതയാണ്. ചരിത്രത്തിൽ ആദ്യമായി ദളിത് വിഭാഗങ്ങൾക്ക് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നീക്കി വച്ച പദ്ധതി വിഹിതം വെട്ടിക്കുറച്ച സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ അത് നരേന്ദ്ര മോദി ഗവൺമെന്റിന്റെ കാലത്താണ്. ഇന്ന് ദളിത് സംരക്ഷണവും ആദിവാസി സംരക്ഷണവും.... നരേന്ദ്ര മോദി ഗവൺമെന്റ് ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനത്തേക്ക് ദളിത് വിഭാഗത്തിൽ നിന്ന് ശ്രീ. രാംനാഥ് കോവിന്ദിനെ കൊണ്ടുവന്നു. ആദിവാസി വിഭാഗത്തിൽനിന്ന് ഒരു പ്രസിഡന്റ് സ്ഥാനാർത്ഥിയെ കൊണ്ടുവന്ന് ഇന്ത്യയിലെ ദളിത് പ്രശ്നങ്ങളും ആദിവാസി

പ്രശ്നങ്ങളും പരിഹരിക്കാമെന്ന് വ്യാമോഹിക്കുകയാണ്. മദ്രാസിലും പൂനെയിലുമൊക്കെ കേൾക്കുന്ന വേദനകളും പ്രയാസങ്ങളും നിലവിളികളും ബി.ജെ.പി. ഗവൺമെന്റിന്റെ അല്ലെങ്കിൽ വിശ്വഹിന്ദു പരിഷത്തിന്റെ അതല്ലെങ്കിൽ സംഘപരിവാറിന്റെ സൃഷ്ടികളാണ്. യഥാർത്ഥത്തിൽ നമുക്ക് വേണ്ടത് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ആശ്വാസകരമായ വഴിനടക്കാനുള്ള, ക്ഷേത്രങ്ങളിൽ പോകാനുള്ള, തൊഴിൽ ചെയ്യുവാനുള്ള ഒരു സാഹചര്യമൊരുക്കലാണ്. ഇന്ന് ആൾക്കൂട്ട കൊലപാതകങ്ങളും കൂട്ടബലാത്സംഗങ്ങൾക്കും ഇരയാകുന്ന ദളിത് യുവതികളുടെയും അതുപോലെത്തന്നെ ദളിത് യുവാക്കളുടെയും എത്രയോ പേരുകൾ പറയുവാൻ കഴിയും. ആ രീതിയിലുള്ള സമീപനമാണ് ബി.ജെ.പി. ഗവൺമെന്റ്, നരേന്ദ്ര മോദി ഗവൺമെന്റ് എടുക്കുന്നതെങ്കിൽ കേരളത്തിലെ ഗവൺമെന്റിന്റെ സമീപനവും ഒട്ടും വ്യത്യസ്തമല്ല. എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം ഇവിടെ നിരവധി അംഗങ്ങൾ സംസാരിച്ചു. അവരൊക്കെ പറഞ്ഞ കാര്യങ്ങൾ കേരളത്തിന്റെ ദളിത് മുന്നേറ്റങ്ങൾക്ക്, സാമൂഹിക മുന്നേറ്റങ്ങൾക്ക് സി.പി.ഐ.(എം), കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്കിനെക്കുറിച്ചാണ്. ഞങ്ങളൊക്കെ വായിച്ചു പഠിച്ച കാര്യങ്ങൾ തെറ്റാണോയെന്ന്

പരിശോധിക്കേണ്ട സാഹചര്യമാണ് ഇവിടെയുള്ളത്. ക്ഷേത്രങ്ങളിലേയ്ക്ക് കടക്കാനുള്ള അവകാശം വാങ്ങിക്കൊടുത്തതും വഴിനടക്കാനുള്ള അവകാശം വാങ്ങിക്കൊടുത്തതുമെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് നേതാക്കളുമാണ്. ഞാൻ സമയ പരിമിതികൊണ്ട് അതിലെ വിശാലതയിലേയ്ക്ക് പോകുന്നില്ല. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവയെടുത്തു കഴിഞ്ഞാൽ കേരളത്തിലെ തിരുവനന്തപുരത്ത് പത്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്കുള്ള പ്രവേശനമുൾപ്പെടെയുള്ള കാര്യങ്ങളിൽ കോൺഗ്രസിന്റെ നേതാക്കന്മാരെടുത്ത സമരവും പ്രക്ഷോഭവും, നിലപാടുകളും ചരിത്രത്തിന്റെ ഭാഗമാണ്. ആ ഒരു യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് ഇവിടെ കമ്മ്യൂണിസ്റ്റുകാർ...

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അവരുടെ പേര് പറയണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പേര് പറയണോ; കോൺഗ്രസ് നേതാക്കളാണ്. മറിച്ച് അഭിപ്രായമുണ്ടോ? ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയവർ, വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നൽകിയവർ എല്ലാവരും. ഞാൻ പറഞ്ഞല്ലോ ഞാൻ ഇതിലേക്ക് ഒതുങ്ങി നിൽക്കുന്നില്ല.

അങ്ങനെ കേരളത്തിൽ എല്ലാ സമരങ്ങൾക്കും നേതൃത്വം നൽകിയത് കോൺഗ്രസ് നേതാക്കളാണ്. പക്ഷേ, ഇവിടെ പറയുന്നത് കമ്മ്യൂണിസ്റ്റുകാരാണെന്നാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ചരിത്രത്തെ ഇതുപോലെ വളച്ചൊടിക്കുന്നത് കഴിഞ്ഞ കുറച്ച് നാളുകളായി കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം...

ഡോ. എം. കെ. മുനീർ: സർ, എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും കോൺഗ്രസായിരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും കോൺഗ്രസ് ആയിരിക്കുമ്പോഴാണ് സമരത്തിന് നേതൃത്വം നൽകിയത്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഞങ്ങൾക്ക് അത് പറയാൻ മടിയില്ല. കോൺഗ്രസിന്റെ കൊടിപിടിച്ചാണ് സമരം നടത്തിയത്. കോൺഗ്രസിന്റെ കാഴ്ചപ്പാടാണ് നടപ്പിലാക്കിയത്, ഒരു വ്യക്തിയുടേതല്ല. കോൺഗ്രസ് സമരം നടത്തിയപ്പോൾ ആ സമരത്തിന് നേതൃത്വം നൽകി കോൺഗ്രസിന്റെ പ്രവർത്തകർ അന്ന് വോളന്റിയർമാരായാണ് പ്രവർത്തിച്ചത്. ആ ചരിത്രമൊന്നും അറിയാത്തവരല്ല ഞങ്ങൾ. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, ഇന്ത്യാ രാജ്യത്ത് സ്വാതന്ത്ര്യസമരം നടക്കുന്ന

കാലഘട്ടത്തിൽ, സ്വാതന്ത്ര്യസമരം ഇടക്കാലത്ത് നിർത്തിവച്ച് ഇന്ത്യയിലെ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്ന ദളിത് വിഭാഗങ്ങളെ സാമൂഹിക മുന്നേറ്റ നിലയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് മഹാത്മാഗാന്ധിയും ഇന്ത്യൻ നാഷണൽ കോൺഗ്രസുമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ലോകത്ത് ഏതെങ്കിലുമൊരു സമര ചരിത്രം, ധാരാളം സമരങ്ങളും വിപ്ലവങ്ങളുമുണ്ടല്ലോ; ഇങ്ങനെ ഒരു സമരം എവിടെയെങ്കിലും കാണാൻ കഴിയുമോ? അങ്ങനെയുള്ള കോൺഗ്രസിന്റെ മുഖത്തുനോക്കി ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരാണ് ഇത്തരം സമരങ്ങൾ നയിച്ചതെന്നാണ് ഇവിടെ പറയുന്നത്. സമയപരിമിതികൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കൂടുതൽ കടക്കുന്നില്ല. എനിക്ക് ഈ ഗവൺമെന്റ് നടപ്പാക്കിയ ചില കാര്യങ്ങളെക്കുറിച്ചാണ് പറയാനുള്ളത്. 1996-ൽ അങ്ങ് മന്ത്രിയായിരുന്ന കാലത്ത് നടപ്പാക്കിയ കുറേ കാര്യങ്ങളിൽ മാറിമാറിവന്ന ഗവൺമെന്റുകൾ പലതും പുതുതായി ചേർത്തു. അങ്ങനെ കുറേ പദ്ധതികൾ നടപ്പാക്കി. ഈ വിഭാഗത്തിന് പദ്ധതി വിഹിതമുള്ളതിനാൽ ഏത് മന്ത്രിമാർ

വന്നുകഴിഞ്ഞാലും കുറേയേറെ കാര്യങ്ങൾ നടത്തുകയെന്നത് സ്വാഭാവികമാണ്. പക്ഷേ ഗവൺമെന്റ് ദളിത് വിഭാഗങ്ങളോട് കാണിക്കുന്ന സമീപനമെന്താണ്? ബി.ജെ.പി. ഗവൺമെന്റിന്റെ അതേ രീതിയിലുള്ള ദളിത് വിരുദ്ധ സമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ളതെന്ന് ഞാൻ അടിവരിയിട്ട് പറയുകയാണ്. ഇവിടെ വീട് കൊടുത്തു, ഭൂമി കൊടുത്തു എന്നുപറയുന്നു, അത് ഏത് ഗവൺമെന്റിന്റെ കാലത്താണ് കൊടുക്കാത്തത്; യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ കൊടുത്തിട്ടില്ലേ; ഈ പറയുന്ന കാര്യങ്ങളൊക്കെ ചെയ്തിട്ടില്ലേ; ഒരു കാര്യവും ചെയ്തിട്ടില്ലെന്ന് പറയാൻ സാധിക്കുമോ; പക്ഷേ എവിടെയാണ് വ്യത്യാസം; സമീപനത്തിലാണ്. എന്താണ് സമീപനം? ആ സമീപനത്തെക്കുറിച്ചാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഇന്ന് ഇവിടെ ഇ.ഡബ്ല്യു.എസ്.-നെക്കുറിച്ച് പറഞ്ഞു. ഞാൻ ഇ.ഡബ്ല്യു.എസ്.-മായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ദേവസ്വം ബോർഡ് നിയമനങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. എവിടെയാണ് പ്രയോറിറ്റി; ദളിതനാണോ ഇ.ഡബ്ല്യു.എസ്.-നാണോ പ്രയോറിറ്റി. ഇതുവരെ ദളിതനായിരുന്നു പ്രയോറിറ്റിയെങ്കിൽ ഗവൺമെന്റ് വളരെ ശാസ്ത്രീയമായി

അത് മാറ്റി, ഇ.ഡബ്ല്യൂ.എസ്.-ന് കഴിഞ്ഞാണ് ദളിതന് പ്രയോറിറ്റി കൊടുത്തിരിക്കുന്നത്. അങ്ങേയ്ക്ക് ഞാൻ ഈ പറഞ്ഞത് ഒറ്റവാക്കിൽ മനസ്സിലാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ അതിനെക്കുറിച്ച് വിശദമായി കടന്നുപോകാത്തത്. അതുപോലെതന്നെ, ഞാൻ അങ്ങയോട് സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങൾ, അതിൽ ഏറ്റവും പ്രധാനമായി പറഞ്ഞിരുന്നത്, എസ്.സി. വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിനുകീഴിലുള്ള അൺ എയ്ഡഡ് കോളേജുകളിൽ നിയമനം നൽകാൻ ധാരാളം ബുദ്ധിമുട്ടുകളുണ്ട്. അത് ഞങ്ങൾക്ക് മനസ്സിലാകും. പക്ഷേ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിൽ നമുക്ക് എന്തുകൊണ്ട് സംവരണം നൽകാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഉചിതമായ സമയത്ത് തീരുമാനമെടുക്കുമെന്നാണ്, ആ ഉചിതമായ സമയം എന്നാണ്? കേരളത്തിലെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുന്നത് നീട്ടിക്കൊണ്ടുപോകുകയാണ്. മറ്റ് കാര്യങ്ങൾക്കാണ് പ്രയോറിറ്റി നൽകുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഒരിക്കൽ പറഞ്ഞത് ഞങ്ങൾ ജനസംഖ്യാനുപാതികമായിട്ടല്ല ഫണ്ട് കൊടുത്തത് അതിൽകൂടുതൽ

കൊടുത്തുവെന്നാണ്. ഞാൻ 2016-17 മുതൽ 2020-21 വരെയുള്ള കണക്കെടുത്ത് പരിശോധിച്ചു. 9.1 ശതമാനത്തിനുപകരം 9.81 ശതമാനം വരെ നിങ്ങൾ കൊടുത്തിട്ടുണ്ട്. പക്ഷേ ചെലവ് പരിശോധിക്കുമ്പോൾ മുൻകാലങ്ങളേക്കാൾ കുറവാണ്. പ്രഖ്യാപനം മാത്രമേയുള്ളൂ. യഥാർത്ഥത്തിൽ പ്രഖ്യാപനത്തിനപ്പുറത്ത് ഫണ്ട് അവർക്ക് ലഭ്യമാകുന്നില്ല. കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യം, കിഫ്ബിയുടെ പണം ആയിരക്കണക്കിന് കോടി രൂപ ചെലവഴിക്കുമ്പോൾ അതിൽനിന്ന് ഒരു ചെറിയ തുകയെങ്കിലും പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മാറ്റിവച്ചുകൂടേ? പാലക്കാട് മെഡിക്കൽ കോളേജ് ആറ് വർഷമായി എങ്ങനെ പോകുന്നു; കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന കാര്യമാണ്; പണ്ട് മഹാനായ അയ്യങ്കാളി 10 പേരെ ബി.എ.-ക്കാരാക്കുന്ന കാര്യമാണ് സ്വപ്നം കണ്ടതെങ്കിൽ 72 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഒരു വർഷം ഡോക്ടർമാരാക്കി പുറത്തിറക്കുന്ന ഒരു സംവിധാനത്തിനാണ്, ഒരു മെഡിക്കൽ കോളേജിനാണ് യു.ഡി.എഫ്. ഗവൺമെന്റ് തുടക്കം കുറിച്ചത്. അത് എവിടെ എത്തിനിൽക്കുന്നു. ഒരു രൂപയെങ്കിലും കിഫ്ബിയിൽനിന്ന് അനുവദിക്കാൻ കഴിഞ്ഞോ; അതിന്റെ

ഇൻഫ്രാസ്ട്രക്ചറിനും മറ്റ് കാര്യങ്ങൾക്കുംവേണ്ടി ഒരു രൂപ നിങ്ങൾ അനുവദിച്ചോ? കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ചുകൂടേ, ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ, ആയിരക്കണക്കിന് ജീവനക്കാരാണ് എയ്ഡഡ് സ്ഥാപനങ്ങളിലുള്ളത്, അവിടെ സംവരണമില്ല. ഗവൺമെന്റാണ് പണം കൊടുക്കുന്നത്. ഏകദേശം ഇരുന്നൂറ് ജീവനക്കാരെവച്ച് മെഡിക്കൽ കോളേജ് ശക്തിപ്പെടുത്തിയിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി? അവിടെ അട്ടപ്പാടിയിൽ പാവപ്പെട്ട ശിശുക്കളും അമ്മമാരും മരണപ്പെടുമ്പോൾ അവർക്കൊരു സഹായമായി ഓടിയെത്താൻ കഴിയുന്ന ആദ്യത്തെ മെഡിക്കൽ കോളേജായി ആ മെഡിക്കൽ കോളേജിനെ മാറ്റാമായിരുന്നില്ലേ, പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിനോട് ഈ ഗവൺമെന്റ് എടുക്കുന്ന സമീപനം അങ്ങേയറ്റം ദളിത്‌വിരുദ്ധ സമീപനമാണ്. ഇവിടുത്തെ ഒരു ഇടതുപക്ഷ അംഗംതന്നെ ഒരു സബ്മിഷൻ കൊണ്ടുവന്നതിനെക്കുറിച്ച് ഞാൻ ആലോചിക്കുകയാണ്. നിലവിൽ നമ്മുടെ സെക്രട്ടേറിയറ്റിലുള്ള സെൽ-ബി നിർത്തലാക്കി. എന്താണ് സെൽ-ബി-യുടെ ഡ്യൂട്ടി; ഏതെല്ലാം വകുപ്പുകളിൽ എസ്.സി. വിഭാഗത്തിന് നിയമനങ്ങൾ ലഭിക്കാത്തതുണ്ടോ, അതൊക്കെ കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന

ചുമതലയാണ്. അത് റിപ്പോർട്ട് ചെയ്തിട്ടുപോലും പല കാരണങ്ങൾകൊണ്ടും എസ്.സി. വിഭാഗത്തിനുള്ള ഇത്തരം നിയമനങ്ങൾ നടക്കുന്നില്ല. ആ ഡ്യൂട്ടി ചെയ്യുന്ന സെൽ-ബി-യെ എന്തിനാണ് നിങ്ങൾ പിരിച്ചുവിട്ടത്? ചോദിച്ചപ്പോൾ നിങ്ങൾ പിരിച്ചുവിട്ടിട്ടില്ലെന്നാണ് പറഞ്ഞത്. പക്ഷേ പിരിച്ചുവിട്ട ഉത്തരവ് അതുപോലെ നിൽക്കുകയാണ്. ഇതാണ് ഞാൻ പറഞ്ഞത് ഏതെല്ലാം രീതിയിൽ ദളിത് വിഭാഗങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽ അതില്ലാതാക്കുന്ന സമീപനമാണ് അങ്ങ് എടുക്കുന്നത്. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്താം. 'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല., എസ്.സി. ഡിപ്പാർട്ട്മെന്റ് കഴിഞ്ഞ കാലം വരെ കൊടുത്തുകൊണ്ടിരുന്നത്, എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം വന്നുകഴിഞ്ഞാൽ ജനറൽ വിഭാഗത്തിന് ഒരു ഫണ്ടും എസ്.സി. വിഭാഗത്തിന് മറ്റൊരു ഫണ്ടുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ 4,50,000/- രൂപയായിരുന്നു ഒരു വീട് വയ്ക്കാൻ കൊടുത്തിരുന്നത്. ഇന്ന് നിങ്ങൾ അത് 4,00,000/- രൂപയായി കുറച്ചു. എസ്.സി. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന നാലര ലക്ഷം രൂപ നാല്

ലക്ഷം രൂപയായി കുറച്ചവരാണ് നിങ്ങൾ. അതുകൊണ്ടാണ് ഞാൻ പറയുന്നത് നിങ്ങളുടെ പ്രയോറിറ്റി എന്നുപറയുന്നത് എസ്.സി. വിഭാഗങ്ങളുടെ താല്പര്യങ്ങൾക്കല്ല. ബഹു. മന്ത്രി ഇത്തരം കാര്യങ്ങളിലൊക്കെ അങ്ങയുടെ നിലപാട് വ്യക്തമാക്കണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടൊരു കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ചത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആദ്യം സംസാരിക്കട്ടെ.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് ഇപ്പോൾ സഭയിലില്ല. അദ്ദേഹം ഏകാദ്ധ്യപക വിദ്യാലയങ്ങളെ സംബന്ധിച്ചുള്ള ഒരു വിമർശനമാണ് ഇവിടെ ഉന്നയിച്ചത്. യാത്രാസൗകര്യം തീരെയില്ലാത്തതും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലേയും വനമേഖലയിലേയും വിദ്യാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് 1997-ൽ ഡി.പി.ഇ.പി. പദ്ധതിയിൽ രൂപം കൊടുത്തതാണ് ഏകാദ്ധ്യാപക

വിദ്യാലയങ്ങൾ. 2021 വരെ 11 ജില്ലകളിലായി 270 ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ 3818 വിദ്യാർത്ഥികളായിരുന്നു പഠനം നടത്തിയിരുന്നത്. ഈ വിദ്യാലയങ്ങളിൽ അദ്ധ്യാപനത്തിന് അതത് പ്രദേശങ്ങളിൽ അദ്ധ്യാപകയോഗ്യതയല്ല, വിദ്യാഭ്യാസ യോഗ്യതയും താൽപ്പര്യവുമുള്ളവരെ വിദ്യാവോളണ്ടറിയർമാരായി താൽക്കാലികമായി നിയമിച്ചു. 344 വിദ്യാവോളണ്ടിയർമാരാണ് ഇത്തരത്തിൽ നിയമിക്കപ്പെട്ടത്. ഇവർക്ക് ഓണറേറിയമായി 18,500/- രൂപയാണ് നൽകിയത്. പൊതുവിദ്യാലയങ്ങൾ ഹൈടെക്കായി മാറുകയും മെച്ചപ്പെട്ട ഭൗതീക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഒരു സൗകര്യവുമില്ലാത്ത ഏകാദ്ധ്യപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും ഇക്കാര്യങ്ങൾ അനുഭവവേദ്യമാക്കേണ്ടതായിട്ടുണ്ട്. അതിനാൽ തൊട്ടടുത്ത പ്രൈമറി സ്കൂളുകളിലെത്തിച്ചേരാൻ സാധിക്കുന്ന ഏകാദ്ധ്യപക വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗോത്രവർഗ്ഗ വകുപ്പിന്റെയും സഹായത്തോടുകൂടി സ്കൂളുകളിലെത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മുൻകയ്യെടുത്തു. തൊട്ടടുത്ത എൽ.പി. സ്കൂളുകളിൽ കുട്ടികളെ ഗതാഗതമാർഗ്ഗമെത്തിക്കാൻ

കഴിയുമെന്ന് പഠന റിപ്പോർട്ടിൽ ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ 243 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പൂട്ടാനും ഇത്തരത്തിൽ സൗകര്യമില്ലാത്ത ബാക്കി 27 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ തുടർന്ന് പോകാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളണ്ടിയർമാരെ അവർക്ക് ആദ്യനിയമനം നൽകിയ സീനിയോറിറ്റിയുടെയും സമ്മതത്തിന്റെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ 23,000-50,200 രൂപ ശമ്പള സ്കെയിലിൽ പി.ടി.സി.എം. (പാർട്ട്-ടൈം കണ്ടിജന്റ് മീനിയൽ), എഫ്.ടി.എം. (ഫുൾ ടൈം മീനിയൽ) തസ്തികകളിൽ സ്ഥിരനിയമനം നടത്തി ജോലി സുരക്ഷിതത്വം ഉറപ്പാക്കി. ഇവിടെ പറഞ്ഞ, അമ്പൂരി, കുന്നമല, അഗസ്ത്യ എന്നീ ഏകാദ്ധ്യപക വിദ്യാലയത്തിൽ പ്രൈമറി വിഭാഗത്തിൽ ഏഴ് വിദ്യാർത്ഥികളാണുണ്ടായിരുന്നത്. ഈ വിദ്യാർത്ഥികളെ പുരവിമല ട്രൈബൽ എൽ.പി.എസ്., സെന്റ് ജോർജ് എൽ.പി.എസ്., അമ്പൂരി എന്നീ സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ 18,500/- രൂപ ഓണറേറിയത്തിൽ വിദ്യാവേളണ്ടിയറായി സേവനമനുഷ്ഠിച്ച ശ്രീമതി കെ. ആർ. ഉഷാകുമാരിയെ യോഗ്യതയുടെയും

സമ്മതത്തോടുംകൂടി 23,000-50,500 രൂപ ശമ്പള സ്കെയിലിൽ പേരൂർക്കട പി.എസ്.എൻ.എം.ഹയർസെക്കണ്ടറി സ്കൂളിൽ പാർട്ട് ടൈം കണ്ടിജൻസി മീനിയൽ (പി.ടി.സി.എം.) ആയി നിയമനം നൽകി. ഇത്തരത്തിൽ വിദ്യാവോളണ്ടിയർമാർക്ക് സ്ഥിരം ജോലിയും തൊഴിലും സുരക്ഷിതത്വവും ഉറപ്പുവരുത്തുകയും ചെയ്യുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. വിദ്യാവോളണ്ടിയർമാർക്ക് ഏകാദ്ധ്യപകരായി തുടരാനാണ് താൽപ്പര്യമെങ്കിൽ നിലവിൽ നൽകിയിരിക്കുന്ന സമ്മതപത്രം പിൻവലിച്ച് പ്രസ്തുത സ്കൂളിൽ ഏകാദ്ധ്യാപകനായി തുടരാൻ അവസരമുണ്ട്. ഏതെങ്കിലും അദ്ധ്യാപകർക്ക് തിരിച്ച് ഏകാദ്ധ്യാപക സ്കൂളിലേയ്ക്ക് പോകാൻ താൽപ്പര്യമുണ്ടെങ്കിൽ അവരത് എഴുതിനൽകിയാൽ തിരിച്ച് അയയ്ക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ഇപ്പോൾ അവർക്ക് കൊടുത്തിരിക്കുന്നത് സ്ഥിര നിയമനമാണ്. നേരത്തെ പറഞ്ഞതുപോലെ 18500 രൂപ മുതൽ 53000 രൂപ വരെയുള്ള ശമ്പള സ്കെയിലാണ് കൊടുത്തിരിക്കുന്നത്. നേരത്തെ പകുതിയിൽ അധികം ആളുകളും അദ്ധ്യാപക യോഗ്യത നേടിയവരല്ല, വോളണ്ടിയേഴ്സായി വന്നിട്ടുള്ളവരാണ്. ഗവൺമെന്റ് അവരെ സ്ഥിരനിയമനം കൊടുത്ത് നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ആർക്കെങ്കിലും തിരിച്ച്

പോകണമെന്നുണ്ടെങ്കിൽ അത് എഴുതിനൽകിയാൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് 16 ബഹുമാനപ്പെട്ട അംഗങ്ങൾ ഭരണ-പ്രതിപക്ഷ ബെഞ്ചിൽനിന്നും സംസാരിക്കുകയുണ്ടായി. ഒട്ടേറെ നിർദ്ദേശങ്ങളും അതുപോലെ ഗവൺമെന്റ് ഏറ്റെടുക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചുമൊക്കെത്തന്നെ അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. അത് ആ അർത്ഥത്തിൽത്തന്നെ ഏറ്റെടുത്തുകൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ അതുവഴി എസ്.സി./എസ്.ടി., പിന്നാക്ക ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിതാവസ്ഥയുണ്ടാക്കാൻ ശ്രമിക്കുമെന്നാണ് ആദ്യമായി പറയാനുള്ളത്.ഒട്ടേറെ നല്ല നിർദ്ദേശങ്ങൾവച്ച അംഗങ്ങളെ ഗവൺമെന്റിനുവേണ്ടി നന്ദി അറിയിക്കുകയാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾക്കെല്ലാം എണ്ണിയെണ്ണി മറുപടി പറയാൻ ഈ സന്ദർഭം ഞാൻ

ഉപയോഗപ്പെടുത്തുന്നില്ല. പറഞ്ഞ കാര്യങ്ങളിൽ നടപ്പിലാക്കാൻ സാധിക്കുന്നത്രയും നടപ്പിലാക്കുമെന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്.

നമ്മുടെ സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ജനവിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങൾ. ന്യൂനപക്ഷവും അതിൽ ഉൾപ്പെടുന്നുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. നമ്മുടെ സമൂഹത്തിൽ ഇപ്പോഴും പിന്നാക്കാവസ്ഥ നിലനിൽക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് നാം പരിശോധിച്ചുപോകുമ്പോൾ ഒട്ടേറെ കാര്യങ്ങൾ കാണാൻ സാധിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാംതന്നെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. എന്തുകൊണ്ടാണ് ഇത്തരം സാമൂഹികമായിട്ടുള്ള പിന്നാക്കാവസ്ഥ ദളിത്, ആദിവാസി വിഭാഗത്തിന് സംഭവിച്ചത്. ഇന്ത്യയിൽ നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയുടെ പരിണിതഫലമാണെന്ന് അല്ലെങ്കിൽ ഇന്ത്യയിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയുടെ ദുരന്തമാണ് നമ്മുടെ സമൂഹത്തിലെ ഈ പാവപ്പെട്ടവരുടെ പിന്നാക്കാവസ്ഥയ്ക്ക് പ്രധാനപ്പെട്ട കാരണമെന്ന് നിസംശയം പറയാൻ സാധിക്കും. നമുക്ക് സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം പൂർത്തിയാകാൻ പോകുകയാണ്. ഈ കാലഘട്ടത്തിലും

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ദളിത് ആദിവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ, ദുരന്തങ്ങൾ എന്താണെന്ന് വ്യക്തമാക്കുന്ന ഒട്ടേറെ കണക്കുകൾ നമുക്ക് നിരത്താൻ സാധിക്കും. ഞാൻ കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല. ഇന്ത്യയിലെ നാലിലൊന്ന് വരുന്ന ദളിത് ആദിവാസി സമൂഹം സ്വാതന്ത്ര്യം ലഭിച്ച് 75 വർഷം പൂർത്തിയാകുമ്പോഴും നാനാതരത്തിലുള്ള ദുരന്തങ്ങൾ, ദുരിതങ്ങൾ അനുഭവിക്കുകയാണ്. പ്രധാനമായും ജാതിയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളാണ് ഇപ്പോഴും നമ്മുടെ സമൂഹത്തിൽ നിൽക്കുന്നത്. ആ ജാതി അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വലിയ രീതിയിലുള്ള പോരാട്ടം രാജ്യത്ത് നടന്നെങ്കിലും അത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. നമ്മുടെ കേരളത്തിലും ജാതിയടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ നിലനിന്നിരുന്നു. ഇവിടെ ഒട്ടേറെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ കേരളത്തിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും സാമൂഹ്യ നവോത്ഥാന നായകരുമെല്ലാം നടത്തിയ പോരാട്ടങ്ങൾ നാം വിസ്മൃതിയിലേയ്ക്ക് തള്ളിവിടുന്നില്ല. ഇവിടെ പറഞ്ഞതുപോലെതന്നെ തൊട്ടുകൂടാത്തവരും

തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരും ആയിട്ടുള്ള മഹാഭൂരിപക്ഷമുണ്ടായിരുന്നു. അവർക്ക് വഴി നടക്കാനുള്ള സ്വാതന്ത്ര്യമില്ലാത്തതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. നല്ല വസ്ത്രം ധരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരുന്നു. നല്ല ഭക്ഷണം കഴിക്കാൻ സാധിക്കാത്ത ഒരവസ്ഥയുണ്ടായിരുന്നു. അമ്പലത്തിൽ കയറി പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഒരു മനുഷ്യന്റെ ജീവിതത്തിൽ അല്ലെങ്കിൽ സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. അക്ഷരവും അറിവും പകർന്നുകൊടുക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടായിരുന്നില്ല. അക്ഷരം നിഷേധിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ചാതുർവർണ്യവ്യവസ്ഥയുടെ കാര്യങ്ങളെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അക്ഷരവും അറിവും നൽകാതെ ഈ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് ആട്ടിയോടിക്കപ്പെട്ട ജനവിഭാഗങ്ങളാണ് ദളിത് ആദിവാസി വിഭാഗങ്ങൾ. അതുകൊണ്ടുതന്നെ മറ്റ് സമൂഹത്തോടൊപ്പംതന്നെ ഉയർന്നുവരാൻ അവർക്ക് സാധിച്ചില്ലെന്നുള്ളത് ചരിത്രപരമായ കാരണങ്ങളാണ്. നൂറ്റാണ്ടുകളോളം സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ജീവിക്കാൻ വിധിക്കപ്പെട്ടവരായി മാറി. അവർക്ക് അക്ഷരം ലഭിച്ചില്ല, അറിവ്

ലഭിച്ചില്ല. അക്ഷരത്തിനും അറിവിനും വേണ്ടിനടത്തിയ പോരാട്ടം കേരള ചരിത്രത്തിന്റെ ഭാഗമാണ്. വ്യത്യസ്ത സമരങ്ങളുടെ കാര്യം ഇവിടെ ഒരംഗം പറയുന്നത് കേട്ടു. ഒരു പക്ഷേ ലോകത്ത് സമാന ചരിത്രമില്ലാത്ത സമരമാണ് കേരളത്തിൽ നടന്നത്. ഞങ്ങളുടെ മക്കളെ നിങ്ങൾ പഠിപ്പിച്ചില്ലെങ്കിൽ നിങ്ങളുടെ പാടത്തും പറമ്പിലും ഞങ്ങൾ പണിയെടുക്കില്ലെന്ന് പറഞ്ഞുകൊണ്ട് നടന്ന സമരം. നമ്മുടെ കേരളത്തിന്റെ സമര ചരിത്രത്തിലെ ഒരു വലിയ അനുഭവമാണ്. അങ്ങനെയുള്ള ഒരു സമരം ലോക ചരിത്രത്തിൽ നമുക്ക് കാണാൻ സാധിക്കില്ല. മഹാഭൂരിപക്ഷത്തിനും അക്ഷരവും അറിവും നിഷേധിക്കപ്പെട്ടതുകൊണ്ടാണ് അങ്ങനെ ഒരു സമരം ചെയ്യേണ്ടിവന്നത്. 1900-നുശേഷമാണ് നമ്മുടെ പാവപ്പെട്ടവർക്ക് അക്ഷരം പഠിക്കാനുള്ള ഒരു അവസരം ഉണ്ടാകുന്നത്. അയ്യങ്കാളിയുടേയും ആറാട്ടുപുഴ വേലായുധപ്പണിക്കരുടേയും നേതൃത്വത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി നടന്ന സമരങ്ങൾ നമ്മുടെ അനുഭവമാണ്. അതുകൊണ്ടും നമ്മുടെ സമൂഹത്തിൽ വലിയ മാറ്റമൊന്നുമുണ്ടായില്ല. 1937-ന്റെ പ്രത്യേകത ഇവിടെ പറഞ്ഞല്ലോ, ചങ്ങമ്പുഴയും കടമ്മനിട്ടയും എല്ലാം കടന്നുവന്നത്. ചങ്ങമ്പുഴ 1937-ലാണ് 'വാഴക്കുല' എന്ന കവിതയെഴുതിയത്. അതേ

വർഷംതന്നെയാണ് രാഷ്ട്രപിതാവ് മഹാത്മജി ഇന്ത്യയിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ നേതാക്കളെ സന്ദർശിക്കുന്നതിനുവേണ്ടിയുള്ള അവസരം ഒരുക്കിയത്. അതിന്റെ ഭാഗമായി നമ്മുടെ കേരളത്തിലും വന്നു. അന്ന് വന്നസമയത്താണ് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ഒരംഗം ചൂണ്ടിക്കാണിച്ചതുപോലെ മഹാനായ അയ്യങ്കാളിയെ കാണുന്നതിനും മഹാത്മജിക്ക് അവസരമുണ്ടായത്. അങ്ങനെ മഹാത്മജി അയ്യങ്കാളിയെ കണ്ട സന്ദർഭത്തിൽ മഹാത്മഗാന്ധി അദ്ദേഹത്തോട് ചോദിച്ചു നിങ്ങൾക്കെന്താണ് ആവശ്യം അല്ലെങ്കിൽ ആഗ്രഹമെന്ന്. എന്റെ സമുദായത്തിൽനിന്ന് എനിക്ക് പത്ത് ബി.എ.-ക്കാരെ കണ്ട് കണ്ണടയ്ക്കണമെന്നാണ് ആഗ്രഹമെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. പക്ഷെ അദ്ദേഹത്തിന് അത് സാധിച്ചില്ല. 1941-ൽ അദ്ദേഹം അന്തരിച്ചു. ബഹുമാനപ്പെട്ട മുൻമന്ത്രി കൂടിയായ എന്റെ സുഹൃത്ത് ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞു, ഇവിടെ വഴിനടക്കാനും ക്ഷേത്രത്തിൽ പ്രവേശിക്കാനും മറ്റ് കാര്യങ്ങൾക്കുമെല്ലാം വേണ്ടിയുള്ള പോരാട്ടത്തിൽ കോൺഗ്രസിനെ തള്ളിപ്പറയാനൊന്നും ഞാനില്ല. കോൺഗ്രസിലെ ആദ്യകാല നേതാക്കളൊന്നും അതിലില്ലെന്ന് പറയാൻ ഞാൻ തയ്യാറല്ല. പക്ഷെ ഒരു

കാര്യം നമ്മൾ കാണേണ്ടത് ഇന്ത്യയിൽ മറ്റ് പല സംസ്ഥാനത്തും ഇതുപോലെയുള്ള സമരങ്ങൾ വന്നു. ആ സമരങ്ങളെല്ലാം അവിടെ കെട്ടടങ്ങുകയാണ് ചെയ്തത്. എന്നാൽ കേരളത്തിൽ മഹാനായ അയ്യങ്കാളിയും ശ്രീനാരായണ ഗുരുദേവനും നമ്മുടെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാന നായകരുമെല്ലാം ആഗ്രഹിച്ചതുപോലെയുള്ള കാര്യങ്ങൾ പിന്നീട് ഈ കേരളത്തിൽ മുന്നോട്ടുകൊണ്ടുപോയത് ആരെന്നുള്ള ചോദ്യം നമ്മുടെ മുന്നിലുണ്ട്. അത് മുന്നോട്ടുകൊണ്ടുപോയത് ഇവിടുത്തെ കമ്മ്യൂണിസ്റ്റ്-ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്നതിന് ഒരു സംശയവുമില്ല. അതുകൊണ്ടാണ് 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നപ്പോൾ ഇവിടുത്തെ സാമൂഹ്യ പരിഷ്കരണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചത്. അവിടെയാണ് അയ്യങ്കാളി സ്വപ്നം കണ്ട പത്ത് ബി.എ.-ക്കാർ എന്നുള്ള സ്വപ്നം പിന്നെ പത്ത് ബി.എ.-ക്കാരിലല്ലെത്തിയത്. ആയിരക്കണക്കിന് ബി.എ.-ക്കാരെയും എം.എ.-ക്കാരെയും ബി.കോം-കാരെയും ബി.എസ്സി.-ക്കാരെയും എം.എസ്സി.-ക്കാരെയും ഐ.എ.എസ്.-കാരെയും ഐ.പി.എസ്.-കാരെയും ഒക്കെ കാണാൻ സാധിച്ചത് അങ്ങനെയാണ്. അതിനുവേണ്ടി

ഇച്ഛാശക്തിയോടെയുള്ള നിലപാട് സ്വീകരിച്ചു.

ഇവിടെ ഭൂമിയുടെ പ്രശ്നം പറഞ്ഞല്ലോ, 1957 ഏപ്രിൽ 5-നാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ ഗവൺമെന്റ് വന്നയുടനെ ആദ്യമായി ഒരു ഉത്തരവ് പുറപ്പെടുവിച്ചു. അത് 1957 ഏപ്രിൽ 8-നാണ്. ആ ഉത്തരവ് എന്താണ്? ഈ കേരളത്തിന്റെ മണ്ണിൽ കുടികിടപ്പ് കിടക്കുന്ന ഒരു മനുഷ്യൻ പോലും ഇനിയും ഒഴിയാൻ പാടില്ലെന്നുള്ള ഉത്തരവാണിറക്കിയത്. ചങ്ങമ്പുഴയുടെ വാഴക്കുലയിൽ പറഞ്ഞതുപോലെ ജന്മികളുടെ ആളുകൾക്ക് ഇറക്കിവിടാൻ സാധിക്കുമായിരുന്നു. 1957 ഏപ്രിൽ 8-ഓടുകൂടി പറഞ്ഞു ഇനിയും നിങ്ങൾ കിടക്കുന്ന സ്ഥലം നിങ്ങളുടെയാണെന്ന്, അവിടുന്ന് ഇറങ്ങി പോകണ്ട. എന്റെ എന്നുപറയാൻ, ഞങ്ങളുടെയെന്ന് പറയാൻ ഒരുപിടി മണ്ണിന്റെ അവകാശികളാക്കി മാറ്റുകയാണ് ചെയ്തത്. അതാണ് കേരളത്തിലെ ദളിതുകളുടെ ആത്മാഭിമാനം വർദ്ധിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഭൂരിപക്ഷത്തിനും പഠിക്കാനുള്ള അവസരം ഉണ്ടായിരുന്നില്ല. എല്ലാ മക്കൾക്കും പഠിക്കാനുള്ള അവസരമുണ്ടാകണം എന്നതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പരിഷ്കരണ നിയമവും ആ

ഗവൺമെന്റുകൊണ്ടുവന്നു. അതുകൊണ്ടാണ് കേരളത്തിലെ മുഴുവൻ പാവപ്പെട്ടവന്റെ മക്കൾക്കും പഠിച്ച് മിടുക്കാരാകാനുള്ള അവസരമുണ്ടായത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി എന്ത് ചെയ്തുവെന്ന് ബഹുമാനപ്പെട്ട കെ. പി. എ. മജീദ് ചോദിക്കുമ്പോൾ, എല്ലാ പാവപ്പെട്ടവന്റെയും മക്കൾക്ക് പഠിച്ച് ഏതറ്റംവരെയും പോകാനുള്ള അവസരമാണ് അന്നത്തെ ഗവൺമെന്റുണ്ടാക്കിയതെന്ന് ആത്മാഭിമാനത്തോടെ പറയാൻ കഴിയും. അതുതന്നെയാണ് നമ്മുടെ സമൂഹത്തിലെ മാറ്റത്തിന്റെ പ്രധാന കാരണം. ആ രീതിയിൽ സമൂഹത്തിൽ മാറ്റമുണ്ടാക്കാനുള്ള ഇടപെടലാണ് മാറിമാറിവന്ന ഗവൺമെന്റുകൾ ചെയ്തത്. കമ്മ്യൂണിസ്റ്റുകാർ എന്ത് ചെയ്തുവെന്നുള്ള ചോദ്യത്തിനുള്ള മറുപടിയാണത്. കേരളീയ സമൂഹം ഇന്ന് കാണുന്നതുപോലെയാക്കിത്തീർക്കുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക് ആര് വിസ്മരിച്ചാലും കേരളീയ സമൂഹം വിസ്മരിക്കില്ലെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ അതിലേയ്ക്ക് കൂടുതൽ കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല.

ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഒട്ടേറെ കാര്യങ്ങൾ പറയുകയുണ്ടായി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പിന്നാക്ക

ജനവിഭാഗങ്ങളുടെയും ജീവിതം മെച്ചപ്പെടുത്താൻ നടത്തുന്ന പദ്ധതികളുടെ പോരായ്മകളും ഗുണങ്ങളുമൊക്കെ പറയുകയുണ്ടായി. ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിതര-ഭവനരഹിത ലിസ്റ്റിലുൾപ്പെട്ട കുടുംബത്തിന് വകുപ്പ് ഭൂമി അനുവദിച്ചാൽ ആ കുടുംബത്തിന് ലൈഫ് പദ്ധതിയിൽനിന്നും ഭവന നിർമ്മാണത്തിന് പണം കൊടുക്കുന്നില്ലെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ചൂണ്ടിക്കാണിച്ചത്. ലൈഫ് മിഷനിലൂടെ ഭൂരഹിതരായിട്ടുള്ള മുഴുവൻ ഭവനരഹിതർക്കും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഭൂമി വാങ്ങി കൊടുക്കുന്നവർക്ക് ലൈഫ് പദ്ധതിയിൽനിന്നും വീട് വയ്ക്കാൻ തുക കൊടുക്കണമെന്ന ഉത്തരവ് നൽകിയിട്ടുണ്ട്. പിന്നീട് ഏകാദ്ധ്യാപകരുടെ കാര്യമാണ് അദ്ദേഹം പറഞ്ഞത്. അത് 1997 കാലഘട്ടത്തിലാണെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 19 ഏകാദ്ധ്യാപക സ്കൂളുകൾ ഇപ്പോഴും സംസ്ഥാനത്തുണ്ട്. അത് നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. കേരളത്തിനുപുറത്ത് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് 2017-18 വരെ ഗവൺമെന്റ് സ്കോളർഷിപ്പ് കൊടുത്തിരുന്നുവെന്നും പിന്നീടത് കൊടുക്കുന്നില്ലെന്നുമാണ് അദ്ദേഹം

പറഞ്ഞത്. സംസ്ഥാനത്തിനുപുറത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകൂല്യം കൊടുക്കുന്നത് ശരിയല്ലെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഒബ്ജക്ഷൻ വന്നതിന്റെയടിസ്ഥാനത്തിൽ പിന്നീടത് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും 2018, 2019, 2020 കാലഘട്ടങ്ങളിൽ കേരളത്തിനുപുറത്ത് അഡ്മിഷൻ ലഭിച്ച എല്ലാ കുട്ടികൾക്കും അവരുടെ പഠനം തീരുന്നതുവരെയുള്ള വിദ്യാഭ്യാസാനുകൂല്യം കൊടുക്കാനുള്ള ഉത്തരവ് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച കുട്ടികൾക്കടക്കം നേരത്തെ അഡ്മിഷൻ ലഭിച്ച കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൊടുക്കുന്നുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ കുട്ടികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ സ്വാശ്രയ കോളേജുകളിലെ കുട്ടികൾക്ക് ലഭിക്കുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സ്വാശ്രയ കോളേജുകളിൽ 50 ശതമാനം മെരിറ്റ് അടിസ്ഥാനത്തിൽ വരുന്ന കുട്ടികൾക്കെല്ലാം ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. മാനേജ്മെന്റ് അഡ്മിഷൻ നടത്തുന്ന കുട്ടികളെയെല്ലാം ഉൾപ്പെടുത്തുകയാണെങ്കിൽ ഫണ്ട് തികയാതെവരും. മാത്രമല്ല, സ്വകാര്യ

മാനേജ്മെന്റ് വലിയ രീതിയിലുള്ള വീഴ്ച വരുത്തുന്നുണ്ടെന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അതാവശ്യമില്ലെന്നാണ് തോന്നുന്നത്.

ലക്ഷം വീട് കോളനികളിലെ നിലവിലുള്ള ഇരട്ട വീടുകളെ ഒറ്റ വീടുകളാക്കി മാറ്റുന്ന കാര്യമാണ് ശ്രീമതി കെ. കെ. രമ ഇവിടെ പറഞ്ഞത്. അതിന് 2022-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ അങ്ങനെയുള്ള ലക്ഷം വീടുകൾ ധാരാളമില്ല.

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യപ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവരുടെ ആരോഗ്യം സംരക്ഷിക്കാനും അവർക്ക് പോഷകാഹാരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. പ്രത്യേകിച്ച് അട്ടപ്പാടിയാണ് എപ്പോഴും ചർച്ചാ വിഷയമാകുന്നത്. അട്ടപ്പാടിയിൽ ഈ പ്രശ്നങ്ങളെല്ലാമുണ്ടായതിനുശേഷം അവിടെയുള്ള ഗർഭിണികളുടെ കണക്കെടുക്കുകയുണ്ടായി. ഇതുവരെ ഏകദേശം 240 ഗർഭിണികളെ കണ്ടെത്തുകയും അതിൽ ഹൈ റിസ്കും ലോ റിസ്കുമുള്ള ആളുകളെ കണ്ടെത്തി

ഹൈ റിസ്കുള്ള ആളുകൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് അവരെ പരിശോധിച്ചുവരുന്നുണ്ട്. അവരെ കൃത്യമായി ക്യാമ്പുകളിലെത്തിച്ച് അവർക്കാവശ്യമായ ഭക്ഷണവും മറ്റ് പോഷകാഹാരങ്ങളും മരുന്നമെല്ലാം കൊടുക്കുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ 16 മൊബൈൽ മെഡിക്കൽ യൂണിറ്റുകളുള്ളത് നല്ലതുപോലെ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ജി. സ്റ്റീഫൻ The Scheduled Castes and Scheduled Tribes (Prevention of Atrocities) Act-നെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ആക്ടനുസരിച്ച് ലഭിക്കുന്ന പണമാണോ മിശ്രവിവാഹിതർക്ക് നൽകുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. ആക്ട് പ്രകാരം 50 ശതമാനം തുക കേന്ദ്രഗവൺമെന്റ് വിഹിതമാണ്. പലപ്പോഴും അത് സമയത്തിന് ലഭിക്കാറില്ല. അങ്ങനെവരുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതത്തിൽനിന്നും അഡ്വാൻസായി ആ പണം കൊടുക്കുകയാണ് ചെയ്യുന്നത്. അപ്പോൾ മിശ്രവിവാഹിതർക്കും അതിന്റെ ധനസഹായം കൊടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ആ വിഹിതത്തിൽനിന്നും എടുക്കുന്നത്. മിശ്രവിവാഹിതർക്കുള്ള ധനസഹായം

പ്രത്യേക ഹെഡ്ഡായി വയ്ക്കണമെന്നും അദ്ദേഹം പറഞ്ഞിരുന്നു. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ കാര്യവും അദ്ദേഹം പറഞ്ഞിരുന്നു. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് ഇപ്പോൾ ഏഴ് വർഷം കഴിഞ്ഞു. സി.ബി.എസ്.ഇ. സിലബസിൽ തുടങ്ങിയ ആ സ്കൂളിൽ ആകെ 72 കുട്ടികളാണുള്ളത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ ആകെ 72 കുട്ടികളാണ് അവിടെയുള്ളത്. ആ സ്കൂളിനുവേണ്ടി ഉൾവനത്തിലാണ് സ്ഥലം കണ്ടെത്തിയിരിക്കുന്നത്. ഉൾവനത്തിലാണോ മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങേണ്ടതെന്നുള്ള പ്രശ്നം കൂടിയുണ്ട്. തീർച്ചയായും കുറച്ചുകൂടി സൗകര്യപ്രദമായ സ്ഥലത്ത് ആ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാം.

ഗോത്രസാരഥി പദ്ധതിയിലെ പോരായ്മകളെ സംബന്ധിച്ച് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ പദ്ധതി നേരത്തെ ആരംഭിച്ചതാണ്. പഞ്ചായത്തുകളാണ് ആ പദ്ധതിക്ക് പണം മാറ്റി വയ്ക്കാൻ തീരുമാനിച്ചിരുന്നത്. ഈ വർഷം പഞ്ചായത്തുകളുടെ പദ്ധതി കുറച്ച് നീണ്ടുപോയതുകൊണ്ട് അവർ പദ്ധതിയിൽ പണം വച്ചിരുന്നില്ല. അത്

മനസ്സിലാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് അതിലിടപെടുകയും ജ്ലൂൺ, ജൂലൈ മാസത്തിലെ ഗോത്രസാരഥി പദ്ധതിക്കുവേണ്ട പണം അഡ്വാൻസായി പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് അംഗീകരിച്ചുവരുമ്പോൾ അവർ ബാക്കി തുകയുംകൂടി വയ്ക്കും. ആ പദ്ധതി നല്ലതുപോലെ നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഒരു പ്രശ്നവുമുണ്ടാകാൻ സാധ്യതയില്ല.

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള DIET (District Institute for Education and Training) മുഖേന മെന്റർ ടീച്ചർമാർക്ക് നല്ല പരിശീലനം നൽകുന്നുണ്ട്. അവരെ രണ്ടാംതരം പൗരന്മാരായി കാണുന്ന സമീപനം വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എവിടെയെങ്കിലും അവരോട് വിവേചനം കാണിക്കുന്നുണ്ടെങ്കിൽ അതിലിടപെട്ട് പരിഹരിച്ചുപോകാൻ കഴിയും. കുട്ടികളെ അവരുടെ ഭാഷയിൽത്തന്നെ പഠിപ്പിക്കാനും കമ്മ്യൂണിക്കേറ്റ് ചെയ്യാനും കഴിയുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനുള്ള നടപടി

സ്വീകരിച്ചുവരികയാണ്. വനാവകാശ നിയമപ്രകാരം ഭൂമിക്ക് രേഖകൾ നൽകുകയും അവർക്ക് ഭൂമി ലഭ്യമാക്കുകയും ചെയ്യണമെന്നാണ് അദ്ദേഹം പറഞ്ഞത്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. വനാവകാശ നിയമമനുസരിച്ച് കേരളത്തിൽ ഇനിയും ഭൂമി ലഭിക്കേണ്ട മുഴുവൻ ആദിവാസി വിഭാഗത്തെയും കണ്ടെത്താനും അവർ താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽത്തന്നെ ഭൂമി കണ്ടെത്താനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ, വനം എന്നീ വകുപ്പുമന്ത്രിമാരും ഞാനും ഒരുമിച്ച് യോഗം ചേരുകയുണ്ടായി. ആ യോഗത്തിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമമനുസരിച്ച് ഓരോ ജില്ലകളിലും ഭൂമി ലഭിക്കേണ്ടവരുടെ കണക്ക് കൃത്യമായി എടുത്തുകൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി അവർക്ക് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിക്കും.

കൊഴിഞ്ഞുപോക്കിന്റെ കാര്യമാണ് ഇവിടെ എല്ലാവരും സൂചിപ്പിച്ചത്. ചോദ്യോത്തര വേളയിലും അത് വരികയുണ്ടായി. പരമാവധി കുട്ടികളെ കൊഴിഞ്ഞുപോക്കിൽനിന്ന് ഒഴിവാക്കാനുള്ള നല്ല ഇടപെടലാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്തുനിന്ന്

ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്കൂളുകളിൽ കുട്ടികളെ എത്തിക്കാനുള്ള വലിയ പരിശ്രമത്തിന്റെ ഭാഗമായി ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതെല്ലാം വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. 2020-21-ൽ കൊഴിഞ്ഞുപോക്ക് വളരെ കുറഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിന്റെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. എസ്.ടി./എസ്.സി. പ്രൊമോർട്ടർമാരെ ഉപയോഗിച്ച് ഏതെങ്കിലും കുട്ടികൾ സ്കൂളുകളിലെത്താതിരിക്കുന്നുണ്ടോ എന്ന് കൃത്യമായി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 84 കുട്ടികളാണ് കൊഴിഞ്ഞുപോയിട്ടുള്ളത്. കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ ബാക്കി കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള ഇടപെടലാണ് നടത്തുന്നത്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. ജനസംഖ്യാനുപാതികമായി ഫണ്ട് ലഭ്യമാകാത്തതിനെക്കുറിച്ച് അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ഫണ്ട് വയ്ക്കാത്തതിനെക്കുറിച്ച് പല

അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് എക്കാലത്തും ജനസംഖ്യാനുപാതത്തിലും അധികമായാണ് ഫണ്ട് നീക്കിവയ്ക്കുന്നത്. ഈ വർഷം ജനസംഖ്യ അനുസരിച്ചാണ് ഫണ്ട് നീക്കിവയ്ക്കുന്നതെങ്കിൽ 10% മതിയാകും. പക്ഷെ 12.64% തുകയാണ് ഈ വർഷം നീക്കിവച്ചിരിക്കുന്നത്. എക്സ്പെൻഡിച്ചർ വരുത്തുന്ന കാര്യത്തിൽ, വലിയ സാമ്പത്തിക പ്രയാസവും പ്രതിസന്ധിയുമുണ്ടായിട്ടും നമ്മുടെ സംസ്ഥാനത്ത് 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 92% എക്സ്പെൻഡിച്ചറാണ് കൈവരിച്ചിരിക്കുന്നത്. പൂർണ്ണമായും ഫിസിക്കൽ അച്ചീവ്മെന്റുണ്ടാക്കിയ കണക്കാണ് സൂചിപ്പിക്കുന്നത്. അതുപോലെ എസ്.സി. വകുപ്പിന് 90.65% എക്സ്പെൻഡിച്ചർ വരുത്താൻ കഴിഞ്ഞു. അലോട്ട് ചെയ്യുക മാത്രമല്ല അലോട്ട് ചെയ്യുന്ന തുക കൃത്യമായി എക്സ്പെൻഡിച്ചർ വരുത്താൻ വേണ്ടിയുള്ള നല്ല രീതിയിലുള്ള ഇടപെടലുകളും നടത്തിവരികയാണ്. കഴിഞ്ഞവർഷം വകുപ്പിന് നൽകിയത് 1,487.39 കോടി രൂപയാണ്. അതുപോലെ ലോക്കൽ ബോഡികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുത്തത് 1,221.15 കോടി രൂപയാണ്. ഈ വർഷം വകുപ്പിന് ലഭിക്കുന്നത് 1,935 കോടി രൂപയും ലോക്കൽ ബോഡികൾക്ക് 2,011 കോടി

രൂപയും ചേർത്ത് 3,946 കോടി രൂപയാണ് ഈ വർഷം ചെലവഴിക്കാൻ തീരുമാനിച്ചത്. എസ്.റ്റി. വിഭാഗത്തിന് കഴിഞ്ഞ വർഷം കൊടുത്തത് 861 കോടി രൂപയാണ്. ഈ വർഷം 997 കോടി രൂപയാണ് എസ്.റ്റി. വിഭാഗത്തിന്റെ വികസനത്തിനായി നല്കുന്നത്. എസ്.സി.-എസ്.റ്റി. വിഭാഗത്തിന്റെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം സർക്കാർ പൂർത്തീകരിക്കുകയാണ്. ഈ വർഷം ആകെ 4,941 കോടി രൂപയാണ് എസ്.സി.-എസ്.റ്റി. വിഭാഗത്തിന്റെ വികസനത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. അത് പ്രോപ്പറായി യൂട്ടിലൈസ് ചെയ്യണമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അതെങ്ങനെയാണ് ചെലവഴിക്കേണ്ടതെന്ന് പരിശോധിക്കണം. 40-50% തുക ലോക്കൽ ബോഡികൾക്കാണ് കൊടുക്കുന്നത്. ലോക്കൽ ബോഡികൾക്ക് കൊടുക്കുന്ന തുകയുടെ കാര്യത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും നല്ല രീതിയിൽ ഇടപെടുന്നുണ്ട്. ലോക്കൽ ബോഡികൾക്ക് കൊടുക്കുന്ന പണം ഉപയോഗിച്ചുകൊണ്ട് എസ്.സി.-എസ്.റ്റി. ജനവിഭാഗത്തിന്റെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞോയെന്നത് പരിശോധിക്കപ്പെടണം. 25 വർഷത്തെ അനുഭവം നമ്മുടെ കൺമുന്നിലുണ്ട്.

1997 മുതലാണ് ജനകീയാസൂത്രണം ആരംഭിച്ചത്. ഫണ്ടും അധികാരവും താഴെത്തട്ടിലേയ്ക്ക് കൊടുത്തത് 1997-ലാണ്. 25 വർഷം പിന്നിടുകയാണ്. 25 വർഷം കൊണ്ട് എസ്.സി.-എസ്.റ്റി. ജനവിഭാഗത്തിന്റെ ജീവിതം മെച്ചപ്പെടുത്താൻവേണ്ടി ലോക്കൽ ബോഡികൾ എന്തെല്ലാം മാതൃകാപരമായ പദ്ധതികളാണ് നടപ്പിലാക്കിയതെന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തണമെന്ന് തീരുമാനിച്ചു. അതോടൊപ്പം ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന പദ്ധതികളും ഫലപ്രദമായി മാറ്റാനുള്ള ഇടപെടലുകളാണ് നടക്കുന്നത്. നേരത്തെ സഭയിൽ പറഞ്ഞിട്ടുള്ളൊരു കാര്യം ഞാൻ ഉദാഹരണമായി സൂചിപ്പിക്കാം. 2012-13 കാലഘട്ടത്തിൽ സ്വയംപര്യാപ്ത ഗ്രാമങ്ങൾ തെരഞ്ഞെടുക്കുകയുണ്ടായി. 114 കോളനികളാണ് ആദ്യം തെരഞ്ഞെടുത്തത്. 114 കോളനികളിൽ ഏകദേശം 54 ശതമാനം പണിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇപ്പോഴത് 86% പൂർത്തിയായിട്ടുണ്ട്. 2012-ൽ ആരംഭിച്ച പദ്ധതിയാണ്. ഈ സർക്കാർ ഫലപ്രദമായി ഇടപെട്ടതിന്റെ ഫലമായി 114 വർക്കുകളിൽ 98 എണ്ണവും പൂർത്തീകരിച്ച് 86% ഫിസിക്കൽ അച്ചീവ്മെന്റുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013-ൽ ഏറ്റെടുത്ത 102 വർക്കുകളിൽ 48 എണ്ണമാണ് പൂർത്തീകരിച്ചത്. 84

വർക്കുകൾ പൂർത്തീകരിച്ച് 82 ശതമാനത്തിലെത്തി നില്ക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേവലം 51% ആയിരുന്നത് ഇപ്പോൾ 84% ആയി വർദ്ധിച്ചിട്ടുണ്ട്. അംബേദ്കർ കോളനി വികസന പദ്ധതിയിലും ഇതേ രീതി തന്നെയാണ്. നാല് വർഷം കൊണ്ട് 450 കോളനികളാണ് തെരഞ്ഞെടുത്തത്. 98 കോളനികളുടെ പണിയാണ് പൂർത്തീകരിച്ചിരുന്നത്. ഈ സർക്കാർ വന്നതിനുശേഷം 281 കോളനികളിലെ പണി കൃത്യമായി പൂർത്തീകരിച്ച് 62 ശതമാനത്തിലെത്തി. 22 ശതമാനത്തിൽനിന്നാണ് 62 ശതമാനത്തിലെത്തിയത്. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.പി. ടി. എം. റഹീം പറയുകയുണ്ടായി. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും വിവിധ ഘട്ടങ്ങളിലായി റിവ്യൂ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ളൊരു മെച്ചപ്പെടൽ ഉണ്ടായിരിക്കുന്നത്. ഈ വർഷം 202 കോളനികൾ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ അക്കാര്യത്തിൽ നല്ല രീതിയിൽ ഇടപെടണമെന്ന ഉദ്ദേശത്തോടുകൂടിയാണ് സർക്കാർ ഇങ്ങനെയൊരു കാര്യം തീരുമാനിച്ചത്.

എസ്.സി.-എസ്.റ്റി. ഫണ്ടിന്റെ വിനിയോഗം എങ്ങനെയാണ് നടക്കുന്നതെന്നും എന്ത് മാറ്റമാണ് ഉണ്ടാക്കാൻ കഴിയുന്നതെന്നും മനസ്സിലാക്കുന്നതിന് ഓരോ എം.എൽ.എ.-മാരുടേയും നേതൃത്വത്തിൽ നിശ്ചിത മണ്ഡലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വളരെ ഫലപ്രദമായി റിവ്യൂ മീറ്റിംഗ് നടത്തുകയുണ്ടായി. ലോക്കൽ ബോഡീസ്, വിവിധ ഡിപ്പാർട്ട്മെന്റുകൾ എന്നിവ ഈ വിഭാഗത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെന്താണെന്ന് കൃത്യമായി പരിശോധിക്കുകയും എവിടെയെങ്കിലും വീഴ്ചയുണ്ടെങ്കിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥന്മാരടക്കം പരിശോധിച്ച് പരിഹാരം കാണുകയും ചെയ്യുന്ന ശരിയായൊരു നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള ഒരു ഇടപെടലാണ് നടത്തേണ്ടത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതുമായി ബന്ധപ്പെട്ട് എന്റെ ശ്രദ്ധയിൽവന്ന ജെനുവിനാണെന്ന് തോന്നിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരുപക്ഷെ എന്നെക്കാൾ ഈ വിഷയം

ആധികാരികമായി പറയാൻ കഴിയുന്നത് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. രാജയ്ക്കായിരിക്കും. തമിഴ്നാട്ടിൽ ജനിച്ച് കേരളത്തിൽ താമസിക്കുന്ന, തമിഴ്നാട്ടിലെ ജാതിപ്രകാരം എസ്.സി. വിഭാഗത്തിലുൾപ്പെടുന്ന, കേന്ദ്രസർക്കാർ പട്ടികയിലും എസ്.സി. വിഭാഗത്തിലുൾപ്പെടുന്ന ഒരു വിഭാഗമുണ്ട്. എന്നാൽ അവർക്കിവിടെ എസ്.സി.യുടെ ആനുകൂല്യങ്ങളൊന്നും ലഭ്യമാകുന്നില്ല. പട്ടികജാതിക്കാരാണെങ്കിലും അവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായുള്ള വിഷമം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പല ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിച്ച ഒരു കാര്യമാണിത്. കാസർഗോഡ്, ഇടുക്കി, പാലക്കാട്, തിരുവനന്തപുരം, വയനാട് തുടങ്ങിയ ബോർഡർ ഡിസ്ട്രിക്ടുകളിലുള്ള ഒരു പ്രശ്നമാണിത്. ഇക്കാര്യത്തെ സംബന്ധിച്ച് അനുകൂലമായൊരു ഉത്തരം പെട്ടെന്ന് കൊടുക്കാമെന്ന് പറയാൻ കഴിയില്ല. നിലവിലുള്ള നിയമമനുസരിച്ചാണ് നമുക്ക് പ്രവർത്തിക്കാൻ കഴിയുന്നത്. ജാതി സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ പ്രത്യേകമായ പരിശോധന വേണം. അല്ലെങ്കിൽ വലിയ രീതിയിലുള്ള Bogus caste ഉണ്ടാകാനുള്ള സാധ്യതയുണ്ട്. Bogus caste ഇല്ലാതാക്കാൻ വേണ്ടിയുള്ള നല്ല ഇടപെടൽ

നടത്തിയിട്ടുണ്ട്. അതിനുവേണ്ടിയാണ് നരവംശശാസ്ത്രപഠനത്തിന്റെയും മറ്റുമുള്ള എല്ലാ സംവിധാനങ്ങളും രൂപീകരിച്ചിട്ടുള്ളത്. KIRTADS അക്കാര്യത്തിൽ നല്ല രീതിയിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അർഹതയുള്ള മുഴുവൻ ആളുകൾക്കും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ബയോമെട്രിക് കാർഡ് പോലെ വൺ ടൈമായി കൊടുക്കാൻ കഴിയുമോയെന്ന കാര്യവും ആലോചിക്കണം. പലർക്കും ജില്ല മാറിക്കഴിഞ്ഞാൽ ജാതി സർട്ടിഫിക്കറ്റ് കിട്ടാൻ പ്രയാസമായി വരുന്നുണ്ട്. ആ രീതിയിലുള്ള പ്രയാസങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. നിയമമനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ ഈ വിഭാഗങ്ങളിലെ മുഴുവൻ ആളുകൾക്കും ജാതി സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയില്ല. സംസ്ഥാന രൂപീകരണത്തിനുശേഷം അതാത് സംസ്ഥാനങ്ങളിൽ, 1950-നുശേഷം ഏത് സംസ്ഥാനത്താണോ ഉള്ളത് പ്രസ്തുത സംസ്ഥാനത്തെ ജാതി സർട്ടിഫിക്കറ്റാണ് അവർക്ക് ലഭ്യമാകുന്നത്. അതിന്റെയൊരു പ്രശ്നം നിലനില്ക്കുന്നുണ്ട്. അത്തരം പ്രശ്നം പരമാവധി പരിഹരിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്ക് കൺവെർട്ട് ചെയ്ത ആളുകൾക്ക് ആനുകൂല്യം ലഭിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം KIRTADS-ന്റെ പഠനത്തിന് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പിന്നാക്ക കമ്മീഷനും അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. പിന്നാക്ക കമ്മീഷൻ, KIRTADS തുടങ്ങിയവ പഠനം അതിവേഗത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരുപാട് കാലതാമസമുണ്ടാകുന്ന സ്ഥിതി നിലവിലുണ്ട്. 2-3 വർഷത്തെ കാലതാമസമുണ്ടാകുന്നു. KIRTADS-ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് Bogus caste, ജാതി തർക്കം, വ്യാജ സർട്ടിഫിക്കറ്റ് ഉണ്ടാക്കുന്ന ആളുകളെ കണ്ടെത്താനും അർഹരായിട്ടുള്ള ആളുകൾക്ക് ഉടനടി ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചർച്ചയ്ക്കിടയിൽ മുൻ മന്ത്രി കൂടിയായ ഡോ. കെ. ടി. ജലീൽ വിദേശത്ത് ജോലി ലഭിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തണമെന്ന് പറയുകയുണ്ടായി. വകുപ്പ് നേരത്തെത്തന്നെ ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. ജോലിയുടെ ആവശ്യത്തിനുവേണ്ടി പരമാവധി ആളുകൾക്ക് വിദേശത്ത് പോകാൻ കഴിയുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ട്. ഈ വിഭാഗത്തിന് വേണ്ടത്ര സോഷ്യൽ ക്യാപിറ്റൽ ഇല്ലെന്ന പ്രശ്നം

നിലനില്ക്കുന്നുണ്ട്. കാരണം ഇവരെ കൊണ്ടുപോകാനുള്ള ഒരു സംവിധാനമില്ല. മറ്റ് വിഭാഗങ്ങളെപ്പോലെ ഇവരെ വിദേശത്തേയ്ക്ക് കൊണ്ടുപോകാനുള്ള ഒരു സോഷ്യൽ ക്യാപ്പിറ്റലില്ല. അതെല്ലാ മേഖലയിലും നമുക്ക് കാണാൻ കഴിയും. സാമൂഹിക മൂലധനത്തിന്റെ കുറവും ഈ പാവങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് തടസ്സമാണെന്ന് മനസ്സിലാക്കണം. മറ്റുള്ള ആളുകൾക്കെല്ലാം വലിയ രീതിയിലുള്ള സോഷ്യൽ ക്യാപ്പിറ്റൽ ലഭിക്കും. സോഷ്യൽ ക്യാപ്പിറ്റൽ എന്നത് മൂലധനമല്ല, വ്യത്യാസമുണ്ട്. ഞാൻ പറയുന്നത് സാമൂഹികമായ മൂലധനമുണ്ട്, അത് രൂപയായിട്ടുള്ളതല്ല. എല്ലാ ഭാഗത്തുനിന്നുമുള്ള സപ്പോർട്ടാണ് വേണ്ടത്. തീർച്ചയായും സോഷ്യൽ സപ്പോർട്ട് എല്ലാവർക്കും കൊടുക്കാൻ കഴിഞ്ഞാൽ നമുക്ക് കുറേയധികം ആളുകളെ വിദേശത്ത് കൊണ്ടുപോകാൻ കഴിയും. അതെങ്ങനെ സാധ്യമാക്കാമെന്ന് നമുക്ക് പരിശോധിക്കാം. കഴിഞ്ഞ വർഷം മാത്രം 673 പേരെ വിദേശത്തേയ്ക്കയയ്ക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6.25 കോടി രൂപ അനുവദിച്ച് അവർക്ക് വിദേശത്ത് പോയി ജോലി നോക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. ആ രീതിയിൽ തന്നെ കാര്യങ്ങൾ ചെയ്തുപോകാൻ കഴിയുന്നുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, വിദേശത്ത് പഠനത്തിന് പോകുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം, അവരുടെ കയ്യിൽ സ്വന്തമായി മൂലധനമുണ്ടാകില്ല എന്നതാണ്; അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് അവരെ സഹായിക്കുന്നു. അവർക്ക് ലഭിക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം വിദ്യാഭ്യാസ ലോൺ ആണ്. ഇവർ എടുക്കുന്ന എല്ലാ വിദ്യാഭ്യാസ ലോണുകളിലും CIBIL score ഉണ്ടാകില്ലായെന്നതാണ് പ്രശ്നം; അപ്പോൾ തടസ്സം നേരിടും. അത്തരം കാര്യങ്ങളിൽ സർക്കാരിന്റെ ഒരു ഗ്യാരന്റി എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കാനുള്ള ഒരു ചർച്ചയ്ക്ക് തുടക്കം കുറിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾത്തന്നെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശത്ത് പഠിക്കാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നുണ്ട്. ഏകദേശം ഒരു കുട്ടിക്ക് 25 ലക്ഷം രൂപ മുടക്കിയാണ് വിദേശത്ത് പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നത്. ചരിത്രം എടുത്ത് പരിശോധിച്ചാൽ അറിയാൻ സാധിക്കും. കഴിഞ്ഞ ഒരുവർഷംകൊണ്ട് ഏകദേശം 175 കുട്ടികൾക്ക് വിദേശത്തുപോയി ഉന്നതപഠനം നടത്താനുള്ള

സൗകര്യം ഈ ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവർ ലോൺ എടുത്ത് പാപ്പരാകേണ്ട ആവശ്യമില്ല. ആ കാര്യത്തിൽ ഗവൺമെന്റ് തന്നെ നേരിട്ടുകൊടുക്കുകയാണ്. പഠനത്തെക്കുറിച്ചും മറ്റ് കാര്യങ്ങളെക്കുറിച്ചും ഇവിടെ നല്ലതുപോലെ പറഞ്ഞു. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂർ മണ്ഡലത്തിലെ ആതവനാട് പഞ്ചായത്തിൽ ആദിവാസി വിഭാഗത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള 10 ഏക്കറോളംവരുന്ന സ്ഥലമുണ്ട്. അങ്ങാടിയോട് ചേർന്നുകിടക്കുന്ന കണ്ണായ സ്ഥലമാണ്. അത് വർഷങ്ങളായി വെറുതെ കിടക്കുകയാണ്. അവിടെ ആദിവാസി വിഭാഗത്തിനും പിന്നോക്കവിഭാഗത്തിനുംകൂടി പഠിക്കാവുന്ന തരത്തിൽ നല്ല വിദ്യാഭ്യാസം കൊടുക്കാൻ പര്യാപ്തമായ രീതിയിൽ കായിക സ്കൂളും കായിക കോളേജും ഉൾപ്പെടെയുള്ള ഒരു വിദ്യാഭ്യാസ കോംപ്ലക്സ് സ്ഥാപിക്കാനുള്ള സാഹചര്യമുണ്ടായാൽ വളരെ ഗുണപ്രദമായിരിക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞ കാര്യം നേരത്തെ നമ്മൾ പരിശോധിച്ചതാണ്. അതിൽ ചെറിയൊരു തടസ്സമുണ്ട്. ആ സ്ഥലം മറ്റുപല ആവശ്യങ്ങൾക്കും

ഉപയോഗപ്പെടുത്താൻവേണ്ടി നേരത്തെ തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം മാറ്റിയതിനുശേഷമേ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. ഇപ്പോൾ അത് പ്രായോഗികമായി നടപ്പിലാക്കുന്നതിന് പ്രയാസമുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അംബേദ്കർ കോളനി, സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നിവയുടെ കാര്യത്തിൽ ഒരുപാട് ഡിലേ വരുന്നുണ്ട്. ഗവൺമെന്റ് ഏജൻസികളാണ് ചെയ്യുന്നത്. 2017-ൽ ശ്രീ. എ. കെ. ബാലൻ അനുവദിച്ച പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഏത് ഗവൺമെന്റ് വരുമ്പോഴും പദ്ധതികൾ നീണ്ടുപോകുന്ന ഒരു സാഹചര്യമുണ്ട്. എനിക്ക് ചോദിക്കാനുള്ളത്, നിലവിൽ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ മുൻകാലത്ത് എസ്.സി. വിഭാഗങ്ങൾക്കുണ്ടായിരുന്ന മുൻഗണനാക്രമം അട്ടിമറിച്ചുകൊണ്ടുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. അതിന് മാറ്റം വരുത്തിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്; അത് പഴയ രീതിയിലാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, രാവിലെ ശ്രീമതി സി. കെ. ആശയുടെ ചോദ്യത്തിന് ഞാൻ ഇതിന്റെ മറുപടി പറഞ്ഞിരുന്നു. ദേവസ്വം റിക്രൂട്ട്മെന്റ്

ബോർഡ് അതിന്റെ റിസർവേഷൻ പ്രോസ്സസിൽ ചെറിയമാറ്റം വരുത്തിയിരുന്നു. അത് സാധാരണ ചെയ്യാറില്ല. പി.എസ്.സി.-യിലെ അതേ പ്രോസ്സസ് തന്നെയാണ് ഇവിടെയും അവലംബിക്കേണ്ടത്. എന്നാൽ അതിൽ ചെറിയൊരു മാറ്റം വന്നിട്ടുണ്ട്. ഓപ്പൺ കോമ്പറ്റീഷനിൽ ഒ.സി. അതുകഴിഞ്ഞാൽ രണ്ടാമത്തേത് ഈഴവ റിസർവേഷൻ, മൂന്നാമത്തേതും ഒ.സി.യാണ് വരേണ്ടത്. ആ ഒ.സി.ക്ക് പകരം EWS ആയിട്ടാണ് വന്നിട്ടുള്ളത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, അത് എങ്ങനെ വന്നു; അത് പരിശോധിക്കണം. (.....മൈക്ക് ഓഫ്....)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈഴവ കഴിഞ്ഞാൽ ഒ.സി.-യാണ് വരേണ്ടത്. ഒന്നാമത്തേത് ഒ.സി., രണ്ടാമത്തേത് ഈഴവ റിസർവേഷൻ, മൂന്നാമത്തേത് ഒ.സി., നാലാമത്തേത് എസ്.സി.,ഇങ്ങനെയാണ് വരുന്നത്. അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, EWS വന്നതിനുശേഷം പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നു അല്ലെങ്കിൽ മറ്റ് വിഭാഗത്തിന് കൊടുക്കുന്നു എന്നുള്ള വ്യാജപ്രചരണങ്ങൾ

വലതുപക്ഷ ദളിത് വിഭാഗത്തിൽപ്പെടുന്ന ആളുകൾ വ്യാപകമായി നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ 'Economically Weaker Section' എന്ന സംവിധാനം വന്നതിനുശേഷം നിലവിൽ പട്ടികജാതിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണത്തിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ എന്നുള്ള കാര്യം വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്, പിന്നാക്ക വിഭാഗങ്ങൾക്ക് അല്ലെങ്കിൽ മറ്റ് പാവപ്പെട്ട ആളുകൾക്ക് കിട്ടുന്ന ഒരു ആനുകൂല്യങ്ങളും മറ്റൊരാൾ തട്ടിയെടുക്കാതിരിക്കാൻവേണ്ടിയുള്ള നല്ല കരുതലാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് കഴിഞ്ഞ ദിവസം റിവ്യൂ മീറ്റിംഗ് നടത്തിയത്. ഏതെങ്കിലും വിഭാഗത്തിന് ടി വിഭാഗത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനുള്ള അവസരം ഈ ഗവൺമെന്റ് ഉണ്ടാക്കില്ലായെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

പഠനവും അതുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളുംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ

വിഭാഗത്തിന് ഏറ്റവും നന്നായി വിദ്യാഭ്യാസം കൊടുത്തുകൊണ്ടാണ് ഇവരെ ഉയർത്തിയെടുക്കാൻ കഴിയുന്നത്. മറ്റ് ആനുകൂല്യങ്ങൾ മാത്രം കൊടുത്താൽ അവർ രക്ഷപ്പെടാൻ പോകുന്നില്ലായെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അറിയാം. അതുകൊണ്ടാണ് നമ്മൾ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണമെന്ന് തീരുമാനിച്ചത്. അതുകൊണ്ടാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചത്.

സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം 2015-16, 2016-17-ൽ ആരംഭിക്കേണ്ടിയിരുന്ന ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ (EMRS) അട്ടപ്പാടിയിൽ ആരംഭിച്ചു. 30 ആൺകുട്ടികളും 30 പെൺകുട്ടികളുമടക്കം 60 കുട്ടികൾക്കാണ് CBSE Syllabus അനുസരിച്ച് പഠിക്കാനുള്ള സൗകര്യം അവിടെ ഒരുക്കിയിരിക്കുന്നത്. അതുപോലെതന്നെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് EMRS-ന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. അവിടെയും 60 കുട്ടികൾക്ക് CBSE Syllabus-ൽ പഠിക്കാനും ഏറ്റവും നല്ല സ്പോർട്സ് താരങ്ങളായി വളരാനും സഹായിക്കുന്ന സ്കൂൾ കൂടിയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ അവരെ കായികരംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞു. അങ്ങനെയാണ്

കായികരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടന്നത്. മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയാൻ അവരെ കായികരംഗത്തേയ്ക്ക് കൊണ്ടുവരണമെന്നുള്ള നിർദ്ദേശം ഇവിടെ വരികയുണ്ടായി. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പോർട്സ് മന്ത്രിയും ഞാനും ചർച്ച നടത്തുകയുണ്ടായി. എല്ലാ ആദിവാസി ഊരുകളും കേന്ദ്രീകരിച്ചുകൊണ്ട് അവിടെയുള്ള സ്ഥലങ്ങളും ഫോറസ്റ്റിന്റെ സ്ഥലവുംകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടെയെല്ലാം ചെറിയ കളിക്കളങ്ങൾ രൂപീകരിക്കാനാണ് തീരുമാനിക്കുന്നത്. അതോടൊപ്പം സ്പോർട്സ് കൗൺസിലിന്റെയും ലോക്കൽ പഞ്ചായത്തിന്റെയും സഹായത്തോടുകൂടി എല്ലാ പ്രദേശങ്ങളിലും കായിക പരിപാടികൾ സംഘടിപ്പിക്കണം. യൂണിഫോം ഫോഴ്സിലേയ്ക്കുള്ള ആളുകളെ തെരഞ്ഞെടുത്ത് പരിശീലനം കൊടുക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുന്നതോടുകൂടി ട്രൈബൽ ഏരിയായിലെ കുട്ടികളുടെ കായികമായ കഴിവ് വളർത്താൻ കഴിയും. കൂടാതെ, അവർ ചെന്നുപെട്ടുപോകുന്ന പല ആപത്തുകളിൽ നിന്നും അവരെ രക്ഷിക്കാനും കഴിയും. ആ രീതിയിലുള്ള ഇടപെടൽകൂടി നടത്തുന്നുണ്ട്.

ഞാൻ പറഞ്ഞുവരുന്നത്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള ഇടപെടലുകൾ സംബന്ധിച്ചാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഈ വർഷത്തെ ഒരു പ്രത്യേകതകൂടി ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ടതോടുകൂടി പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പ്രത്യേകിച്ചും എസ്.സി. പ്രീ-മെട്രിക് ഹോസ്റ്റലുകളിലും എസ്.സി. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്നുള്ളത് കണ്ടെത്തിയിട്ടുണ്ട്. അതിനുകാരണം പൊതുവിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെട്ടു എന്നുള്ളതാണ്. പൊതുവിദ്യാഭ്യാസത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെട്ടു; പഠനനിലവാരം മെച്ചപ്പെട്ടു; വീടിനടുത്തുതന്നെ കുട്ടികളെ പഠിപ്പിക്കാൻ രക്ഷാകർത്താക്കൾ താല്പര്യം കാണിക്കുന്ന സ്ഥിതി വന്നു. പൊതുവിദ്യാഭ്യാസരംഗത്ത് ഇന്ന് മെച്ചപ്പെട്ടതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടാകണം. നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് കുട്ടികൾ വരില്ല. കാരണം പൊതുവിദ്യാഭ്യാസത്തിൽ അവർക്ക് ഇതിനേക്കാൾ നല്ല വിദ്യാഭ്യാസം ലഭിക്കുന്ന സ്ഥിതിയുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ഇന്നുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെടുത്തിയാൽ മാത്രമേ ആ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയൂ. ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉള്ള മണ്ഡലങ്ങളിലെയും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശ്രദ്ധിക്കണമെന്ന് പറഞ്ഞു. അങ്ങനെ ശ്രദ്ധിച്ചപ്പോൾ കൂടുതൽ മാറ്റമുണ്ടാകുന്നുണ്ട്.

ഉദാഹരണത്തിന്, EMRS കാസർഗോഡ് ഉദ്ഘാടനം ചെയ്ത കാര്യം ഞാൻ നേരത്തെ ഇവിടെ പറഞ്ഞു. അവിടെ ആദ്യത്തെ ട്രയൽ എടുത്തപ്പോൾ 4 കുട്ടികളാണ് വന്നത്. മുൻ റവന്യൂ വകുപ്പുമന്ത്രിയും സ്ഥലം എം.എൽ.എ.-യുമായ ബഹുമാനപ്പെട്ട ശ്രീ. ഇ. ചന്ദ്രശേഖരന്റെ ഇടപെടൽകൂടി ഉണ്ടായപ്പോൾ 56 കുട്ടികളാണ് രണ്ടാഴ്ചകൊണ്ട് അവിടെ എത്തിയത്. ആ രീതിയിൽ ഓരോ എം.എൽ.എ.-മാരും ഇടപെട്ടുകഴിഞ്ഞാൽ നിലവിലുള്ള മോഡൽ സ്കൂളുകളെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. മോഡൽ സ്കൂളുകളെ കൂടുതൽ മെച്ചപ്പെടുത്താൻ സാമ്പത്തികമായിട്ടുള്ള എല്ലാ സഹായവും ഗവൺമെന്റ് ചെയ്യുന്നുണ്ട്. എല്ലാ മോഡൽ സ്കൂളുകളെയും ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്താൻവേണ്ടിയുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എം.എൽ.എ.-മാരുടെ എല്ലാ സഹായവും

ഉണ്ടെങ്കിൽ ഓരോ മോഡൽ സ്കൂളും കൂടുതൽ മെച്ചപ്പെടുത്താം. അവരെ വിദ്യാഭ്യാസത്തിലൂടെ കൂടുതൽ മെച്ചപ്പെടുത്താമെന്നുള്ള നയം നടപ്പിലാക്കാം. അതുവഴി മാത്രമാണ് ആദിവാസി-ദളിത് ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്താൻ കഴിയുകയുള്ളൂ. അവർക്ക് മെച്ചപ്പെട്ട പഠനം, തൊഴിൽ, വരുമാനം അതെല്ലാം ഉണ്ടാക്കിയെടുക്കാനുള്ള ഇടപെടലാണ് നടത്തുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സി.ബി.എസ്.ഇ.-യുടെ റിസൾട്ട് ഇതുവരെ വന്നിട്ടില്ല. പ്ലസ് വൺ അപേക്ഷയ്ക്കുള്ള അവസാനദിവസം ഇന്നാണെന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിപ്പ് നൽകിയത്. .....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ...... ഇത് അങ്ങയോടുള്ള ചോദ്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അതിന് മറുപടി പറയേണ്ടത്. എന്തായാലും പലസ്ഥലത്തും ഇത് ആവശ്യപ്പെട്ടിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. ഇനി മൂന്ന് ബില്ലുകളുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

പ്ലസ് വൺ-ന്റെ അപേക്ഷ കൊടുക്കേണ്ട അവസാനതീയതി 18-ാം തീയതി ആയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്. CBSE-യിലെ വിദ്യാർത്ഥികൾ ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. 21-ാം തീയതിവരെ കേസ് മാറ്റിവച്ചിരിക്കുകയാണ്. 21-ാം തീയതി വരെ CBSE-യിലെ കുട്ടികൾ അപേക്ഷ നൽകിയാൽ സ്വീകരിക്കണമെന്ന് കോടതിയുടെ ഡയറക്ഷനുണ്ട്. 21-ാം തീയതി അന്തിമവിധി വരും.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിലേയ്ക്കും മെച്ചപ്പെട്ട തൊഴിലിലേയ്ക്കും മെച്ചപ്പെട്ട വരുമാനത്തിലേയ്ക്കും കടന്നുപോകാൻ സാധിക്കണം. മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിച്ചാലും ആ മേഖലയിൽതന്നെ നിൽക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. അതുകൊണ്ട് എഞ്ചിനീയറിംഗ് കഴിഞ്ഞ ഏകദേശം 500 കുട്ടികളെ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നമ്മുടെ ലോക്കൽ ബോഡിയുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരെ രണ്ട് വർഷത്തേയ്ക്കാണ് നിയമിക്കുന്നത്. പോളിടെക്നിക്, ഐ.ടി.ഐ. കഴിഞ്ഞ കുട്ടികൾക്ക് ഒരു മാസം 18,000/- രൂപയും ബി.ടെക് കഴിഞ്ഞ കുട്ടികൾക്ക് 20,000/- രൂപയും

ഓണറേറിയമായി നൽകും. രണ്ടുവർഷം കൊണ്ട് അവർക്ക് അവരുടെ മേഖലയിൽ നല്ല എക്സ്പീരിയൻസ് ലഭിക്കും. അങ്ങനെ എക്സ്പീരിയൻസ് നേടിക്കഴിഞ്ഞാൽ അവർക്ക് ഉയർന്ന മറ്റ് മേഖലയിലേയ്ക്ക് പോകാൻ സാധിക്കും. മെഡിക്കൽ രംഗത്ത്, പാരാ മെഡിക്കൽ കോഴ്സും ബി.എസ്.സി. നഴ്സിംഗും ജനറൽ നഴ്സിംഗും കഴിഞ്ഞ് നിൽക്കുന്നവരെ തെരഞ്ഞെടുത്ത് പി.എച്ച്.സി.കൾ മുതൽ മെഡിക്കൽ കോളേജ് വരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവർക്ക് മാസം സ്റ്റൈപന്റ്/ഓണറേറിയം പട്ടികജാതി വികസന വകുപ്പ് നൽകും. പഠനത്തിനുശേഷം തൊഴിൽ ലഭിക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. പ്രൊഫഷണൽ കോഴ്സ് പഠിച്ച് വെറുതെ നിൽക്കുന്ന കുട്ടികൾക്ക് അവർ പഠിച്ചതിനനുസരിച്ച് തൊഴിൽ ലഭിക്കാൻ സാധിക്കുന്ന തരത്തിൽ പരിശീലന പരിപാടികൾ നൽകുകയാണ്. പലപ്പോഴും പല സ്ഥാപനങ്ങളിലും പോകുമ്പോൾ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാതെ വരുമ്പോൾ അവർക്ക് ജോലി ലഭിക്കില്ല. ഈ രീതിയിൽ ഒരു പരിപാടി സംഘടിപ്പിക്കുന്നതോടുകൂടി അവർക്കെല്ലാവർക്കും പരിശീലനം ലഭിച്ചുവെന്ന സർട്ടിഫിക്കറ്റ് ലഭിക്കുകയും അതോടുകൂടി എവിടെയും പോകാനുള്ള അവസരം ലഭിക്കുകയും ചെയ്യും.

വർത്തമാനകാലഘട്ടത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ജനവിഭാഗങ്ങളിലെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ എന്താണോ വേണ്ടത് അക്കാര്യങ്ങൾ ചെയ്തുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

കേന്ദ്ര ഗവൺമെന്റിനെ പോലെ ദളിത് വിരുദ്ധ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എന്ന് ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ പറയുകയുണ്ടായി. അത് ചരിത്രത്തോട് കാണിക്കുന്ന അനീതിയായിരിക്കും. അങ്ങനെ പറഞ്ഞത് പിൻവലിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സമൂഹത്തിൽ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താനും അവരെ മുന്നോട്ട് നയിക്കാനും എല്ലാവരുടെയും സഹായസഹകരണം ഉണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, കുറച്ചുകാര്യങ്ങൾക്കുകൂടി മറുപടി പറയാനുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇന്നത്തെ ധനാഭ്യർത്ഥനയിൽ

ന്യൂനപക്ഷക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥനയുണ്ട്. അതിനെക്കുറിച്ച് ഇന്നത്തെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചിട്ടുണ്ട്. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഇല്ലാതിരുന്നതുകൊണ്ട് അതുംകൂടി ശ്രദ്ധിക്കാൻ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ടാകുമെന്നാണ് കരുതിയത്. അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നും പ്രതീക്ഷിച്ചു. അതുമായി ബന്ധപ്പെട്ട് കെ. പി. എ. മജീദ് സാഹിബ് അടക്കമുള്ളവർ വളരെ കൃത്യമായി കുറച്ച് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് ഈ ഡിമാൻഡിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പാണ്. അതിന് മറുപടിയില്ലാതെ പോകുന്നത് മോശമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് ധനാഭ്യർത്ഥന പാസ്സാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇനി അതിനെക്കുറിച്ച് ചർച്ചയില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കെ.പി.എ. മജീദ് സാഹിബ് പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ. ടി. വി. ഇബ്രാഹിം, എ. കെ.എം. അഷ്റഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. എ. നെല്ലിക്കുന്ന്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ.പി.എ. മജീദ്, പി. കെ. ബഷീർ, പി. സി. വിഷ്ണുനാഥ്, സി.ആർ. മഹേഷ്, സജീവ് ജോസഫ്, പി.ഉബൈദുള്ള, കെ.ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽകുമാർ, അബ്ദുൽ ഹമീദ് പി., യു. എ. ലത്തീഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പട്ടികജാതി,പട്ടികവർഗ്ഗ, മറ്റു പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ;

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ

എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ച ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ;

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. ഡെപ്യൂട്ടി സ്പീക്കർ: ധനാഭ്യർത്ഥനകൾ ശബ്ദവോട്ടോടുകൂടി പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന

സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ;

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.